# പതിനഞ്ചാം കേരള നിയമസഭ

# പന്ത്രണ്ടാം സമ്മേളനം

2024 ഒക്ടോബർ 11, വെള്ളി

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--384]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| കൃഷി വകുപ്പ് മന്ത്രി | : 1578 മുതൽ 1662 വരെ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി | : 1663 മുതൽ 1789 വരെ |
| ഗതാഗത വകുപ്പ് മന്ത്രി | : 1790 മുതൽ 1869 വരെ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി | : 1870 മുതൽ 1937 വരെ |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി | : 1938 മുതൽ 1961 വരെ |

**ഇരിക്കൂർ മണ്ഡലത്തിലെ കൃഷിഭവനുകളുടെ നവീകരണം**

1578 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കുമോ; ഇവിടുത്തെ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റുന്നതിന് എന്തെല്ലാം പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

**കോൾപടവുകളിൽ സബ്മേഴ്സിബിൾ പമ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്**

1579 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ കോൾപടവുകളിൽ സബ്മേഴ്സിബിൾ പമ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രവൃത്തിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

**കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾ**

1580 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; നിലവിൽ പ്രസ്തുത ആനുകൂല്യങ്ങളിൽ ഏതൊക്കെ കുടിശികയായിട്ടുണ്ടെന്ന് അറിയിക്കുമോ; കുടിശികയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് തുക സഹിതം വ്യക്തമാക്കുമോ?

## അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ

1581 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് കർഷകർക്ക് അത്യുല്പാദന ശേഷിയുള്ള വിത്തുകൾ, തൈകൾ എന്നിവ ലഭ്യമാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## വിളപരിപാലന മേഖലയിലെ പദ്ധതിയുടെ പുരോഗതി

1582 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപരിപാലന മേഖലയ്ക്കായി ഈ വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട് ; എത്ര തുകയാണ് ചെലവഴിച്ചത്; പ്രസ്തുത പദ്ധതിയുടെ പുരോഗതി എന്താണ്; വിശദമാക്കാമോ?

## ഭക്ഷ്യോല്പാദനത്തിലെ വർദ്ധനവ്

1583 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യോല്പാദനത്തിൽ എത്രത്തോളം വർദ്ധനവ് വന്നിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്

1584 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ കർഷകത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങളുടെ കുടിശിക അടിയന്തരമായി വിതരണം ചെയ്യുന്നതിനും അവ കാലോചിതമായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബോർഡിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തി പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**കർഷക കടാശ്വാസ കമ്മീഷൻ**

1585 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കർഷക കടാശ്വാസ കമ്മീഷൻ അവാർഡ് ചെയ്ത എത്ര കോടി രൂപയുടെ കടാശ്വാസം നിലവിൽ കുടിശിക ആയിട്ടുണ്ട്; ഇപ്രകാരം കടാശ്വാസം ലഭിക്കാനുള്ള കർഷകരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

**പരവൂർ സ്മാർട്ട് കൃഷിഭവൻ നിർമ്മാണം**

1586 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗരസഭയിലെ സ്മാർട്ട് കൃഷിഭവന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത സ്മാർട്ട് കൃഷി ഭവൻ കെട്ടിടനിർമ്മാണത്തിനുണ്ടാകുന്ന കാലതാമസത്തിനു കാരണമെന്താണെന്നും എത്രയും വേഗം കൃഷി ഭവൻ നിർമ്മാണം പൂർത്തിയാക്കാനാകുമോയെന്നും വ്യക്തമാക്കാമോ?

**ശീതീകരണ സംഭരണ കേന്ദ്രങ്ങൾ**

1587 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ നിയോജക മണ്ഡലങ്ങളിലും കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിക്കുന്നതിനുവേണ്ടി ശീതീകരണ സംഭരണശാലകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ;

(ബി) ആദ്യഘട്ടത്തിൽ ഏതൊക്കെ ജില്ലയിലാണ് ശീതീകരണ സംഭരണകേന്ദ്രങ്ങൾ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കാർഷിക മേഖലയുടെ സമഗ്ര പുരോഗതി**

1588 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ സമഗ്ര പുരോഗതിക്കായി പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കാർഷിക മേഖല പുനരുദ്ധരിക്കുന്നതിന് പ്രത്യേക കേന്ദ്ര പദ്ധതി ആവശ്യപ്പെട്ടുമോ; എങ്കിൽ അതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കേരളാഗ്രോ എക്സ്പോ പദ്ധതി

1589 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഗ്രോ എക്സ്പോ പദ്ധതിയിലൂടെ കർഷകർക്ക് എന്തെല്ലാം ഗുണങ്ങളാണ് ലഭിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതി ഏതെങ്കിലും ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## കേര പദ്ധതിയുടെ പുരോഗതി

1590 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ ലോകബാങ്ക് പിന്തുണയോടെ നടപ്പാക്കുന്ന 'കേരള ക്ലൈമറ്റ് റസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ (KERA)' പദ്ധതിക്കായി എത്ര തുകയാണ് വകയിരുത്തിയത്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതിയുടെ പുരോഗതി എന്താണ്; വിശദമാക്കാമോ?

## ആർ.ഐ.ഡി.എഫ്. തുക ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ

1591 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്.) തുക ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ കൃഷിവകുപ്പ് മുഖാന്തരം നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്നും ഓരോന്നിനും ചെലവാക്കിയ തുകയും പ്രവർത്തികളുടെ തൽസ്ഥിതിയും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വരും വർഷങ്ങളിൽ എന്തെല്ലാം പ്രവർത്തികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദമാക്കുമോ?

## കൃഷിവകുപ്പ് സംഭരിക്കുന്ന വിളകളും തറവില ഉറപ്പാക്കലും

1592 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിവകുപ്പ് സംഭരിക്കുന്ന വിളകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് സർക്കാർ തറവില ഉറപ്പാക്കിയിട്ടുള്ള വിളകൾ ഏതെല്ലാമാണെന്നും ഏത് വർഷം മുതലാണ് തറവില ഉറപ്പാക്കിയിട്ടുള്ളതെന്നും അറിയിക്കാമോ; ഇപ്രകാരം തറവില വർദ്ധിപ്പിച്ചതിന്റെ നാൾവഴി വ്യക്തമാക്കാമോ;

(സി) സർക്കാർ പുതുതായി തറവില ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന വിളകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) സർക്കാർ തറവില നിശ്ചയിച്ച് സംഭരിച്ചിരുന്നതും പിന്നീട് തറവില നല്കാതെ പോയതുമായ വിളകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; ഇനിമുതൽ തറവില

ഉറപ്പാക്കി ഈ വിളകളെ സംഭരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

**ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൂൺ കൃഷി**

1593 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൂൺ കൃഷി നടപ്പാക്കുന്നതിന് ആലോചനയുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം പഞ്ചായത്തുകളെയാണ് തെരെഞ്ഞെടുത്തിട്ടുള്ളത് എന്നും, പദ്ധതിയുടെ നടത്തിപ്പിനായി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നും അറിയിക്കാമോ;

(ബി) കൂടുതൽ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കാർഷികോല്പന്നങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ പദ്ധതി**

1594 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പാദനക്ഷമത ഉയർത്തുക എന്നത് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രധാനപ്പെട്ടതായതിനാൽ ഇതിനായി സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കുമോ;

(ബി) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്തെ പ്രധാന കാർഷികോല്പന്നങ്ങളായ നെല്ല്, നാളികേരം, പച്ചക്കറികൾ എന്നിവയുടെ ഉല്പാദനക്ഷമതയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്; വിശദാംശം വ്യക്തമാക്കാമോ?

**കാർഷിക വികസന പദ്ധതികൾ**

1595 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാർഷിക വികസന വകുപ്പിൽ നടപ്പിലാക്കിയ കാർഷിക വികസന പദ്ധതികൾ ഏതൊക്കെ; ഇവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കിയത് ഏതൊക്കെ വില്ലേജുകളിലാണ്; ഇതിന്റെ ഫലമായി വിളവെടുപ്പിൽ ഉണ്ടായ വ്യത്യാസം രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) 2016 മുതൽ നെല്ല്, തേങ്ങ, പച്ചക്കറി, പഴവർഗ്ഗങ്ങൾ തുടങ്ങിയവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ; ഇതിന്റെ ഭാഗമായി

ഈ കൃഷിയിൽ വളർച്ച ഉണ്ടായിട്ടുണ്ടോ; ഓരോ വർഷവും ഈ മേഖലയിൽ വന്ന വളർച്ചാതോത് വ്യക്തമാക്കാമോ?

**ആലത്തൂർ മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പദ്ധതി**

1596 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്.) പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ കാർഷിക മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തികൾക്ക് ചെലവായ തുകയും അവയുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ;

(ബി) ആലത്തൂർ മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

**കേര പദ്ധതി**

1597 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ കാർഷിക മേഖലയുടെ വാണിജ്യവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനും കേര എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) ഏതൊക്കെ ഘടകങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് വിശദമാക്കാമോ?

**വടക്കാഞ്ചേരി മണ്ഡലത്തിൽ ആർ.കെ.വി.വൈ. പ്രൊപ്പോസൽ**

1598 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ തെക്കുംകര ഗ്രാമപഞ്ചായത്തിലെ കൊളത്താശ്ശേരി, വാഴാനി, അകമല, ചേപ്പലക്കോട്, കുഴിയോട് എന്നീ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗ ശല്യം തടയുന്നതിന് കൃഷിവകുപ്പ് മുഖേന നടത്തുന്ന പദ്ധതികളിൽ രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലിൽ പ്രസ്തുത പ്രദേശം ഉൾപ്പെടുത്തി സോളാർ ഫെൻസിങ് നിർമ്മിക്കുന്നതിനുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആർ.കെ.വി.വൈ. തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**അഗ്രിപാർക്ക് പദ്ധതി**

1599 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്കും കാർഷിക മേഖലയ്ക്കും പുതിയ ഉണർവും പുത്തൻ സാധ്യതകളും അവസരങ്ങളും ലഭ്യമാക്കാൻ ലക്ഷ്യമിട്ട് അത്യാധുനിക സൗകര്യങ്ങളോടുകൂടിയ അഗ്രിപാർക്ക് സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രദർശന സെന്റർ, അഗ്രി ടവർ എന്നിവ ഒരുക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രാദേശിക കലാകാരൻമാർ ഉൾപ്പെടെയുള്ളവർക്ക് പ്രോത്സാഹനം നൽകി സന്ദർശകരെ ആകർഷിച്ച് വിനോദസഞ്ചാരം വർദ്ധിപ്പിക്കുക എന്നതുകൂടി ഈ പദ്ധതിയുടെ ലക്ഷ്യമായി വിഭാവനം ചെയ്തിട്ടുണ്ടോ; പദ്ധതിയുടെ മറ്റ് ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

**<u>കൈപ്പമംഗലം മണ്ഡലത്തിലെ വിദ്യാലയതല പച്ചക്കറി കൃഷിത്തോട്ടം പദ്ധതി</u>**

1600 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ വിദ്യാലയ തല പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് കൃഷിഭവൻ മുഖേന ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) കൈപ്പമംഗലം മണ്ഡലത്തിലെ തനത് വിദ്യാഭ്യാസ പദ്ധതിയായ അക്ഷര കൈരളിയുടെ ഭാഗമായ തളിർ പദ്ധതിയുമായി ബന്ധപ്പെടുത്തി വിദ്യാലയ പച്ചക്കറി കൃഷിത്തോട്ടം ആവിഷ്കരിക്കാൻ വേണ്ട എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(സി) 2023-24 അധ്യയന വർഷത്തിൽ കൈപ്പമംഗലം മണ്ഡലത്തിൽ ഏതെല്ലാം വിദ്യാലയങ്ങളിലാണ് വിദ്യാലയ തല പച്ചക്കറി കൃഷിത്തോട്ടം പദ്ധതി ആവിഷ്കരിച്ചത്; കണക്ക് ലഭ്യമാക്കാമോ?

**<u>നഗര കൃഷി</u>**

1601 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ച് വരുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; വ്യക്തമാക്കാമോ?

**<u>ജൈവകൃഷി</u>**

1602 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യോല്പാദനത്തിനായി ജൈവകൃഷിയിലൂന്നിയുള്ള കാർഷികനയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പൂർണ്ണമായും ജൈവരീതിയിൽ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങളുടെ സംഭരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നൂതന സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ ?

## സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി

1603 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷിയിൽ നിന്നും കർഷകർ പിന്തിരിയുന്നുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജൈവകൃഷി കർഷകർക്ക് വേണ്ടത്ര പ്രോത്സാഹനം സർക്കാരിൽ നിന്നും ലഭിക്കുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ജൈവകൃഷിയുടെ പുരോഗതിയുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ച റിപ്പോർട്ടിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ കർമ്മ പദ്ധതികൾ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## ജൈവ കാർഷിക മിഷൻ

1604 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ കാർഷിക മിഷൻ വഴി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) മിഷൻ മുഖേന ഏതെല്ലാം കൃഷികളാണ് ചെയ്തുവരുന്നത്; എത്ര ഹെക്ടറിലാണ് കൃഷി ചെയ്യുന്നത്; വിശദമാക്കാമോ ?

## ജൈവകൃഷി പ്രോത്സാഹനം

1605 **ശ്രീ. എ. സി. മൊയ്തീൻ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിത ഭക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ജൈവകൃഷി പ്രോത്സാഹനത്തിനായി പ്രത്യേക മിഷന് രൂപം നൽകിയിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശം നൽകുമോ;

(സി) കാർഷിക വിളകളുടെ മൂല്യവർദ്ധനവ്, ഓർഗാനിക് ബ്രാൻഡിംഗ് എന്നിവ വിപുലപ്പെടുത്തുന്നതിനായി സ്വീകരിച്ചു വരുന്ന നടപടി വിശദമാക്കുമോ;

(ഡി) വ്യാജ ജൈവവളങ്ങളും ജൈവ കാർഷികോല്പന്നങ്ങളും കണ്ടെത്തുന്നതിനായി ഫലപ്രദമായ സംവിധാനം ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## കർഷകരെ ജൈവകൃഷിയിലേക്ക് ആകർഷിക്കാനുള്ള പദ്ധതികൾ

1606 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ വന്യമൃഗങ്ങളുടെ ആക്രമണം, ജൈവകൃഷിയുടെ ചെലവേറുന്നത്, ഉല്പാദനക്ഷമത കുറയുന്നത് എന്നീ കാരണങ്ങളാൽ ജൈവകൃഷി രീതിയിൽ നിന്നും വ്യാപകമായി പിന്തിരിയുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കൂടുതൽ കർഷകരെ ജൈവകൃഷിയിലേക്ക് ആകർഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് സർക്കാർ ഇപ്പോൾ നടപ്പാക്കി വരുന്നത്; എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## സുരക്ഷിത ഭക്ഷ്യോല്പാദനം

1607 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനോടൊപ്പം സംസ്ഥാനത്തെ പരിസ്ഥിതിയെയും മണ്ണിനെയും സംരക്ഷിച്ച് സുരക്ഷിത ഭക്ഷ്യോല്പാദനത്തിലേക്ക് നീങ്ങേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സുരക്ഷിത ഭക്ഷ്യോല്പാദനത്തിനായി ശാസ്ത്രീയ ജൈവകൃഷി പ്രചരിപ്പിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## വിഷരഹിത പച്ചക്കറി

1608 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് കർഷകർക്ക് നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) ഒരു വർഷം എത്ര ടൺ പച്ചക്കറിയാണ് ഉല്പാദിപ്പിക്കുന്നതെന്ന് വിശദമാക്കാമോ?

## പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

1609 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തു നടപടി സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉല്പാദനം വർദ്ധിച്ചിട്ടുണ്ടെങ്കിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള കൃഷി ഉല്പന്നങ്ങളുടെ ഇറക്കുമതിയിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## ആറ്റിങ്ങൽ മണ്ഡലത്തിലെ ഓണക്കാല പച്ചക്കറി ഉല്പാദനം

1610 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആറ്റിങ്ങൽ മണ്ഡലത്തിൽ നടത്തിയ ഓണക്കാലത്തെ പച്ചക്കറി ഉല്പാദനത്തിന്റെ വിശദാംശം കൃഷിഭവൻ അടിസ്ഥാനത്തിൽ ഉല്പന്നം തിരിച്ച് വിശദമാക്കുമോ?

## നെല്ല് ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കൽ

1611 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലുല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) തരിശു രഹിത ഗ്രാമപദ്ധതി കാസർഗോഡ് ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## നെല്ല് സംഭരണ നയം

1612 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 വർഷത്തെ നെല്ല് സംഭരണ നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കൊയ്ത്ത് ആരംഭിച്ചിട്ടും നെല്ല് സംഭരണ നയം പ്രഖ്യാപിക്കാത്തത് കർഷകരെ ആശങ്കയിലാക്കിയതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ കാലാവസ്ഥാ വ്യതിയാനങ്ങൾ കാരണം വിളവ് കുറഞ്ഞത് കർഷകരെ പ്രതിസന്ധിയിലാക്കുമെന്നതിനാൽ നെല്ലിന്റെ താങ്ങുവിലയും കൈകാര്യച്ചെലവും പ്രഖ്യാപിക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കാമോ;

(സി) 2022, 2023, 2024 വർഷങ്ങളിൽ കേന്ദ്രം നെല്ലിന്റെ താങ്ങുവിലയിൽ എത്ര വർദ്ധനവ് വരുത്തിയെന്നും ആയിനത്തിൽ കേരളം എത്ര വർദ്ധനവ് വരുത്തിയിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ കണക്കുകൾ സഹിതം വ്യക്തമാക്കുമോ;

(ഡി) സർക്കാർ നെല്ല് ഉല്പാദനത്തിലെ പ്രോത്സാഹനത്തുക വെട്ടിക്കുറച്ചിരുന്നോ; ഇതിന് ആധാരമായ സാഹചര്യങ്ങൾ വെളിപ്പെടുത്താമോ;

(ഇ) ഉല്പാദന ചെലവ് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കേന്ദ്ര വിഹിതത്തിനൊപ്പം സർക്കാർ പ്രൊഡക്ഷൻ ഇൻസന്റീവ് കൂടി നൽകി ഈ മേഖലയിലെ കർഷകരെ

സഹായിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>നെൽകൃഷിഭൂമിയുടെ ആധുനിക ഡാറ്റാബേസ്</u>**

1613 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ നെൽകൃഷി ഭൂമിയുടെയും ആധുനിക ഡാറ്റാബേസ് തയ്യാറാക്കുന്ന നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിൽ സ്ഥാപിക്കുന്ന റൈസ് പാർക്കുകൾ എന്നു മുതൽ പ്രവർത്തനക്ഷമമാകും; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളെയാണ് തരിശ്ശുരഹിത പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുള്ളത്; അവയുടെ വിശദമായ വിവരം ലഭ്യമാക്കാമോ?

**<u>നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ</u>**

1614 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

**<u>രാസവളങ്ങളുടെ വിതരണം</u>**

1615 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽക്കർഷകർക്ക് തൃശ്ശൂർ ജില്ലയിൽ ആവശ്യമായ രാസവളങ്ങൾ വിവിധ ഏജൻസികളിൽ നിന്നും യഥാസമയം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൃഷി ഭവനുകളോ സഹകരണ സംഘങ്ങളോ വഴി വളം, കീടനാശിനി എന്നിവ ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

**<u>വടക്കാഞ്ചേരി മണ്ഡലത്തിലെ കോൾ പാടങ്ങളിൽ പമ്പ് ഹൗസ് നിർമ്മാണം</u>**

1616 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ് (റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവേലോപ്മെന്റ് ഫണ്ട് ) ട്രാഞ്ചെ XXIX പദ്ധതിയിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ ഏതെല്ലാം കോൾ പടവുകളിലാണ് പുതിയ പമ്പുകൾ സ്ഥാപിക്കുന്നതെന്നും പമ്പ് ഹൗസ് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളതെന്നും പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>നെൽ കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ</u>**

1617 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ**
**ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെല്ലിന്റെ വിലയായി ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന തുക എത്രയാണ്; ഇന്നത്തെ സാഹചര്യത്തിൽ പ്രസ്തുത വില തൃപ്തികരമാണോ എന്നു വ്യക്തമാക്കുമോ;

(സി) നെല്ലിന്റെ വില യഥാസമയം കർഷകർക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; നെല്ല് സംഭരിച്ച ഇനത്തിൽ നൽകാനുള്ള കുടിശിക എത്രയാണെന്നറിയിക്കുമോ;

(ഡി) കർഷകർക്ക് നെല്ല് വില യഥാസമയം ലഭ്യമാക്കുന്നതിന് വേണ്ടി ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഇ) പ്രസ്തുത മേഖലയിലേക്ക് കൂടുതൽ കർഷകരെ ആകർഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

### <u>കർഷകരുടെ വരുമാനം മെച്ചപ്പെടുത്തൽ</u>

1618 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനും കൈപ്പാട് പ്രദേശത്തെ നെൽകൃഷി വികസനത്തിനും സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ?

### <u>കേരഗ്രാമം പദ്ധതി</u>

1619 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതിയിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് ഗ്രാമപഞ്ചായത്ത് തലത്തിൽ നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഈ വർഷം ഏതൊക്കെ ഗ്രാമപഞ്ചായത്തുകളെയാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### <u>കേരഗ്രാമ പദ്ധതി</u>

1620 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മുൻ സർക്കാർ നടപ്പാക്കിയ കേരഗ്രാമ പദ്ധതി എത്ര പഞ്ചായത്തുകളിൽ പുതുതായി അനുവദിച്ചിട്ടുണ്ടെന്നും കാസർഗോഡ് ജില്ലയിൽ എവിടെയൊക്കെയാണ് അനുവദിച്ചതെന്നും അറിയിക്കാമോ?

## ഏറനാട് മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

1621 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമെന്നും കർഷകർക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(സി) മണ്ഡലത്തിൽ പുതുതായി ഏതെല്ലാം പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി ആരംഭിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി മുഖേന സംസ്ഥാനത്ത് നാളികേര കൃഷിയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ ?

## കേരഫെഡ് നൽകാനുള്ള തുക

1622 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ കേര കർഷകരിൽനിന്ന് തേങ്ങ സംഭരിച്ച വകയിൽ കേരഫെഡ് എത്ര കർഷകർക്ക് പണം നല്കാനുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കർഷകർക്ക് എന്തുകൊണ്ടാണ് പണം നല്കാത്തതെന്ന് വിശദമാക്കുമോ; ഇവർക്ക് എപ്പോൾ പണം നൽകുമെന്ന് അറിയിക്കുമോ ?

## കേരഗ്രാമം പദ്ധതി

1623 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) കേരഗ്രാമം പദ്ധതിയിലൂടെ എന്തൊക്കെ ആനുകൂല്യങ്ങളും സഹായങ്ങളുമാണ് കേര കർഷകർക്ക് ലഭ്യമാക്കുന്നത്; വിശദമാക്കാമോ?

## പേരാമ്പ്ര മണ്ഡലത്തിലെ കോക്കനട്ട് പാർക്ക്

1624 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ കൂത്താളി കൃഷിഫാമിനോടനുബന്ധിച്ച് ഒരു കോക്കനട്ട് പാർക്ക് രൂപീകരിക്കുന്നതിന് കിഫ്ബി വഴി 11.37 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ചതിൽ എന്തെല്ലാം തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പദ്ധതി നടത്തിപ്പിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

## കർഷകർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകുന്ന പദ്ധതി

1625 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക സേവനങ്ങൾ ദ്രുതഗതിയിലും സുതാര്യമായും നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ കർഷകർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കുമോ;

(ബി) ഇതുവരെ എത്ര ശതമാനം കർഷകർക്കാണ് കാർഡുകൾ നൽകുന്ന നടപടി പൂർത്തിയാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

## കർഷകർക്ക് ഡിജിറ്റൽ ഐഡന്റിറ്റി കാർഡ്

1626 **ശ്രീ. കെ. ആൻസലൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് ഡിജിറ്റൽ ഐഡന്റിറ്റി കാർഡ് ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഔദ്യോഗിക തിരിച്ചറിയൽ കാർഡുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കർഷകരെയും കാർഷികമേഖലയെയും ശക്തിപ്പെടുത്തുന്നതിന് ഇത് എത്രത്തോളം സഹായകമാണ്; വ്യക്തമാക്കുമോ;

(സി) കർഷകർ തിരിച്ചറിയൽ കാർഡ് സ്വന്തമാക്കുന്നതിനു വേണ്ടി പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഡി) കർഷകർക്ക് അവരുടെ ഉല്പന്നങ്ങളുടെ വിപണനത്തിന് പ്രസ്തുത സ്മാർട്ട് ഐഡന്റിറ്റി കാർഡ് എങ്ങനെയെല്ലാം സഹായകമാവും; വിശദമാക്കുമോ?

## തരിശ് നെൽപ്പാടങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി

1627 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശായി കിടക്കുന്ന നെൽപ്പാടങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇത്തരം നെൽപ്പാടങ്ങളിലെ കൃഷിക്കായി പ്രത്യേക ധനസഹായം നൽകിവരുന്നുണ്ടോ;

(ബി) കാസർഗോഡ് ജില്ലയിൽ നിലവിൽ ആകെ എത്ര ഹെക്ടർ നെൽപ്പാടങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ജില്ലയിലെ തരിശു പാടങ്ങളിലെ നെൽകൃഷി പ്രോത്സാഹനത്തിനായി 2021 മുതൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## കുട്ടനാട് വികസന ഏകോപന കൗൺസിലിന്റെ പ്രവർത്തനം

1628 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് വികസന ഏകോപന കൗൺസിലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനത്തിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കുട്ടനാട് വികസന ഏകോപന കൗൺസിൽ മുഖാന്തിരം എന്തെല്ലാം പുതിയ പദ്ധതികളും, ആസൂത്രണ പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കിയതെന്ന് അറിയിക്കാമോ;

(സി) കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ കർഷകരുടെ ക്ഷേമം, കാർഷിക വികസനം, കാർഷിക ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, താറാവ് കർഷകരുടെ ഉന്നമനം , കൃഷി അനുബന്ധ മേഖലകളുടെ ഉല്പാദന വർദ്ധനവ്, ഉൾനാടൻ മത്സ്യകൃഷി പരിപോഷണം തുടങ്ങിയവയ്ക്ക് വേണ്ടിയുള്ള പുതിയ പദ്ധതികളോ പ്രവർത്തനങ്ങളോ കുട്ടനാട് വികസന ഏകോപന കൗൺസിൽ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

## കുട്ടനാട് പാക്കേജിൽ കൂടുതൽ പദ്ധതികൾ

1629 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ കാർഷിക മേഖലയിൽ കൂടുതൽ പദ്ധതികൾ നടപ്പാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കുട്ടനാടൻ കാർഷിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യം വച്ച് ഈ മേഖലയുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു ഉന്നതതല സമിതിയെ നിയോഗിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## വാമനപുരം മണ്ഡലത്തിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

1630 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം എത്ര അപേക്ഷകളാണ് വാമനപുരം മണ്ഡലത്തിലെ വിവിധ കൃഷി ഭവനുകളിൽ ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകളിൽ കൃഷിഭവൻ മുഖാന്തിരം നൽകിയ നഷ്ടപരിഹാര തുക എത്രയാണെന്നും കൃഷിഭവൻ തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം കാർഷിക വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതെന്നും ഓരോ വിളകൾക്കും നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ തുക എത്രയാണെന്നും വിശദമാക്കുമോ?

## വിള ഇൻഷ്വറൻസ് പദ്ധതി

1631 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ചെയ്തുവരുന്ന പുതിയ ഇനം വിളകളായ റംബൂട്ടാൻ, ഡ്രാഗൺ ഫ്രൂട്ട് മുതലായവയെ വിള ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; വിശദവിവരം ലഭ്യമാക്കുമോ ?

**വിള ഇൻഷുറൻസിനുള്ള ഓൺലൈൻ അപേക്ഷ**

1632 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിള ഇൻഷുറൻസ് പദ്ധതിയുടെ അപേക്ഷ ഓൺലൈൻ വഴി ആയതിനാൽ ധാരാളം കർഷകർക്ക് പദ്ധതിയിൽ ഉൾപ്പെടാനാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സാങ്കേതിക പരിചയം ഇല്ലാത്ത കർഷകർക്ക് ആവശ്യമായ സഹായം ചെയ്യുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

**ജൈവ കാർഷിക ഉല്പന്നങ്ങൾക്ക് ബ്രാൻഡിംഗും മാർക്കറ്റിംഗും**

1633 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ കാർഷിക ഉല്പന്നങ്ങൾക്ക് ബ്രാൻഡിംഗും മെച്ചപ്പെട്ട മാർക്കറ്റിംഗും ഉറപ്പാക്കുന്നതിന് ഉദ്ദേശമുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജൈവകൃഷിയോടൊപ്പം പരിസ്ഥിതി സൗഹാർദമായ കൃഷിരീതികൾ കൂടി അവലംബിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**അഗ്രോ സർവീസ് സെന്ററുകൾ**

1634 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2024-25 സാമ്പത്തികവർഷത്തിൽ ഏതൊക്കെ ബ്ലോക്കുകളിലാണ് അഗ്രോ സർവീസ് സെന്ററുകൾ ആരംഭിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഓരോ അഗ്രോ സർവീസ് സെന്ററിനും എത്ര തുക വീതം അനുവദിക്കുമെന്ന് അറിയിക്കുമോ?

**കാർഷിക കടാശ്വാസ കമ്മീഷൻ**

1635 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ തീർപ്പാക്കിയ അപേക്ഷകളിൽ അപേക്ഷകർക്ക് ബന്ധപ്പെട്ട രേഖകൾ നൽകുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡം വിശദമാക്കുമോ; ഇതിൽ കാലതാമസം നേരിടുന്ന സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ?

**നീര പദ്ധതി**

1636 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ നീര മുഖേനയും വിവിധ ഏജൻസികൾ മുഖേനയും നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക ചെലവഴിച്ചുവെന്നും പദ്ധതികളുടെ പുരോഗതിയും വ്യക്തമാക്കുമോ?

## നാഷണൽ ഫണ്ട് സെക്യൂരിറ്റി മിഷൻ പദ്ധതി

1637 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തിൽ പാലക്കാട് ജില്ലയിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ എൻ.എഫ്.എസ്.എം. (നാഷണൽ ഫണ്ട് സെക്യൂരിറ്റി മിഷൻ) പദ്ധതിയിൽ സബ്സിഡി തുക സ്ഥാപനങ്ങൾക്കും കർഷകർക്കും നല്കാനുണ്ടോ ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ എൻ.എഫ്.എസ്. എം പദ്ധതി പ്രകാരം ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് സബ്സിഡി തുക നൽകാനുള്ളത് എന്ന് വിശദമാക്കാമോ; ഓരോ സ്ഥാപനങ്ങൾക്കും നൽകേണ്ട തുക എത്രയെന്ന് വിശദമാക്കാമോ?

## കൃഷിഭവൻ വഴി നടപ്പാക്കുന്ന പദ്ധതികൾക്കാവശ്യമായ കാർഷിക യന്ത്രങ്ങൾ

1638 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾക്കാവശ്യമായ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും നേരിട്ട് വാങ്ങുന്നതിനുള്ള അനുമതി ദീർഘിപ്പിച്ചു നൽകുന്നതിനുവേണ്ടി റെയ്ഡ്കോ ചെയർമാന് നൽകിയ അപേക്ഷയിൽ ഫയൽ നം. ഐഎഫ്എ-1/164/2023/അഗ്രി. പ്രകാരം ഉചിതമായ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) കാർഷിക യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ കർഷകർക്ക് നേരിട്ട് വാങ്ങുന്നതിന് ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് നിലവിൽ അനുമതി നൽകിയിട്ടുള്ളതെന്നും,ഏതു വർഷമാണ് അനുമതി നല്കിയിട്ടുള്ളതെന്നും വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിൽ കെ.എൽ.ഡി.സി മുഖേന നടപ്പാക്കുന്ന പദ്ധതികൾ

1639 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപറേഷൻ (കെ.എൽ.ഡി.സി.) മുഖേന 2021 മുതൽ നടപ്പാക്കുന്ന പദ്ധതികളും അവയുടെ തൽസ്ഥിതിയും വിശദമാക്കാമോ?

## കോട്ടയം ജില്ലാ ലേലകേന്ദ്രം

1640 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിൽ നിന്നും, വി.എഫ്.പി.സി.കെ. (വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം) വഴി കർഷകർക്ക് നല്കുന്ന അടിസ്ഥാന വില ആനുകൂല്യങ്ങൾ കുറുപ്പന്തറ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കോട്ടയം ജില്ലാ ലേലകേന്ദ്രമായ സംഘമൈത്രിക്ക് കൂടി നല്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ദൂരെ സ്ഥലങ്ങളിൽ നിന്നും ഉല്പന്നങ്ങൾ എത്തിച്ച് വില്പന നടത്തി വരുന്ന ഈ സംഘത്തിലെ കർഷകർക്ക് 2012 മുതൽ കിലോക്ക് 1.50 രൂപ വീതം ട്രാൻസ്പോർട്ടേഷൻ ചാർജ് നൽകിവരുന്നത് 3 രൂപയാക്കി ഉയർത്തണമെന്ന ആവശ്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) കൈകാര്യ ചെലവ് (ഓപ്പറേഷനൽ കോസ്റ്റ് )ഇനത്തിൽ സംഘത്തിന് കിട്ടാനുള്ള കുടിശിക തുകയായ 888000/- രൂപ അനുവദിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) കേരള സർക്കാരിന്റെ ഹോർട്ടികോർപ്പിന് നിരന്തരമായി കാർഷിക ഉല്പന്നങ്ങൾ നല്കി കൊണ്ടിരിക്കുന്ന സംഘത്തിന് കൃഷി വകുപ്പിൽ നിന്നും ലഭിക്കാനുള്ള തുകയായ 586419/- രൂപ എത്രയും വേഗം അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## സ്മാർട്ട് കൃഷിഭവനുകൾ

1641 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് ആർ.ഐ.ഡി.എഫ്., ആർ.കെ.വി.വൈ. എന്നീ പദ്ധതികൾ മുഖേന എത്ര സ്മാർട്ട് കൃഷിഭവനുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) നിലവിൽ സ്മാർട്ട് കൃഷിഭവനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; അതിനുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളാണ് പ്രസ്തുത ഫണ്ട് ഉപയോഗിച്ച് സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുന്നതിന് തീരുമാനം എടുത്തിട്ടുള്ളത്; വിശദമാക്കാമോ?

## തൃക്കാക്കര കൃഷി ഓഫീസിൽ തീർപ്പാകാതെ കിടക്കുന്ന അപേക്ഷകൾ

1642 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര കൃഷി ഓഫീസിൽ ജീവനക്കാരുടെ കുറവ് ഉൾപ്പെടെയുള്ള കാരണങ്ങളാൽ ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട നൂറുകണക്കിന് അപേക്ഷകൾ മൂന്നും നാലും വർഷങ്ങളായി തീർപ്പാകാതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കൃഷി ഓഫീസിൽ നിന്നുള്ള റിപ്പോർട്ട് ലഭിക്കാത്തത് കൊണ്ടുമാത്രം റവന്യൂ അദാലത്തുകളിൽ ഉൾപ്പെടെ അപേക്ഷകൾ തീർപ്പാക്കുവാൻ സാധിക്കാത്തതിനാൽ

പ്രസ്തുത ഓഫീസിൽ തീരുമാനമെടുത്തിട്ടില്ലാത്ത അപേക്ഷകളിൽ ഉടൻ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതുൾപ്പെടെയുള്ള അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

## പേരാമ്പ്ര മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവൻ

1643 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ പേരാമ്പ്ര കൃഷിഭവനെ സ്മാർട്ട് കൃഷി ഭവൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ ആയതു മാറ്റി കീഴരിയൂർ കൃഷിഭവന്റെ പേര് നിർദ്ദേശിച്ചിട്ടുകൊണ്ട് എം.ൽ.എ യുടെ കത്ത് ലഭിച്ചിരുന്നോ;

(ബി) പ്രസ്തുത കത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## നെടുമ്പനയിലെ സ്മാർട്ട് കൃഷി ഭവൻ കെട്ടിട നിർമ്മാണം

1644 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പനയിൽ ആരംഭിച്ചിട്ടുള്ള സ്മാർട്ട് കൃഷിഭവന്റെ കെട്ടിട നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## നിരണം, പെരിങ്ങര കൃഷിഭവനുകളുടെ നിർമ്മാണം

1645 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജകമണ്ഡലത്തിലെ നിരണം, പെരിങ്ങര കൃഷിഭവനുകൾ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി പൊളിച്ച് മാറ്റിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ തുക വകയിരുത്തുമോയെന്ന് വ്യക്തമാക്കാമോ?

## കൃഷിവകുപ്പിന് കീഴിലുള്ള വിവിധ പദ്ധതികളിലെ കരാർ ജീവനക്കാർ

1646 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന് കീഴിലുള്ള പദ്ധതികളായ ആത്മ (ATMA), സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ (SHM), വെജിറ്റബിൾ ഡെവലപ്പ്മെന്റ് പ്രോഗ്രാം (VDP), മൊബൈൽ അഗ്രോ ക്ലിനിക്ക്, നാഷണൽ ഇ-ഗവേണൻസ് പ്ലാൻ ഇൻ അഗ്രിക്കൾച്ചർ (NeGPA) എന്നിവയിൽ കൃഷി ഡയറക്ടറേറ്റ്, ജില്ലാ കൃഷി ഓഫീസുകൾ, ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസുകൾ എന്നിവിടങ്ങളിൽ നിലവിൽ എത്ര ദിവസവേതന കരാർ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

## മട്ടന്നൂർ നിയോജക മണ്ഡലത്തിൽ ഉരുൾ പൊട്ടലിനെ തുടർന്നുണ്ടായ കൃഷിനാശം

1647 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കണ്ണവം മേഖല ഉരുൽപൊട്ടിയതിന്റെ ഭാഗമായി പുഴ കരകവിഞ്ഞൊഴുകുയതിനെ തുടർന്ന് മട്ടന്നൂർ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വ്യാപകമായ കൃഷിനാശം ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ഇവിടുത്തെ കർഷകരുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രദേശത്തെ കാർഷിക മേഖലയിലെ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) കാർഷിക മേഖലയിലെ പുനരുദ്ധാരണത്തിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നത് പരിഗണിക്കുമോയെന്ന് അറിയിക്കാമോ ;വിശദാംശങ്ങൾ നൽകാമോ?

**<u>ചെറുതന കൃഷിഭവനിലെ വിള ആരോഗ്യ പരിപാലന കേന്ദ്രത്തിന്റെ പ്രവർത്തനം</u>**

1648 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുതന കൃഷിഭവനിൽ പ്രവർത്തിക്കുന്ന വിള ആരോഗ്യ പരിപാലന കേന്ദ്രത്തിൽനിന്നും കർഷകർക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കേന്ദ്രത്തിന്റെ ഭൗതിക സാഹചര്യം കുറ്റമറ്റതാക്കാൻവേണ്ടി ചെറുതന കൃഷി ഓഫീസർ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിൽ എന്ത് തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

**<u>ബാലുശ്ശേരി മണ്ഡലത്തിൽ കോൾഡ് സ്റ്റോറേജ്</u>**

1649 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പന്നങ്ങൾ കേട്ടു കൂടാതെ സൂക്ഷിക്കുന്നതിനും സ്റ്റോക്ക് ചെയ്യുന്നതിനുമായി കോഴിക്കോട് ജില്ലയിൽ എത്ര കോൾഡ് സ്റ്റോറേജ് നിലവിലുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ബാലുശ്ശേരിയിൽ കോൾഡ് സ്റ്റോറേജ് അനുവദിക്കുന്നതിനായി പ്രൊപ്പോസൽ നിലവിലുണ്ടോ; പ്രസ്തുത ആവശ്യത്തിന് 2024-25 വർഷത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>പാലക്കാട് ജില്ലയിലെ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് കെ.എൽ.യു അനുമതി</u>**

1650 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് കെ.എൽ.യു. (കേരള ലാൻഡ് യൂസ്) അനുമതി ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ കൃഷി വകുപ്പിന് ഇതുവരെ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ ഇനി എത്രയെണ്ണം തീർപ്പാക്കാനുണ്ട്; അത് അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>തോട്ടവിളകളുടെ ഉല്പാദനത്തിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി</u>

1651 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ, തേയില തുടങ്ങിയ തോട്ടവിളകളുടെ ഉല്പാദനത്തിൽ ഇടിവ് സംഭവിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രതിസന്ധിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തു പരിഹാരനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) വിളകളുടെ വൈവിധ്യവൽക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിച്ച് പ്ലാന്റേഷൻ നയം ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം നൽകുമോ?

## <u>അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടി</u>

1652 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗ്രോപാർക്കുകൾ സ്ഥാപിക്കുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) അഗ്രോപാർക്കുകൾ വഴി എന്തെല്ലാം സേവനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

## <u>തണ്ണീർകായൽ പാടശേഖരത്തിലെ കൃഷി</u>

1653 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ വെങ്കിടങ്ങ്, മുല്ലശ്ശേരി പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന തണ്ണീർകായൽ പാടശേഖരത്തിൽ വർഷങ്ങളായി കൃഷി ഇറക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാടശേഖരത്തിൽ കൃഷി നിർത്തിയത് എന്നു മുതലാണെന്നും, കൃഷി നിർത്താനുണ്ടായ കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാടശേഖരത്തിൽ വീണ്ടും കൃഷി ഇറക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) 2024 വർഷം തന്നെ കൃഷി ഇറക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## 2024-25 സാമ്പത്തിക വർഷത്തിൽ അഗ്രോസർവീസ് സെന്ററുകൾ ആരംഭിക്കുന്ന ബ്ലോക്കുകൾ

1654 **ശ്രീ. കെ. ആൻസലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2024-25 സാമ്പത്തിക വർഷത്തിൽ ഏതൊക്കെ ബ്ലോക്കുകളിലാണ് അഗ്രോ സർവീസ് സെന്ററുകൾ ആരംഭിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഓരോ അഗ്രോ സർവീസ് സെന്ററുകൾക്കും എത്ര തുക വീതമാണ് അനുവദിക്കുന്നതെന്ന് വിശദമാക്കാമോ?

## വി.എഫ്.പി.സി.കെ.യുടെ സാമ്പത്തിക പ്രതിസന്ധി

1655 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011- 16 കാലഘട്ടത്തിൽ വി.എഫ്.പി.സി.കെ. യ്ക്ക് (വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം) സർക്കാരിൽ നിന്നും ശമ്പളം ഉൾപ്പെടെയുള്ള ആവശ്യത്തിന് നോൺ പ്ലാൻ ഫണ്ട് ലഭിക്കുകയും ജീവനക്കാരെ നാഷണൽ പെൻഷൻ സ്കീം (എൻ.പി.എസ്.) പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തുവെങ്കിലും നിലവിലെ സർക്കാർ നോൺ പ്ലാൻ ഫണ്ട് വഴി ലഭിച്ചിരുന്ന ശമ്പളവും എൻ.പി.എസ്. പദ്ധതിയും അട്ടിമറിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ കർഷകർക്കായി വി.എഫ്.പി.സി.കെ. വഴി അനുവദിക്കുന്ന പദ്ധതി വിഹിതം വെട്ടിക്കുറച്ചത് കർഷകരെ പ്രതികൂലമായി ബാധിച്ചിരിക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കൗൺസിലിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുകയും ജീവനക്കാരുടെ ശമ്പളം മുടങ്ങുന്നതുമായ അവസ്ഥയ്ക്ക് പരിഹാരം കാണാൻ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ഡി) പുതുതായി രൂപീകരിക്കുന്ന കേരള അഗ്രിബിസിനസ്സ് കമ്പനിക്ക് വി.എഫ്.പി.സി.കെ.യുടെ റിവോൾവിംഗ് ട്രസ്റ്റ് ഫണ്ട് ചെലവഴിക്കാൻ കൗൺസിലിന്റെ ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) കേരള അഗ്രിബിസിനസ്സ് കമ്പനി ആസ്ഥാന മന്ദിരം പണിയുന്നതിന് മറ്റു കെട്ടിടങ്ങൾ പൊളിച്ചു മാറ്റേണ്ടതായിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) വി.എഫ്.പി.സി.കെ. റിവോൾവിംഗ് ഫണ്ട് ദുരുപയോഗം ചെയ്യുന്നത് അവസാനിപ്പിക്കുവാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## കൃഷി വകുപ്പിന്റെ ആഭ്യന്തര വിജിലൻസ് അന്വേഷണ റിപ്പോർട്ടുകൾ

1656 **ഡോ. എം. കെ. മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൃഷി വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം എത്ര അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചു എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) അതിൽ ക്രമക്കേട് കണ്ടെത്തിയത് എതെല്ലാം റിപ്പോർട്ടുകളിലാണ് എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

## കൃഷിഭൂമിയുടെ തരംമാറ്റം

1657 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഭൂമി തരം മാറ്റുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടിക്രമം എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) അർഹരായ വ്യക്തികൾക്ക് കൃഷിഭൂമി തരംമാറ്റി നൽകുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

1658 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സർക്കാർ നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തിരവും നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിക്കുമായി എത്ര തുക ചെലവഴിച്ചു എന്നും പദ്ധതികളുടെ പുരോഗതിയും വ്യക്തമാക്കാമോ?

## പമ്പിംഗ് സബ്സിഡി

1659 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് കൃഷി ആവശ്യങ്ങൾക്കായി ലഭിക്കുന്ന പമ്പിംഗ് സബ്സിഡിയുടെ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പമ്പിംഗ് സബ്സിഡി ഇനത്തിൽ പാലക്കാട് ജില്ലയിൽ കുടിശിക നിലവിലുണ്ടോ; എങ്കിൽ കുടിശിക എത്രയാണെന്ന് അറിയിക്കുമോ;

(സി) പട്ടാമ്പി നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പാടശേഖരങ്ങൾക്ക് പ്രസ്തുത ഇനത്തിൽ കുടിശികയുണ്ടോ; വിശദാംശം നൽകുമോ?

## താമര കൃഷി

1660 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താമര കൃഷി ഏതെല്ലാം സ്ഥലങ്ങളിൽ നടത്തുന്നുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(ബി) ഔദ്യോഗിക പുഷ്പ കൃഷിയായി താമര കൃഷിയെ അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള തടസ്സം എന്താണെന്ന് അറിയിക്കാമോ;

(സി) തിരുനാവായിലെ താമര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൃഷിവകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) തിരുനാവായിലെ താമര കർഷകർക്ക് കൃഷി വകുപ്പ് നൽകി വരുന്ന പിന്തുണ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

## <u>കൊല്ലം ജില്ലയിലെ മണ്ണ് സംരക്ഷണ പദ്ധതികൾ</u>

1661 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ നിലവിൽ നടപ്പാക്കികൊണ്ടിരിക്കുന്ന മണ്ണ് സംരക്ഷണ പദ്ധതികൾ ഏതൊക്കെയാണെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ തരം തിരിച്ച് നൽകാമോ;

(ബി) സംസ്ഥാനത്ത് കുളങ്ങളിൽ അമിതമായി അടിഞ്ഞു കിടക്കുന്ന മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പദ്ധതികൾ എന്തെങ്കിലും നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ അത്തരത്തിൽ നടപ്പാക്കിയിട്ടുള്ളതോ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതോ ആയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ നൽകാമോ?

## <u>കേരള കാർഷിക സർവകലാശാലയിലെ അസിസ്റ്റന്റ് നിയമനങ്ങൾ</u>

1662 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവകലാശാലയിൽ എത്ര അസിസ്റ്റന്റ് തസ്തികകളാണ് നിലവിൽ ഒഴിഞ്ഞു കിടക്കുന്നതെന്ന് അറിയിക്കാമോ ;

(ബി) കഴിഞ്ഞ ഒരു വർഷമായി കാർഷിക സർവകലാശാലയിലെ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കേരള പി.എസ്.സി.യ്ക്ക് നിയമനം വിട്ട കേരളത്തിലെ പതിനൊന്ന് സർവകലാശാലകളിലും ഇ -ഓഫീസ് നിലനിൽക്കേ, ഇപ്പോഴും പ്രവർത്തനരഹിതമായ ഇ- ഓഫീസ് പോർട്ടൽ നിലവിലുള്ള ,കേരള കാർഷിക സർവ്വകലാശാലയിൽ ഇ-ഓഫീസ് നടപ്പിലാക്കിയെന്ന കാരണംകൊണ്ട് അനദ്ധ്യാപക തസ്തികകളിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടയെന്ന തീരുമാനം സർവ്വകലാശാല ഭരണസമിതി കൈകൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള മാനദണ്ഡം എന്താണ് എന്നറിയിക്കാമോ ;

(ഡി) പി.എസ്.സി. ലിസ്റ്റ് നിലനിൽക്കേ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ അനദ്ധ്യാപക ജീവനക്കാരുടെ ജോലിഭാരം വിലയിരുത്തുന്നതിനായി വൈസ് ചാൻസിലർ അധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ നിലവിലെ സ്ഥിതിയും ഇതുവരെ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളും നിരീക്ഷണങ്ങളും അന്തിമ റിപ്പോർട്ട്

സമർപ്പിക്കേണ്ട കമ്മിറ്റിയുടെ കാലാവധിയും സഹിതമുള്ള വിശദവിവരങ്ങൾ നൽകാമോ ;

(ഇ) കാറ്റഗറി നമ്പർ 486/2022 - പ്രകാരം വന്ന റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടെന്നിരിക്കെ പ്രസ്തുത തസ്തികയിലേക്ക് (യൂണിവേഴ്സിറ്റി അസിസ്റ്റന്റ് ) നിയമനം പി.എസ്.സി. മുഖാന്തിരം നടത്താതിരിക്കാനുള്ള കാരണം വ്യക്തമാകാമോ; അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്താതിരിക്കാൻ സർക്കാർ തലത്തിലോ യൂണിവേഴ്സിറ്റി തലത്തിലോ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ ; ഇത്തരം നിയമന നിരോധനംകൊണ്ട് ലിസ്റ്റിലെ അഭ്യസ്തവിദ്യരായ ഉദ്യോഗാർഥികൾക്കുണ്ടാകുന്ന നഷ്ടം, തൊഴിലില്ലായ്മ എന്നിവ പ്രസ്തുത വകുപ്പ് പഠന വിധേയമാക്കിയിട്ടുണ്ടോ ;

(എഫ്) സർവകലാശാല ഭരണസമിതി പുന:സംഘടിപ്പിക്കുകയെന്ന കോടതി നിർദേശം ഒരു മാസത്തിനുള്ളിൽ പ്രാവർത്തികമാക്കണം എന്നിരിക്കെ സർവകലാശാല നടത്തിയ ഭരണസംബന്ധമായ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കാമോ?

## സിപാസ്( C-PAS)

1663 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി യൂണിവേഴ്സിറ്റിയുടെ സ്വാശ്രയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ സിപാസ്( സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസ്)മായി ബന്ധപ്പെട്ട് ഹൈക്കോടതിയിലും, സുപ്രീംകോടതിയിലുമുള്ള വ്യവഹാരങ്ങൾക്ക് അഭിഭാഷക ഫീസിനത്തിലും, യാത്രബത്ത ഇനത്തിലും അഭിഭാഷകർക്കും , യൂണിവേഴ്സിറ്റി അധികൃതർക്കുമായി എത്ര രൂപ സർവ്വകലാശാല ഫണ്ടിൽ നിന്നും ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ?

## നാലു വർഷ ബിരുദ കോഴ്സ്

1664 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് അക്കാദമിക്, കരിയർ അഭിരുചികൾക്കനുസൃതമായി ഇഷ്ടവിഷയങ്ങളുടെ കോമ്പിനേഷനുകൾ തെരഞ്ഞെടുത്ത് പഠിക്കാൻ ഉതകുന്ന രീതിയിൽ നടപ്പിലാക്കിയ നാലു വർഷ ബിരുദ പ്രോഗ്രാമിൽ വിദ്യാർത്ഥികൾ ആവശ്യപ്പെട്ട കോമ്പിനേഷനുകൾ കോളേജുകൾ നൽകാത്തതായുള്ള പരാതികൾ ഉണ്ടായിട്ടുണ്ടോ, വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ആവശ്യമായ കോമ്പിനേഷനുകൾ നൽകാതെ നിലവിൽ കോളേജുകളിൽ ഉള്ള വിഷയങ്ങൾ മാത്രം തെരഞ്ഞെടുക്കണമെന്ന നിബന്ധന വിദ്യാർത്ഥികൾക്കു മേൽ അടിച്ചേൽപ്പിച്ചാൽ നാലു വർഷ ബിരുദ കോഴ്സുകൾക്ക് എല്ലാ കോളേജുകളിലും ഒരേ നിലവാരം ഉറപ്പാക്കുന്നതിന് സാധ്യമല്ല എന്നു കണ്ട് ഈ പ്രശ്നത്തിന് വേഗത്തിൽ പരിഹാരം കണ്ടെത്തുമോ;

(സി) നാലു വർഷ ബിരുദ കോഴ്സ് നടപ്പിലാക്കുന്നതിനു മുമ്പ് ഇതുമായി ബന്ധപ്പെട്ട് ഉളവാകാവുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനും പരിഹാരങ്ങൾ നിർദ്ദേശിക്കുവാനും ഏതെങ്കിലും സമിതിയെ നിയോഗിച്ചിരുന്നോ; ഈ വിഷയത്തിൽ ഫലപ്രദമായ ഇടപെടലുകൾ ആവശ്യമാണെന്നു കണ്ട് പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനായി ഒരു സമിതി രൂപീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

## കോളേജ് വിദ്യാഭ്യാസ വകുപ്പ് കോവിഡ് കാലത്ത് നടത്തിയ ഗവേഷണ പഠനം

1665 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പി4/29092/2019/കോളേ.ഇഡിഎൻ. എന്ന ഉത്തരവിൻ പ്രകാരം കോളേജ് വിദ്യാർത്ഥികൾക്കിടയിൽ 'കോവിഡ് - 19 കാലഘട്ടം കേരളത്തിലെ കോളേജ് വിദ്യാർത്ഥികളുടെ അക്കാദമികവും മനോസാമൂഹികവുമായ അവസ്ഥ' എന്ന പേരിൽ നടത്തിയ ഗവേഷണ പഠനം എത്തിക്സ് കമ്മിറ്റിയുടെ അനുമതി ഇല്ലാതെ നടപ്പിലാക്കിയതിന്റെ കാരണം അറിയിക്കാമോ;

(ബി) ഇത്തരത്തിൽ പഠനം നടത്തുന്നതിന് എത്തിക്സ് കമ്മിറ്റിയുടെ അനുവാദം കർശനമായി വേണമെന്ന് കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശം നിലവിലിരിക്കെ ചട്ട വിരുദ്ധമായി ഗവേഷണ പഠനം നടത്തിയതിന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

## ഉന്നതവിദ്യാഭ്യാസ രംഗം

1666 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗം മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്?

## സർവകലാശാലകൾക്ക് പ്ലാൻഫണ്ട്

1667 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ സർവ്വകലാശാലയ്ക്കും ഈ വർഷം ബഡ്ജറ്റിൽ പ്ലാൻ ഫണ്ടിനത്തിൽ എത്രരൂപയാണ് വകയിരുത്തിയിട്ടുള്ളത്; ഇതിനകം എത്ര രൂപ സർവകലാശാലകൾക്ക് കൈമാറി;

(ബി) പ്ലാൻ ഫണ്ട് 50% ആയി വെട്ടിക്കുറയ്ക്കാനും അതനുസരിച്ച് പുതുക്കിയ പ്രൊപ്പോസലുകൾ നൽകാനും സർവകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ?

## കാലിക്കറ്റ് സർവകലാശാലയിലെ വികസന പദ്ധതികൾ

1668 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 മാർച്ച് നാല്, 2024 ജനവരി പതിനാറ്, 2024 ഫെബ്രുവരി പതിനാറ്, 2024 ജൂൺ പതിനെട്ട് എന്നീ തീയതികളിൽ നടന്ന ചടങ്ങിൽ, കാലിക്കറ്റ് സർവകലാശാലയിൽ ഉദ്ഘാടനം നിർവഹിക്കപ്പെട്ട വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മേൽ പദ്ധതികളിൽ പൂർത്തീകരിച്ചതും, നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും, ആരംഭിക്കാനിരിക്കുന്നതുമായ മുഴുവൻ പദ്ധതികളുടെയും, പ്രസ്തുത പദ്ധതികൾക്കോരോന്നിനും വകയിരുത്തിയ തുകയുടെയും വിശദാംശങ്ങൾ പദ്ധതികൾ തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്കോരോന്നിനും നാളിതുവരെ വിനിയോഗിച്ച തുകയുടെയും, സംസ്ഥാന സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റിന്റെയും വിശദാംശങ്ങളും, ഏത് ഫണ്ടിൽ (പ്ലാൻ/നോൺ പ്ലാൻ/തനത്/മറ്റുള്ളവ) നിന്നാണ് തുക ചെലവഴിച്ചത് എന്നതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ഡി) മേൽ പദ്ധതികളിലൂടെ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ പൂർണമായും കൈവരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഉദ്ഘാടനം കഴിഞ്ഞ് നാളേറെ കഴിഞ്ഞിട്ടും, ഇപ്പോഴും നിർദ്ദിഷ്ട ഉപയോഗത്തിന് തുറന്ന് കൊടുക്കാതെ ശേഷിക്കുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) മേൽ പദ്ധതികളുടെ പൂർത്തീകരണത്തിന് ഡി.പി.ആർ., എസ്റ്റിമേറ്റ് എന്നിവയിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ടോയെന്നും അല്ലെങ്കിൽ കൂടുതലായി ഇനിയും തുക ചെലവഴിക്കേണ്ടിവരുമോയെന്നും വിശദമാക്കാമോ;

(എഫ്) പ്രസ്തുത പദ്ധതികളിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതും മെഷിനറികൾ, ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണം, വിതരണം എന്നിവ ഏറ്റെടുത്ത് നടത്തിയതുമായ സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങിയവരുടെ വിശദാംശങ്ങളും, പ്രസ്തുതയിനത്തിൽ സർവകലാശാലയിൽ നിന്നും അവർക്കനുവദിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

## ഹരിത ക്യാമ്പസ് പദ്ധതിയുടെ പുരോഗതി

1669 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം കോളേജുകളിലാണ് ഹരിത ക്യാമ്പസ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് കോളേജുകളിൽ നടപ്പിലാക്കുന്നത്; വിശദമാക്കാമോ;

(സി) ഹരിത ക്യാമ്പസ് പദ്ധതി സംസ്ഥാനത്ത് എല്ലാ കോളേജുകളിലും നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## നാലുവർഷ ബിരുദ പ്രോഗ്രാം

1670 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ഡോ. മാത്യു കുഴൽനാടൻ**

**ശ്രീമതി കെ. കെ. രമ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ഈ അക്കാദമിക വർഷം മുതൽ നടപ്പാക്കിയ നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ സിലബസ്സുകൾ മുഴുവനും എല്ലാ സർവ്വകലാശാലകളും പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഒന്നാം സെമസ്റ്റർ ബിരുദ പരീക്ഷകൾ നവംബറിൽ ആരംഭിക്കാനിരിക്കെ പാഠപുസ്തകങ്ങൾ പൂർണ്ണമായും തയ്യാറായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഒന്നാം സെമസ്റ്റർ പരീക്ഷകൾ ആരംഭിക്കുന്നതിനുമുമ്പ് കെ-റീപ് സോഫ്റ്റ്‌വെയർ പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കെ.എൻ.ആർ കൺസ്ട്രക്ഷൻ കമ്പനി കാലിക്കറ്റ് സർവകലാശാലയിൽ നടത്തിയ പ്രവൃത്തികൾ

1671 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന കെ.എൻ.ആർ.(കെ.നരസിംഹ റെഡ്ഡി കൺസ്ട്രക്ഷൻ കമ്പനി) കൺസ്ട്രക്ഷൻ കമ്പനിയ്ക്ക് കാലിക്കറ്റ് സർവ്വകലാശാലയുടെ ഭൂമി ഉപയോഗിക്കാൻ അനുമതി നല്കിയതിനു പകരമായി പ്രസ്തുത കമ്പനി സർവ്വകലാശാലയിൽ ഏറ്റെടുത്തു നടത്തിയ വിവിധ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) കാലിക്കറ്റ് സർവകലാശാല കാമ്പസിലെ ജലക്ഷാമം പരിഹരിക്കാൻ രണ്ട് ഏക്കർ സ്ഥലത്ത് പുതിയ മഴവെള്ള സംഭരണി നിർമ്മിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ; ആയതിന് 10.05.2024 ന് ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം മുമ്പാകെ സർവ്വകലാശാല എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ; (സർവകലാശാല ഡ്രോട്സ്മാൻ എഞ്ചിനീയർ സമർപ്പിച്ച 20/04/2024 തീയതിയിലെ 214590/ഇഎൻജി. ഡിഐെവി-ഹെഡ് -ഡ്രോട്സ്മാൻ /2021/എഡിഎംഎൻ. നമ്പർ കുറിപ്പ് ഉൾപ്പെടെയുള്ളവയുടെ പകർപ്പ് );

(സി) നിർദ്ദിഷ്ട മഴവെള്ള സംഭരണി നിർമ്മാണം മണ്ണ് സൗജന്യമായി വിട്ടുനൽകാമെന്ന വ്യവസ്ഥയിൽ , ദേശീയപാത വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന കെ.എൻ.ആർ കൺസ്ട്രക്ഷൻ കമ്പനിയ്ക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത മഴവെള്ള സംഭരണി നിർമ്മാണവുമായി ബന്ധപ്പെട്ട് സർവ്വകലാശാല എഞ്ചിനീയറിംഗ് വിഭാഗം, ആസൂത്രണ-വികസന വിഭാഗം എന്നിവയിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ ഫയലുകളുടെയും വിശദാംശങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) നിർദ്ദിഷ്ട മഴവെള്ള സംഭരണി നിർമ്മാണവുമായി ബന്ധപ്പെട്ട് , 05.07.2024ന് ചേർന്ന കെ.എൻ.ആർ. കൺസ്ട്രക്ഷൻ കമ്പനി അധികൃതരുടെയും സർവ്വകലാശാല അധികാരികളുടെയും യോഗത്തിന്റെ മിനിട്സ് പകർപ്പ്, തീരുമാനങ്ങൾ എന്നിവ ലഭ്യമാക്കാമോ;സർവ്വകലാശാല കാമ്പസിൽ നിലവിലുള്ള ഉപയോഗശൂന്യമായ കിണറുകളുടെയും, മഴവെള്ള സംഭരണികളുടെയും വിശദാംശങ്ങൾ അറിയിക്കാമോ ;

(ഇ) സർവ്വകലാശാലയുടെ ഭൂമിയിൽ കെട്ടിടനിർമാണത്തിന് ഉപയോഗിക്കുന്ന ചെങ്കല്ലിന്റെ ലഭ്യത സുലഭമാണെന്നിരിക്കെ, നിർമ്മാണ സ്ഥലത്തെ മണ്ണ് സൗജന്യമായി വിട്ടു നൽകാമെന്ന വ്യവസ്ഥയിൽ മാത്രമായി കെ.എൻ.ആർ. കൺസ്ട്രക്ഷൻ കമ്പനിയ്ക്ക് നിർദ്ദിഷ്ട മഴവെള്ള സംഭരണി നിർമ്മാണം അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാമോ? പ്രസ്തുത സ്ഥലത്ത് നിന്നും കമ്പനി ചെങ്കല്ല് ഖനനം ചെയ്തെടുക്കുകയാണെങ്കിൽ ആയത് തടയുന്നതിനും, സർവ്വകലാശാലയ്ക്ക് ഉണ്ടായേക്കാവുന്ന ഭീമമായ സാമ്പത്തിക നഷ്ടം നികത്തിയെടുക്കുന്നതിനും സ്വീകരിക്കുവാനുദ്ദേശിക്കുന്ന മാർഗങ്ങൾ വിശദമാക്കാമോ;

(എഫ്) മഴവെള്ള സംഭരണി നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തെ ചെങ്കല്ല് വെട്ടിയെടുക്കുന്നതിന് ടെണ്ടർ മുഖേന മറ്റ് ഏജൻസികളെ ചുമതലപ്പെടുത്തുകയാണെങ്കിൽ , അതുമൂലം സർവ്വകലാശാലയ്ക്ക് ഭീമമായ തുക സ്വരൂപിക്കാൻ കഴിയുമെന്നതും, അതിനുശേഷം പ്രസ്തുത സ്ഥലം മഴവെള്ള സംഭരണിയായി മാറ്റുന്നതിന് വളരെ കുറഞ്ഞ തുകയുടെ ആവശ്യമേയുള്ളുവെന്നതും പരിഗണിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

## <u>ഗവൺമെന്റ് കോളേജ് കോടഞ്ചേരി - കിഫ്ബി ഫണ്ട്</u>

1672 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തികൾ ഇനിയും ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങുമോ?

## <u>ഉന്നതവിദ്യാഭ്യാസത്തോടൊപ്പം നൈപുണ്യശേഷി വികസനം</u>

1673 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക തൊഴിൽ സാഹചര്യങ്ങളിൽ ഉന്നതവിദ്യാഭ്യാസത്തോടൊപ്പം നൈപുണ്യശേഷി വികസനത്തിനും പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉന്നതവിദ്യാഭ്യാസ മേഖലയിലെ നൈപുണ്യ വിടവ് നികത്തുന്നതിന് വ്യവസായ സംബന്ധിയായ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ഈ അധ്യയന വർഷം മുതൽ ആരംഭിച്ച നാലുവർഷ ബിരുദ പ്രോഗ്രാമിൽ സ്കിൽ കോഴ്സുകൾ നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത കേന്ദ്രങ്ങളിൽ പ്രൊഫഷണൽ നൈപുണ്യ ഏജൻസികളുമായി സഹകരിച്ച് വിവിധ കോഴ്സുകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;?

## റൂസ പദ്ധതി

1674 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'റൂസ' പദ്ധതിയുടെ പുതിയ ഘട്ടമായ 'പി.എം. ഉഷ' നടപ്പിലാക്കുന്നതിന് ഫോക്കസ് ജില്ലകൾ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഫോക്കസ് ജില്ലകളായി തിരഞ്ഞെടുക്കപ്പെട്ട ജില്ലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഉന്നത വിദ്യാഭ്യാസ രംഗത്തും മറ്റുമുള്ള പിന്നാക്കാവസ്ഥ, ഭാഷ ന്യൂനപക്ഷ പ്രദേശം, അതിർത്തി ജില്ല എന്നിവ കണക്കിലെടുത്ത് കാസർകോട് ജില്ലയെ ഫോക്കസ് ജില്ലയായി പരിഗണിക്കുമോ; വിശദമാക്കാമോ?

## പോളിടെക്നിക് കോളേജുകളിലെ കരിയർ അഡ്വാൻസ്മെന്റ് സ്കീമിലെ അപാകത പരിഹരിക്കാൻ നടപടി

1675 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഐ.സി.ടി.ഇ.യുടെ 6-ാം ശമ്പള പരിഷ്കരണത്തോടനുബന്ധിച്ചുള്ള CAS( കരിയർ അഡ്വാൻസ്മെന്റ് സ്കീം )ഉത്തരവനുസരിച്ച് പോളിടെക്നിക്ക് കോളേജുകളിൽ സർക്കാരിന് കീഴിലുള്ള സെൽഫ് ഫിനാൻസിംഗ് കോളേജുകളായ CAPE, എൽ.ബി.എസ്, ഐ.എച്ച്.ആർ.ഡി, എസ്.സി.റ്റി. എഞ്ചിനീയറിംഗ് കോളേജുകളിലെ മുൻ പ്രവൃത്തി പരിചയം ലെക്ച്ചർമാരുടെ AGP (അക്കാഡമിക് ഗ്രേഡ് പേ) വർധനയ്ക്ക് പരിഗണിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എന്നാൽ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രസ്തുത പ്രവൃത്തി പരിചയം പരിഗണിച്ച് AGP വർദ്ധന നൽകിയിട്ടുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എ.ഐ.സി.റ്റി.ഇ. റെഗുലേഷനുകൾ പ്രകാരം പ്രൈവറ്റ് / ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ മുൻകാല പ്രവൃത്തി പരിചയം എഞ്ചിനീയറിംഗ്/ പോളി ടെക്നിക് കോളേജുകളിൽ സി.എ.എസ്. AGP വർധനയ്ക്ക് പരിഗണിക്കുന്നതാണ് എന്നിരിക്കെ, മുൻകാല പ്രവൃത്തി പരിചയം കണക്കിലെടുത്ത്

പോളിടെക്നിക്ക് കോളേജുകളിൽ മാത്രം AGP വർധന നൽകാത്തതിനുള്ള കാരണമെന്താണ്;

(ഡി) ഈ അനോമലി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>**സർവകലാശാലയിലെ വൈസ് ചാൻസലർ നിയമനം**</u>

1676 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരിപക്ഷം സർവകലാശാലകളിലും നിലവിൽ വൈസ് ചാൻസലർമാർ ഇല്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ വിവിധ സർവകലാശാലകളിലെ വൈസ് ചാൻസലർ നിയമനങ്ങളുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) സ്ഥിരം വൈസ് ചാൻസലർമാരുടെ അഭാവം ഉന്നത വിദ്യാഭ്യാസ മേഖലയെ ദോഷകരമായി ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>**കോളേജ് അധ്യാപകരുടെ സേവനവേതന വ്യവസ്ഥകളുടെ പരിഷ്കരണം**</u>

1677 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. യുടെ കഴിഞ്ഞ പേ റിവിഷനും പുതിയ റെഗുലേഷനും 2016 മുതൽ സംസ്ഥാനത്ത് നടപ്പാക്കിയെങ്കിലും സംസ്ഥാനത്തെ കോളേജ് അധ്യാപകർക്ക് 2016 മുതൽ 2019 വരെയുള്ള ശമ്പള കുടിശിക തുക നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കുടിശിക തുക എന്നത്തേക്ക് ലഭ്യമാക്കാനാകുമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഇനത്തിൽ കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കേണ്ട 50% തുക ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് നഷ്ടപ്പെടാനുള്ള സാഹചര്യം എന്തായിരുന്നു എന്ന് അറിയിക്കാമോ; ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കാമോ;

(സി) കോളേജ് അധ്യാപകരുടെ പി.ജി. വെയിറ്റേജ് എടുത്തു കളഞ്ഞ് ഉത്തരവിറക്കിയപ്പോഴും സർക്കാരിന്റെ ഗ്രാന്റ് കൊണ്ട് പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റികളിൽ യു.ജി. കോഴ്സുകൾ ഉൾപ്പെടെയുള്ള എല്ലാ കോഴ്സുകൾക്കും പി.ജി. വെയിറ്റേജ് നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പൊരുത്തക്കേട് പരിഹരിച്ച് കേരളത്തിൽ തുല്യജോലി ചെയ്യുന്ന ഉന്നതവിദ്യാഭ്യാസ വകുപ്പിലെ

എല്ലാ അധ്യാപകർക്കും തുല്യ വർക്ക് ലോഡും തുല്യ ശമ്പളവും നൽകാനുള്ള നടപടി സ്വീകരിക്കാമോ;

(ഡി) കേരള സർക്കാരിന്റെ 20.8.2024 -ലെ ഇ. 106756/ടി.ആർ.വൈ./4347/2024 ഇ.1 നമ്പർ സർക്കുലർ പ്രകാരം നിലവിൽ നൽകിക്കൊണ്ടിരുന്ന 2019 ന് ശേഷമുള്ള കുടിശിക ബില്ലുകൾ വകുപ്പ് പാസാക്കി നൽകിയെങ്കിലും തുക ലഭ്യമായിട്ടില്ല എന്ന വിഷയം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കാമോ?

**<u>നിലമ്പൂർ ഗവ. ആർട്സ് & സയൻസ് കോളേജ് കെട്ടിടത്തിന്റെ വാടക</u>**

1678 **ശ്രീ. പി. വി. അൻവർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ പ്രവർത്തനം അമരമ്പലം പഞ്ചായത്തിലെ പൂക്കോട്ടുംപാടത്ത് നിന്നും നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ വാടക കെട്ടിടത്തിലേക്ക് മാറ്റിയ വർഷവും മാസവും തീയതിയും അറിയിക്കുമോ; പ്രസ്തുത വാടക കെട്ടിടസമുച്ചയത്തിന് പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ച വാടക എത്രയാണെന്നും കെട്ടിടത്തിന്റെ ഉടമയ്ക്ക് വാടകയിനത്തിൽ എത്ര തുകയാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

(ബി) നിലമ്പൂർ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് സ്ഥിതി ചെയ്യുന്ന കെട്ടിട ഉടമയ്ക്ക് വാടകയിനത്തിൽ നാളിതുവരെ തുകയൊന്നും ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ നിലവിൽ ഏത് കാര്യാലയത്തിലാണ് കൈകാര്യം ചെയ്യുന്നതെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കുമോ;

(സി) വാടകയിനത്തിലെ തുക നൽകുന്നതിനായി ശേഷിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും പ്രസ്തുത തുക എന്നത്തേക്ക് നൽകുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**<u>എയ്ഡഡ് മേഖലയിലെ ആർട്സ് ആന്റ് സയൻസ് കോളേജുകൾ</u>**

1679 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 01.06.1991 മുതൽ 30.09.2024 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എയ്ഡഡ് മേഖലയിൽ അനുവദിച്ച ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ പുതുതായി അനുവദിച്ച വിവിധ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകൾ, ഓരോ പ്രോഗ്രാമിലും അനുവദിച്ച സീറ്റുകളുടെ വിശദാംശങ്ങൾ എന്നിവ ഓരോന്നും അനുവദിച്ച വർഷം,മാസം എന്നിവയുൾപ്പെടെ പ്രത്യേകമായി ജില്ല തിരിച്ച് ലഭ്യമാക്കാമോ?

**<u>പത്തിരിപ്പാല ഗവൺമെന്റ് ആർട്സ്&സയൻസ് കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം</u>**

1680 **ശ്രീമതി ശാന്തകുമാരി കെ.** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല ഗവൺമെന്റ് ആർട്സ്&സയൻസ് കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള തുക പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യാത്തത് കാരണം പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## മങ്കട ഗവ.ആർട്സ്& സയൻസ് കോളേജിലെ നിർമ്മാണ പ്രവൃത്തികൾ

1681 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗവ. ആർട്സ്&സയൻസ് കോളേജിൽ പുരോഗമിച്ച വരുന്ന വിവിധ നിർമ്മാണ പ്രവൃത്തികളിൽ ഓരോന്നിന്റെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; കിഫ്ബി മുഖേന നടപ്പാക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; എന്തെല്ലാം പ്രവൃത്തികളാണ് അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പ് ആവശ്യമായ മേൽനോട്ടം നൽകുന്നുണ്ടോ; എങ്കിൽ ഏറ്റവും ഒടുവിലായി അവലോകന യോഗം ചേർന്നത് എന്നാണെന്ന് അറിയിക്കുമോ;

(സി) നിലവിൽ യാതൊരു പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടില്ലാത്തതും എന്നാൽ നടപ്പിലാക്കാൻ അവശേഷിക്കുന്നതുമായ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ എന്തെല്ലാമാണെന്നാണ് വകുപ്പ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

## ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പാൾ നിയമനം

1682 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഉടമസ്ഥതയിൽ എത്ര ആർട്സ് & സയൻസ് കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; എത്ര കോളേജുകളിൽ നിലവിൽ സ്ഥിരം പ്രിൻസിപ്പാൾമാർ ഉണ്ട്;

(ബി) പി.എസ്.സി. അംഗീകരിച്ച പട്ടിക പ്രകാരം നിയമിച്ചിട്ടുള്ള പ്രിൻസിപ്പാൾമാരെ ഇപ്പോഴും പ്രൊവിഷണലായി തുടരാൻ അനുവദിച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രിൻസിപ്പാൾ നിയമനം സംബന്ധിച്ച് ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഹർജ്ജി സമയബന്ധിതമായി തീർപ്പാക്കാതെ നീട്ടിക്കൊണ്ടുപോകുന്നത് ജൂനിയറായ അധ്യാപകർക്ക് പ്രിൻസിപ്പാൾമാരുടെ ചുമതല നൽകുന്നതിന് വേണ്ടിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർവകലാശാല ചട്ടപ്രകാരം സീനിയർ അധ്യാപകർക്ക് പ്രിൻസിപ്പാൾമാരുടെ

ചുമതല നൽകണമെന്ന വ്യവസ്ഥ സർക്കാർ പാലിക്കുന്നുണ്ടോ;

(ഇ) പി.എസ്.സി. അംഗീകരിച്ച പ്രിൻസിപ്പാൾ പട്ടികയിലുള്ളവരെ ഒഴിവാക്കി, ഒരു ജൂനിയർ അധ്യാപകന് കോട്ടയം നാട്ടിക ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാളിന്റെ ചുമതലയും കോട്ടയം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ചുമതലയും നൽകിയിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

## കണ്ണൂർ വനിതാ കോളേജിലെ ഗ്രൗണ്ട് നിർമ്മാണം

1683 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ കണ്ണൂർ വനിതാ കോളേജിലെ സിന്തറ്റിക് ട്രാക്ക് ഉൾപ്പെടെയുള്ള ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയുള്ളതെന്ന് വിശദമാക്കുമോ?

## പെരിങ്ങോം ഗവൺമെന്റ് കോളേജിലെ പുതിയ കെട്ടിട നിർമ്മാണം

1684 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നിലവിൽ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) കെട്ടിട നിർമ്മാണത്തിന്റെ തുടർപ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സാങ്കേതിക നടപടികൾ പൂർത്തീകരിച്ച് പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

## ബാലുശ്ശേരി ഗവണ്മെന്റ് കോളേജിലെ നിർമ്മാണപ്രവർത്തനങ്ങൾ

1685 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ പ്രവർത്തിക്കുന്ന, ബാലുശ്ശേരി ഗവൺമെന്റ് കോളേജിലെ കാന്റീനും, ഹോസ്റ്റലും നിർമ്മാണപ്രവൃത്തികൾ പൂർത്തികരിച്ചിട്ടും വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുന്നതിനായി നിർമ്മാണ ഏജൻസി കൈമാറിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളേജിലെ വിദ്യാർത്ഥികൾക്ക് ഏറെ ഉപകാരപ്രദമാവുന്ന ഈ കാന്റീനും ഹോസ്റ്റലും അടിയന്തരമായി കോളേജിന് വിട്ടു നൽകുന്നതിനുള്ള നടപടി

സ്വീകരിക്കുമോ;

(സി) കിഫ്ബി ഫണ്ട് വിനിയോഗിച്ച് ഇനി എന്തൊക്കെ പ്രവർത്തികളാണ് പ്രസ്തുത കോളേജിൽ പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ?

## മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിന് കിഫ്ബി ഫണ്ട്

1686 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം വനിതാ ആർട്സ് സയൻസ് കോളേജിന്റെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് കരാറുകാരന് നിർമ്മാണ അനുമതി നൽകിയിട്ടുണ്ടോ;

(ബി) 14.06.2024 ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച പുതിയ സാങ്കേതിക കമ്മിറ്റിയുടെ യോഗം ചേർന്ന് അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് നൽകുമോ;

(സി) സാങ്കേതിക നടപടികൾ എത്രയും വേഗം പൂർത്തീകരിച്ച് കെട്ടിട നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

## കിനാനൂർ കരിന്തളം ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

1687 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാനൂർ കരിന്തളം ഗവൺമെന്റ് കോളേജിൽ നിലവിലുള്ള കോഴ്സുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ?

## നിലമ്പൂർ ഗവ. ആർട്സ് & സയൻസ് കോളേജിലെ കെട്ടിട നിർമ്മാണവും ഭൂമി ഏറ്റെടുക്കലും

1688 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കോളേജിനാവശ്യമായ കെട്ടിടനിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികളും നിലവിലെ അവസ്ഥയും വിശദമാക്കാമോ;

(ബി) പ്രസ്തുത കോളേജിന് സ്ഥലമേറ്റെടുക്കുന്നതിനുള്ള തുകയ്ക്ക് കിഫ്ബി വഴി ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; സ്ഥലമേറ്റെടുക്കാൻ എത്ര തുകയ്ക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്നും ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുക കിഫ്ബിയാണോ അനുവദിക്കുകയെന്നും അറിയിക്കാമോ;

(സി) സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ ഭൂമി വിട്ടുതരാൻ ഭൂവുടമ തയ്യാറായിരിക്കെ ഭൂമി ഏറ്റെടുക്കുവാനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; ഇതുസംബന്ധിച്ച ഫയൽ ഏത് കാര്യാലയത്തിലാണുള്ളതെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കാമോ; ഇനിയെത്ര നാളുകൾ കൊണ്ട് സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കും എന്നറിയിക്കാമോ?

## ആട്ടോണമസ് കോളേജ് പദവി

1689 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജിന് ആട്ടോണമസ് കോളേജ് പദവി യു.ജി.സി. ഏതു വർഷം വരെയാണ് നൽകിയിരുന്നത്; തുടർഅംഗീകാരം ലഭിക്കാതിരുന്നതിന് കാരണമെന്താണ്; അംഗീകാരമില്ലാതെ ഓട്ടോണമസ് പദവിയിൽ തുടരുന്നതിന് നിയമ സാധുതയുണ്ടോ;

(ബി) സർക്കാർ ഉടമയിലല്ലാത്ത എത്ര ഓട്ടോണമസ് കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത കോളേജുകളുടെ അംഗീകാരകാലാവധി കഴിഞ്ഞശേഷം തുടർ അംഗീകാരം ലഭ്യമായിട്ടുണ്ടോ;

(സി) മഹാരാജാസ് കോളേജിന് യഥാസമയം തുടർഅംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ എന്ത് നടപടിയാണ് സർക്കാർ കൈക്കൊണ്ടത്?

## സർക്കാർ മേഖലയിൽ നിയമ കോളേജുകൾ

1690 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ പുതിയ നിയമ കോളേജുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കാമോ?

## സർക്കാർ കോളേജുകളിൽ ജേർണലിസം കോഴ്സ്

1691 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ കോളേജുകളിലും ജേർണലിസം കോഴ്സ് നിലവിലുണ്ടോ; ഏതെല്ലാം സർക്കാർ കോളേജുകളിൽ ജേർണലിസത്തിൽ ഡിഗ്രി, പി.ജി. കോഴ്സുകൾ നിലവിലുണ്ടെന്ന് കോളേജുകളുടെ പേര് വിവരങ്ങൾ സഹിതം വിശദമാക്കാമോ;

(ബി) വർത്തമാനകാലത്തെ ജേർണലിസം കോഴ്സിന്റെ പ്രാധാന്യവും സാധ്യതയും കണക്കിലെടുത്ത് സംസ്ഥാനത്തെ മുഴുവൻ സർക്കാർ കോളേജുകളിലും പ്രസ്തുത കോഴ്സ് ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സ്വയംഭരണ കോളേജുകൾ

1692 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംഭരണ കോളേജുകളിൽ നിന്ന് അഫിലിയേഷന്റെ പേരിൽ സർവകലാശാലകൾ ഫീസീടാക്കുന്നതും യു.ജി.സി. നിബന്ധനകൾക്ക് വിരുദ്ധമായ കരാറുകളിൽ ഒപ്പിടാൻ നിർബന്ധിക്കുന്നതും വിലക്കി ബഹു. ഹൈക്കോടതി ഉത്തരവിട്ടത് ഗൗരവത്തോടെ കാണുന്നുണ്ടോ വ്യക്തമാക്കുമോ;

(ബി) സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട് നിലവിൽ സർവ്വകലാശാലകൾ ഏതൊക്കെ രീതിയിലുള്ള ഇടപെടലുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഇടപെടലുകൾ യുജിസി മാനദണ്ഡങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പുവരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) സ്വയംഭരണ കോളേജുകൾക്ക് സ്വന്തം നിലയ്ക്ക് സിലബസും കരിക്കുലവും തയ്യാറാക്കുവാൻ അവകാശമുണ്ടോ; ഇക്കാര്യത്തിൽ സർവകലാശാലകൾ ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സ്വയംഭരണ പദവിക്ക് അനുസൃതമായി പ്രവർത്തിക്കുവാൻ കോളേജുകൾക്ക് അവസരം സൃഷ്ടിക്കുന്ന രീതിയിലുള്ള സാഹചര്യം ഉന്നത വിദ്യാഭ്യാസ രംഗത്ത് സൃഷ്ടിക്കുമോ; വ്യക്തമാക്കാമോ?

## <u>മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി</u>

1693 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസരംഗത്ത് സംസ്ഥാനത്തിന് പുറത്തു നിന്നും വിദേശത്തുനിന്നുമുള്ള വിദ്യാർത്ഥികളെ കേരളത്തിലേക്ക് ആകർഷിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) വിദേശരാജ്യങ്ങളിലേക്ക് വിദ്യാർഥികളെ റിക്രൂട്ട് ചെയ്യുന്ന ഏജൻസികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന വിശദമാക്കുമോ?

## <u>ആറാം സെമെസ്റ്റർ ബിരുദ പരീക്ഷ</u>

1694 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുവർഷ ഇന്റഗ്രേറ്റഡ് ബിരുദ കോഴ്സിന് പ്രവേശനം നേടിയ ഭരണകക്ഷിയുടെ യുവജനസംഘടന നേതാവിന് ആറാം സെമസ്റ്ററിൽ എത്ര ശതമാനം ഹാജരാണുള്ളത്; ആറാം സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിന്

യോഗ്യതയില്ലാത്ത പ്രസ്തുത വിദ്യാർത്ഥിക്ക് ഏഴാം സെമസ്റ്റർ ക്ലാസിലേക്ക് പ്രവേശനം നൽകിയോ; എങ്കിൽ ആയത് ചട്ട പ്രകാരം ശരിയാണോ;

(ബി) ഇന്റഗ്രേറ്റഡ് കോഴ്സുകളിൽ ആറാം സെമസ്റ്റർ ക്ലാസ്സ്, ബിരുദ കോഴ്സിന്റെ എക്സിറ്റ് പോയിൻറ് ആയിരിക്കുമ്പോൾ ആറാം സെമസ്റ്റർ ബിരുദ പരീക്ഷ എഴുതുകയോ പാസാവുകയോ ചെയ്യാത്ത വിദ്യാർത്ഥിക്ക് ഏഴാം സെമെസ്റ്റർ പി ജി ക്ലാസിൽ പ്രവേശനം നൽകാൻ വ്യവസ്ഥയുണ്ടോ;

(സി) ടി വിദ്യാർത്ഥി കോളേജിൽ പഠനം തുടരുന്നുണ്ടോ; ഏത് സെമസ്റ്ററിനാണ് പഠിക്കുന്നത്;മതിയായ ഹാജരില്ലാതെ ടി വിദ്യാർത്ഥിക്ക് സെമസ്റ്റർ കയറ്റം നൽകിയതിന് ഉത്തരവാദികൾ ആരാണ്; അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു;

(ഡി) സമാനമായി നിശ്ചിത ശതമാനം ഹാജർ ലഭിക്കാത്തതിന്റെ പേരിൽ രണ്ടാം സെമസ്റ്റർ പിജി വിദ്യാർത്ഥിയും പ്രതിപക്ഷ പാർട്ടിയുടെ യുവജനസംഘടനാ പ്രവർത്തകനുമായ മറ്റൊരു വിദ്യാർത്ഥിയെ കോളേജിൽ നിന്ന് പ്രിൻസിപ്പൽ റോൾ ഔട്ട് ആക്കിയിട്ടുണ്ടോ?

## രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ്

1695 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് അറുപത്തിയാറ് സെന്റ് സ്ഥലം ലഭ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; അറിയിക്കാമോ?

## വിദൂര വിദ്യാഭ്യാസ പഠന വകുപ്പിൽ നിയമിച്ചിരുന്ന അധ്യാപ- അനധ്യാപകരെ മാറ്റി നിയമിക്കുന്ന നടപടി

1696 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിച്ചതിനെ തുടർന്ന് നിർത്തലാക്കിയ കേരള സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ പഠന വകുപ്പിൽ നിയമിച്ചിരുന്ന അധ്യാപകരെയും അനധ്യാപകരെയും സർവ്വകലാശാലയിൽ തന്നെ തുടർന്ന് പ്രവർത്തിക്കാൻ അനുവദിച്ചോ; എത്ര അധ്യാപകരെയാണ് പഠന വകുപ്പുകളിലേക്ക് മാറ്റി നിയമിച്ചത്; വ്യക്തമാക്കാമോ;

(ബി) സർവ്വകലാശാലയുടെ പഠന വകുപ്പുകളിൽ അധികമായി നിയമിക്കുന്നതിന് സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചിരുന്നോ; പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സ്ഥിരം അധ്യാപകരില്ലാത്ത ഓപ്പൺ സർവകലാശാലയിലേക്ക് കേരള സർവകലാശാലയിലെ ടി അധിക അധ്യാപകരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ

നിയമിക്കുന്നത് ഓപ്പൺ സർവകലാശാലയ്ക്ക് കൂടുതൽ പ്രയോജനപ്രദമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**കോളേജുകളുടെയും സർവകലാശാലകളുടെയും നിലവാരം മെച്ചപ്പെടുത്തൽ**

1697 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ കോളേജുകളുടെയും സർവകലാശാലകളുടെയും നിലവാരം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കോളേജുകളുടെയും സർവകലാശാലകളുടെയും അഖിലേന്ത്യാ റാങ്കിംഗിൽ മുന്നിൽ വന്നിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെ എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) കോളേജ്/സർവകലാശാല തലത്തിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം ജോലി ചെയ്യാൻ കഴിയുന്ന രീതിയിൽ പഠന സമ്പ്രദായം പരിഷ്കരിക്കുവാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം**

1698 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനകാലത്ത് തന്നെ പ്രായോഗിക പരിശീലനം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

**കാര്യവട്ടം ക്യാമ്പസ്**

1699 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ: എസ്. രാധാകൃഷ്ണൻ കാര്യവട്ടം ക്യാമ്പസിന് തറക്കല്ലായിട്ട ശിലാഫലകം സർവ്വകലാശാലയുടെ സ്റ്റോർ റൂമിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫലകം ക്യാമ്പസിന്റെ പ്രവേശനകവാടത്തിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**വിദൂര വിദ്യാഭ്യാസ രജിസ്ട്രേഷൻ**

1700 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ 2024-25 അധ്യയന വർഷത്തിൽ ഏതെല്ലാം വിദൂര വിദ്യാഭ്യാസ യു.ജി, പി.ജി കോഴ്സുകളിലേക്കാണ് പ്രവേശന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) 2024-25 അധ്യയന വർഷത്തിൽ ഏതെങ്കിലും സർവ്വകലാശാലകൾ യു.ജി, പി.ജി കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ രീതിയിൽ പ്രവേശന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ശ്രീ നാരായണ ഗുരു ഓപ്പൺ സർവ്വകലാശാല ഒഴികെയുള്ള മറ്റു സർവ്വകലാശാലകൾ യു.ജി, പി.ജി കോഴ്സുകളിലേക്ക് വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രെജിസ്ട്രേഷൻ രീതിയിൽ പ്രവേശനം നൽകുന്നത് ഏത് നിയമത്തിന്റെ /ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) ശ്രീ നാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയിൽ വിവിധ യു.ജി, പി.ജി കോഴ്സുകളിൽ 2024-25 അധ്യയന വർഷത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം കോഴ്സ് തിരിച്ചു ലഭ്യമാക്കാമോ?

## ബി. എസ്. സി.ബയോടെക്നോളജി കോഴ്സുകൾ ഉള്ള കോളേജുകൾ

1701 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി. എസ്. സി. ബയോടെക്നോളജി കോഴ്സുള്ള എത്ര കോളേജുകൾ ഉണ്ട്; ഗവൺമെന്റ്, എയിഡഡ്, അൺഎയിഡഡ് എന്നിങ്ങനെ ജില്ല അടിസ്ഥാനത്തിൽ തരം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ബി. എസ്. സി. ബയോ ടെക്നോളജി കോഴ്സുകൾ ഉള്ള ഗവൺമെന്റ് കോളേജുകൾ ഏതെല്ലാം ജില്ലകളിലാണുള്ളതെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് പുതുതായി ബി. എസ്. സി. ബയോടെക്നോളജി കോഴ്സുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) 2023-24 വർഷ കാലയളവിൽ പ്രസ്തുത കോഴ്സിന് ഗവൺമെന്റ് കോളേജുകളിൽ അപേക്ഷ നൽകിയവരുടെ എണ്ണം സൂചിപ്പിക്കാമോ;

(ഇ) കേന്ദ്ര ഗവൺമെന്റ് ഈ വിഷയത്തിന് കൂടുതൽ ഊന്നൽ കൊടുക്കുന്ന സാഹചര്യത്തിൽ ( ബയോ ഇ3 നയം) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് കൂടുതൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകുമോ; വിശദമാക്കാമോ?

## നാലുവർഷ ബിരുദ കോഴ്സുകൾ

1702 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 അക്കാദമിക വർഷത്തിൽ സംസ്ഥാനത്തെ ഏതൊക്കെ യൂണിവേഴ്സിറ്റികളിലാണ് നാലുവർഷ ബിരുദ കോഴ്സുകൾ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) നാലുവർഷ ബിരുദ കോഴ്സുകൾ നടപ്പിലാക്കുക വഴി വിദ്യാർത്ഥികൾക്ക് എന്തൊക്കെ നേട്ടങ്ങളാണ് ലഭ്യമാക്കാൻ കഴിയുക എന്ന് വിശദമാക്കാമോ?

## ഗവൺമെന്റ് കോളേജുകളിലെ പുതിയ കോഴ്സുകൾ

1703 **ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം കോഴ്സുകൾ ഏതൊക്കെ കോളേജുകളിലാണ് ആരംഭിക്കുന്നതെന്ന് യു.ജി., പി.ജി. എന്നിവ തരംതിരിച്ച് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

## വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾ വികസിപ്പിച്ച് സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ നടപടി

1704 **ശ്രീ. കെ. ജെ. മാക്സി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾ വികസിപ്പിച്ച് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒരേ സമയം തന്നെ ഉന്നതപഠനവും തൊഴിൽ വൈദഗ്ദ്ധ്യവും നേടാൻ സാധിക്കുന്ന തരത്തിലുള്ള നൂതന കോഴ്സുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കാലിക്കറ്റ് സർവകലാശാല വിദ്യാർത്ഥിനിക്ക് അധികമായി നൽകിയ മാർക്ക് റദ്ദാക്കിയ നടപടി

1705 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാല വിമൻസ് സ്റ്റഡീസ് വകുപ്പിൽ നിന്നും 2010 ൽ എംഎ ബിരുദം നേടിയ കെ.ഡയാനയ്ക്ക് 17 മാർക്ക് അധികമായി നൽകിയത് ചാൻസലർ റദ്ദാക്കിയോ;എങ്കിൽ എന്ത് കാരണം ചൂണ്ടിക്കാട്ടിയാണ് റദ്ദാക്കിയതെന്ന് വിശദമാക്കാമോ;

(ബി) സർവ്വകലാശാല അധികമാർക്ക് രേഖപ്പെടുത്തി വിദ്യാർത്ഥിനിക്ക് നൽകിയ മാർക്ക് ലിസ്റ്റ് മടക്കി വാങ്ങി പുതുക്കിയ മാർക്ക് ലിസ്റ്റ് യൂണിവേഴ്സിറ്റി പരീക്ഷാഭവൻ നൽകിയോ;ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണ്;

(സി) അധികമാർക്ക് നൽകുന്നതിന് വിസമ്മതിച്ച വിമൻസ് സ്റ്റഡീസ് മുൻ വകുപ്പ് മേധാവിയായിരുന്ന ഡോ: മോളി കുരുവിളക്കെതിരെ സർവ്വകലാശാല കൈകൊണ്ട ശിക്ഷാനടപടികൾ തുടരുന്നുണ്ടോ; സർവീസിൽ നിന്ന് വിരമിച്ച ഡോ: മോളി കുരുവിളയുടെ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചതിന് കാരണം വ്യക്തമാക്കുമോ;

(ഡി) കെ.ഡയാനയ്ക്ക് അധികമാർക്ക് നൽകാൻ ശുപാർശ ചെയ്ത വകുപ്പ് മേധാവിക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്ലാനിങ് ബോർഡ് അംഗമായി നിയമനം നൽകിയോ;

(ഇ) ഡയാനയ്ക്ക് വിമൻസ് സ്റ്റഡീസ് വകുപ്പിൽ തന്നെ കരാറടിസ്ഥാനത്തിൽ അസിസ്റ്റൻറ് പ്രൊഫസറായി നിയമനം നൽകിയോ; എന്നുമുതലാണ് നിയമനം നൽകിയത് വിശദമാക്കാമോ;

(എഫ്) ഓരോ വർഷവും കരാർ പുതുക്കുമ്പോൾ നിയമനത്തിൽ സംവരണ തത്വം പാലിക്കുന്നുണ്ടോ വിശദമാക്കാമോ?

## പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ

1706 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ സ്ഥാപിക്കുന്നത് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഏത് രീതിയിലുള്ള മാറ്റം സാധ്യമാക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രൈവറ്റ് യൂണിവേഴ്സിറ്റികളിലെ ഫീസ് നിർണയ അധികാരത്തിലും അക്കാദമിക പ്രവർത്തനങ്ങളിലും ഉൾപ്പെടെ എന്തിലെങ്കിലും സർക്കാർ ഇടപെടലുകൾ സാധ്യമാണോ; ഇത് സംബന്ധിച്ച വ്യവസ്ഥകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## പാലക്കാട് ജില്ലയിലെ ബിരുദ, ബിരുദാനന്തര സീറ്റുകളുടെ എണ്ണം

1707 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ സർക്കാർ, എയ്ഡഡ് മേഖലകളിലായി നിലവിൽ ആകെയുള്ള ബിരുദ, ബിരുദാനന്തര സീറ്റുകളുടെ എണ്ണം സ്ഥാപനങ്ങളുടെയും കോഴ്സുകളുടെയും അടിസ്ഥാനത്തിൽ തരം തിരിച്ച് ലഭ്യമാക്കുമോ?

## കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷ

1708 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗവണ്മെന്റ് ടെക്നിക്കൽ എഡ്യൂക്കേഷൻ (കെ.ജി.റ്റി.ഇ. )ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയ്ക്കായുള്ള അടുത്ത വിജ്ഞാപനം എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) 2018 ന് മുമ്പ് നടത്തിയിരുന്നതുപോലെ വർഷത്തിൽ രണ്ട് തവണ പരീക്ഷ നടത്തുന്നതിന് വാർഷിക പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) കെ.ജി.റ്റി.ഇ.(കൊമേഴ്സ്) പുതിയ സിലബസ് പ്രകാരം പരീക്ഷ നടത്തുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പിൽ നിന്നുള്ള 13/02/2024 ലെ ജെ1/262/2022/ഉ.വി.വ. നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് (കൊമേഴ്സ് ഗ്രൂപ്പ്) കോഴ്സ് നടത്തുന്ന സ്ഥാപനങ്ങളുടെ അംഗീകൃത സംഘടനകളുമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 06/08/2024 ന്

നടത്തിയ ചർച്ചയുടെ മിനുട്ട്സിന്റെ പകർപ്പും സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കുമോ;

(ഡി) പുതിയ സിലബസ് നടപ്പിലാക്കുന്നതിന് മുൻപേ പുതിയ സിലബസ് പ്രകാരമുള്ള പരീക്ഷ സംബന്ധിച്ച് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇപ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ച് 6 മാസത്തെ കോഴ്സ് കാലാവധി പുതിയ സിലബസ് നടപ്പിലാക്കുന്നതിന് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ; മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് കോഴ്സിന്റെ കാലാവധി ആറ് മാസത്തിൽ കൂടുതൽ നീട്ടിക്കൊണ്ടുപോകുന്നതിന് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് സാധിക്കാത്തതിനാൽ വർഷത്തിൽ രണ്ട് പരീക്ഷ കൃത്യമായി നടത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(എഫ്) പുതിയ സിലബസ് പ്രകാരമാണ് കെ.ജി.റ്റി.ഇ. പരീക്ഷ നടത്താൻ തീരുമാനിച്ചിട്ടുള്ളതെങ്കിൽ ഇതിനായി മോഡൽ ചോദ്യപേപ്പറുകൾ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>സാങ്കേതിക സർവ്വകലാശാല</u>

1709 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഏപ്രിലിൽ നാലുവർഷം കാലാവധി അവസാനിച്ച സാങ്കേതിക സർവ്വകലാശാല സിൻഡിക്കേറ്റും ബോർഡ് ഓഫ് ഗവർണേഴ്സും പുനഃസംഘടിപ്പിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) യൂണിവേഴ്സിറ്റി നിയമപ്രകാരം നാലുവർഷം കൂടുമ്പോൾ സമിതി നിർബന്ധമായും പുനഃസംഘടിപ്പിക്കണമെന്ന വ്യവസ്ഥയുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ഇതര സർവകലാശാലകളിൽ നിശ്ചിത സമയത്തു തന്നെ ഭരണസമിതികൾ പുനഃസംഘടിപ്പിക്കപ്പെട്ടപ്പോൾ, സാങ്കേതിക സർവ്വകലാശാലയിൽ മാത്രം പുനഃസംഘടിപ്പിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

## <u>ഡോ. സിസാ തോമസിന്റെ പെൻഷൻ ആനുകൂല്യങ്ങൾ</u>

1710 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ സീനിയർ ജോയിന്റ് ഡയറക്ടറും, തുടർന്ന് സാങ്കേതിക സർവകലാശാലാ വൈസ് ചാൻസലറുടെ ചുമതലയും വഹിച്ചിരുന്ന 2023 മാർച്ച് 31-ന് സർവീസിൽ നിന്നും വിരമിച്ച ഡോ. സിസാ തോമസിന് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയോ; നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

## ആറ്റിങ്ങൽ ഐ.എച്ച്.ആർ.ഡി. കോളേജിലെ കെട്ടിട നിർമ്മാണം

1711 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിലെ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; കെട്ടിടത്തിന്റെ സ്റ്റെബിലിറ്റി പരിശോധിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## എ.ഐ.സി.ടി.ഇ. നിർദ്ദേശിച്ചിട്ടുള്ള കരിയർ അഡ്വാൻസ്മെന്റ് സ്കീം

1712 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഐ.സി.ടി.ഇ. നിർദ്ദേശിച്ചിട്ടുള്ള കരിയർ അഡ്വാൻസ്മെന്റ് സ്കീം സംസ്ഥാന സർക്കാറിന്റെ നിയന്ത്രണത്തിലുള്ള ഐ.എച്ച്.ആർ.ഡി. എൻജിനീയറിംഗ് കോളേജുകളിൽ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളേജുകളിൽ ഈ സ്കീം നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഈ സ്കീം നടപ്പിലാക്കാത്തത് കോളേജുകളുടെ പഠനനിലവാരത്തെ സാരമായി ബാധിക്കുമെന്നതിനാൽ ആയത് സംസ്ഥാനത്തെ ഐ.എച്ച്.ആർ.ഡി. എൻജിനീയറിംഗ് കോളേജുകളിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ അധ്യാപക നിയമനം

1713 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ പുതുതായി ആരംഭിച്ച കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ അധ്യാപകർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽ, മറ്റ് കോളേജുകളിൽ നിന്ന് താല്ക്കാലികമായി അധ്യാപകരെ പുനർവിന്യസിക്കുന്ന വിഷയം പരിഗണിക്കുമോയെന്ന് അറിയിക്കാമോ?

## എഞ്ചിനീയറിംഗ് കോളജുകളിലെ ഫ്ലോട്ടിംഗ് സംവരണം

1714 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളജുകളിൽ ബി.ടെക് പ്രവേശനത്തിൽ ഫ്ലോട്ടിംഗ് റിസർവേഷൻ നിർത്തലാക്കാൻ നിർദേശിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എച്ച്.ഇ.ഡി.എൻ.-ജി3/59/2022-എച്ച്.ഇ.ഡി.എൻ. നമ്പർ പ്രകാരം 06.03.2024-ന് നൽകിയ കത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഫ്ലോട്ടിംഗ് സംവരണം സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ എ.സി.ബി.1/46155/ഡി.റ്റി.ഇ. നമ്പർ പ്രകാരം 05.01.2024-ന് നൽകിയ കത്തിന്റെ

പകർപ്പ് ലഭ്യമാക്കാമോ;

(സി) ഫ്ലോട്ടിംഗ് സംവരണം നടപ്പാക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രി തലത്തിലോ മന്ത്രി തലത്തിലോ യോഗം വിളിക്കുകയോ നിർദേശം നൽകുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ യോഗത്തിന്റെ മിനിട്സ്, നിർദേശത്തിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ;

(ഡി) 2024-ൽ എഞ്ചിനീയറിംഗ് കോഴ്സുകളിലേക്കുള്ള പ്രവേശനത്തിൽ ഫ്ലോട്ടിംഗ് സംവരണം മുഖേന പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ?

**<u>ക്യാമ്പസ് ഇൻഡസ്ട്രിയിൽ പാർക്ക്</u>**

1715 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിനെ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇരുപത്തിയഞ്ച് ഏക്കർ ഭൂമിയുള്ള പ്രസ്തുത കോളേജിനെ ക്യാമ്പസ് ഇൻഡസ്ട്രിയിൽ പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>എൻജിനീയറിങ് പ്രവേശനത്തിലെ സംവരണ പിഴവുകൾ</u>**

1716 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എൻജിനീയറിങ് പ്രവേശനത്തിന്റെ മൂന്നാം ഘട്ട അലോട്ട്മെന്റിന്റെ പ്രൊവിഷണൽ പട്ടിക തയ്യാറാക്കിയപ്പോൾ മെറിറ്റിൽ അലോട്ട്മെൻറ് നൽകേണ്ട വിദ്യാർത്ഥികളെ സംവരണ സീറ്റിൽ നിലനിർത്തിയ പിഴവ് ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) ഈ പിഴവ് തിരുത്താൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രോസ്പെക്ടസ് വ്യവസ്ഥകൾക്ക് വിരുദ്ധമായി എൻജിനീയറിങ് മൂന്നാം ഘട്ട അലോട്ട്മെൻറ് സീറ്റ് ഫില്ലിങ് റൗണ്ടാക്കി മാറ്റിയത് സർക്കാർ അനുമതിയോടെയാണോ; എങ്കിൽ ഇതുസംബന്ധിച്ച് അനുമതി നൽകിയ രേഖയുടെ പകർപ്പ് ഹാജരാക്കാമോ;

(ഡി) ഈ വർഷത്തെ എൻജിനീയറിങ്, മെഡിക്കൽ പ്രവേശനത്തിൽ സർക്കാർ/ എയ്ഡഡ് കോളജുകളിലേക്കായി തയ്യാറാക്കിയ സീറ്റ് മെട്രിക്സിന്റെ പകർപ്പ് ലഭ്യമാക്കാമോ; എൻജിനീയറിങിന്റെ മൂന്ന് അലോട്ട്മെന്റുകളിലും വിവിധ സംവരണ കാറ്റഗറികൾക്ക് വ്യത്യസ്ത സീറ്റ് വിഹിതം അനുവദിച്ചത് എങ്ങനെയാണെന്ന് വിശദീകരിക്കാമോ ?

**<u>പുതിയ പോളിടെക്നിക്കിന്റെ നിർമ്മാണം</u>**

1717 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ വിളപ്പിൽ പോളിടെക്നിക്ക് ആരംഭിക്കുന്നത് സംബന്ധിച്ച നടപടികൾ എന്തായെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പോളിടെക്നിക്കിനായി ചുമതലപ്പെടുത്തിയ സ്പെഷ്യൽ ഓഫീസർ നിലവിലുണ്ടോ; ഇല്ലെങ്കിൽ സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കാമോ;

(സി) പ്രസ്തുത പോളിടെക്നിക്ക് യാഥാർത്ഥ്യമാക്കുന്നതിനുള്ള തുടർനടപടികൾ വിശദമാക്കാമോ?

**<u>സർക്കാർ/എയ്ഡഡ് മേഖലയിൽ പുതിയ പോളിടെക്നിക് കോളേജുകൾ</u>**

1718 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ/എയ്ഡഡ് മേഖലയിൽ പോളിടെക്നിക് കോളേജുകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മണ്ഡലങ്ങളിൽ ആണ് അനുവദിച്ചതെന്ന് പറയാമോ;

(ബി) പരപ്പ ഗവൺമെന്റ് പോളിടെക്നിക് കോളേജ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>ടെക്നിക്കൽ ഹൈസ്കൂളുകൾ മോഡൽ പോളിടെക്നിക് ആക്കി ഉയർത്തുന്നത്</u>**

1719 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ടെക്നിക്കൽ ഹൈസ്കൂളുകൾ മോഡൽ പോളിടെക്നിക് ആക്കി ഉയർത്തുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ കൊയിലാണ്ടി മണ്ഡലത്തിലെ പയ്യോളി ടെക്നിക്കൽ സ്കൂൾ ഇതിലുൾപ്പെടുന്നുണ്ടോ; വിശദമാക്കാമോ?

**<u>കോതമംഗലം-ചേലാട് പോളിടെക്നിക് കോളേജിലെ വികസന പ്രവർത്തനങ്ങൾ</u>**

1720 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം-ചേലാട് പോളിടെക്നിക് കോളേജിൽ വിവിധ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) സാങ്കേതിക തടസ്സങ്ങൾ നീക്കി പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>സി ആപ്റ്റ് വക താത്കാലിക കോഴ്സുകൾ ആരംഭിക്കുന്നതിന്</u>**

1721 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻറർ ഫോർ അഡ്വാൻസ്ഡ് പ്രിൻറിംഗ് ആൻഡ് ടെക്നോളജി (സി ആപ്റ്റ്) യുടെ അധീനതയിൽ സ്വന്തമായി 50 സെൻറ് ഭൂമിയുള്ള പുനലൂർ നിയോജകമണ്ഡലത്തിലെ അഞ്ചലിൽ ,സി ആപ്റ്റ് ന്റെ ആഭിമുഖ്യത്തിൽ ഒരു വർഷക്കാലം ദൈർഘ്യമുള്ള കെ.ജി.ടി.ഇ , പ്രീ പ്രസ് ഓപ്പറേഷൻ വർക്ക് , പോസ്റ്റ് പ്രസ് ഓപ്പറേഷൻ ആൻഡ് ഫിനിഷിംഗ് എന്നിങ്ങനെയുള്ള കോഴ്സുകളും ആരംഭിക്കുന്നതിന് നല്കിയിട്ടുള്ള നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ അറിയിക്കുമോ;വിശദമാക്കാമോ;

(ബി) ആവശ്യമായ അനുവാദം ലഭിക്കുന്നപക്ഷം താൽക്കാലിക സൗകര്യം ഏർപ്പെടുത്തേണ്ട സാഹചര്യമുണ്ടായാൽ സ്ഥിരം സംവിധാനം ഉണ്ടാകുന്നതു വരെ പഞ്ചായത്ത് ആസ്ഥാനത്ത് തന്നെ ആവശ്യത്തിന് വിസ്തൃതിയിലുള്ള കെട്ടിടം കണ്ടെത്താവുന്നതും, ആയതിന്റെ ചെലവ് വഹിക്കാൻ പഞ്ചായത്ത് തലത്തിൽ ധാരണ ഉണ്ടാക്കിയിട്ടുള്ളതുമായ സാഹചര്യത്തിൽ ഈ മേഖലയിലെ സാധാരണക്കാരായ വിദ്യാർത്ഥികളുടെ തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് ഇവിടെ പ്രസ്തുത കോഴ്സ് താത്കാലികമായി അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ?

## <u>കേരളാ സ്റ്റേറ്റ് സി-ആപ്റ്റിൽ നിലവിലുള്ള സർവ്വീസ് വിഷയങ്ങൾ</u>

1722 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സി-ആപ്റ്റ് ജീവനക്കാരുടെ 06/06/2024-ലെ സ.ഉ. (കൈ) നം.351/2024/ഉ.വി.വ., പ്രകാരമുള്ള ട്രാൻസ്ഫർ ആൻഡ് പ്രമോഷൻ പോളിസിയിൽ, 12.05.2022-ലെ സ.ഉ.(കൈ)നം.231/2022/ഉ.വി.വ. ഉത്തരവിൽ പത്താം ശമ്പള കമ്മീഷൻ നടപ്പാക്കുന്നതിലേക്കായി നിർദേശിച്ചിരുന്ന 26 വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സി-ആപ്റ്റിൽ സ്റ്റാഫ് പാറ്റേൺ, പ്രമോഷൻ പോളിസി എന്നിവ രൂപീകരിക്കുന്നതിലേക്കായി 20.02.2018-ലെ സ.ഉ. (സാധാ) നം.318/2018/ഉ.വി.വ. പ്രകാരം നിയമിച്ച മൂന്നംഗ കമ്മിറ്റിയുടെ റിപ്പോർട്ടിലെ അനോമാലി പരിഹരിക്കാൻ എക്സിക്യൂട്ടീവ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയതിനെത്തുടർന്ന് സ്റ്റാഫ് പാറ്റേണും, പ്രമോഷനും ഉടച്ചുവാർത്ത കമ്മിറ്റി തീരുമാനത്തിന് എന്തെങ്കിലും നിയമസാധുത ഉണ്ടോ; വ്യക്തമാക്കുമോ;

(സി) കേരള സ്റ്റേറ്റ് സി-ആപ്റ്റിനെ ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1956-ന് കീഴിൽ കൊണ്ടുവരാനുള്ള സാഹചര്യം വ്യക്തമാക്കാമോ; ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന ട്രെയിനിംഗിനു വേണ്ടി പ്ലാൻ ഫണ്ട് വാങ്ങുന്നത് സി-ആപ്റ്റ് മുഖേനയാണോ എന്നറിയിക്കാമോ;

(ഡി) കേരള സ്റ്റേറ്റ് സി-ആപ്റ്റിൽ നിലവിൽ എത്ര തസ്തികകളുണ്ടെന്നും അവയുടെ പേരും നിലവിലെ സീനിയോറിറ്റി ലിസ്റ്റും ലഭ്യമാക്കാമോ?

## <u>സി-ആപ്റ്റ്</u>

1723 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി അച്ചടിയുമായി ബന്ധപ്പെട്ട് സി-ആപ്റ്റിന് ഇരുപത് കോടി രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എങ്കിൽ അച്ചടിയ്ക്കായി ഏത് തരം മെഷീനുകളാണ് വാങ്ങാൻ തീരുമാനിച്ചിട്ടുള്ളതെന്നും അതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) സി-ആപ്റ്റിൽ നിന്ന് പിരിഞ്ഞുപോകുന്ന ജീവനക്കാർക്ക് അർഹതപ്പെട്ട ഡി.എ. കുടിശിക, ശമ്പള പരിഷ്കരണ കുടിശിക എന്നിവ മരവിപ്പിച്ച നടപടി പുന:സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) സി-ആപ്റ്റ് മലപ്പുറം കേന്ദ്രത്തിന്റെ സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി വിശദമാക്കുമോ?

## കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടനിർമ്മാണം

1724 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഡി.എസ്.ആർ. 2018 പ്രകാരം പുനർനിർണ്ണയിച്ച പ്രവൃത്തിയുടെ അടങ്കലിന് പുതുക്കിയ ഭരണാനുമതി നൽകുന്നതിനായുള്ള പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ഹൈസ്കൂൾ കെട്ടിട നിർമ്മാണത്തിന് 3 കോടി രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ; പ്രവൃത്തി സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടേറ്റ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## ചാലക്കുടി മേഖല ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റേറിയം കെട്ടിടത്തിലെ ചോർച്ച പരിഹരിക്കുന്നതിന് നടപടി

1725 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മേഖല ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റേറിയം കെട്ടിടത്തിന്റെ മകുടത്തിലെ ചോർച്ച പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ചോർച്ച പരിഹരിച്ച് പ്ലാനറ്റേറിയം എന്നത്തേക്ക് പൊതുജനങ്ങൾക്ക് തുറന്നുനൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## ശാസ്ത്ര സാങ്കേതിക മ്യൂസിയം ജീവനക്കാരുടെ ശമ്പള പരിഷ്കരണം

1726 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക മ്യൂസിയം ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ശാസ്ത്ര സാങ്കേതിക മ്യൂസിയം ഗവേണിംഗ് ബോഡി എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തീരുമാനത്തിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ജൂനിയർ ടെക്നിക്കൽ സ്കൂളുകളിൽ രണ്ടാം ഭാഷ പഠിപ്പിക്കുന്നതിനുള്ള നടപടി

1727 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂനിയർ ടെക്നിക്കൽ സ്കൂളുകളിൽ രണ്ടാം ഭാഷ (അറബിക്/ഹിന്ദി/ഉറുദു) പഠിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ജൂനിയർ ടെക്നിക്കൽ സ്കൂളുകളിൽ താൽക്കാലിക അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) സ്കൂൾ പി.ടി.എ.യ്ക്ക് അഭിമുഖം നടത്തി താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാനുള്ള അധികാരം ഉണ്ടോ; വ്യക്തമാക്കാമോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അല്ലാതെ താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കുമോ; എങ്കിൽ എങ്ങനെയെന്ന് വിശദീകരിക്കുമോ?

## വരടിയം ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ

1728 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വരടിയം ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളിന് (ജി.ഒ (ആർ.ടി) നം.1335/2022/ എച്ച്.ഇ.ഡി.എൻ. തീയതി 05.09.2022 (എ.എസ്. നം: എ.എസ്/ എച്ച്.ഇ.ഡി/22/21729 വാലിഡ് അപ് ടു 04.09.2025) ഉത്തരവ്) കൺസ്ട്രഷൻ ഓഫ് ഗ്രൗണ്ട് ഫ്ലോർ ബാലൻസ് വർക്ക് ആൻഡ് ഫസ്റ്റ് ഫ്ലോർ ഫേസ്-1 വർക്കിനായി 1,50,00,000/- രൂപ ഭരണാനുമതി ലഭിച്ച് അനുവദിച്ച തുക പി.ഡബ്ല്യൂ.ഡി-യ്ക്ക് കൈമാറി പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## കോഴിക്കോട് ഐ.എച്ച്.ആർ.ഡി ടെക്നിക്കൽ സ്കൂളിന്റെ വികസനം

1729 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.ക്കു കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പശ്ചാത്തല വികസനത്തിന് പ്ലാൻ ഫണ്ട് അനുവദിച്ചു നൽകാറുണ്ടോ;

(ബി) കോഴിക്കോട് ഐ.എച്ച്.ആർ.ഡി. ടെക്നിക്കൽ സ്കൂളിന്റെ വികസനത്തിന് ഫണ്ട് അനുവദിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

## പുനലൂർ ഗവൺമെൻറ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുനരുദ്ധാരണം

1730 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം, പത്തനംതിട്ട ജില്ലകളിലെ ഒരേയൊരു ഗവൺമെൻറ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടായ പുനലൂർ, നെല്ലിപ്പള്ളിയിൽ ഏറെ വർഷങ്ങളായി പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ ഈ വർഷത്തെ സിലബസ്സ് റിവിഷനിൽ ടൈപ്പ്റൈറ്റർ മാറ്റുകയും പകരമായി വേർഡ് പ്രോസസിംഗ് കൂട്ടിചേർക്കുകയും ചെയ്തിട്ടുള്ളതിനാൽ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങളുടെ അഭാവം കാരണം പഠനം ബുദ്ധിമുട്ടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികൾക്ക് ഫീസ് കൺസഷൻ ലഭിക്കുന്നതിനുള്ള ആൾ ഇന്ത്യ സർവ്വേ ഓൺ ഹയർ എഡ്യൂക്കേഷൻ -കോഡ് ലഭിയ്ക്കുന്നതിന് സ്റ്റേറ്റ് ടെക്നിക്കൽ കൗൺസിലിന്റെ അഫിലിയേഷൻ ലറ്റർ ആവശ്യമായി വന്നിട്ടുള്ളതിനാലും മതിയായ ഇൻഫ്രാസ്ട്രക്ചറില്ലാതെ പ്രവർത്തിയ്ക്കുന്ന കാരണത്താൽ അഫിലിയേഷൻ ലഭിയ്ക്കാത്ത സാഹചര്യത്തിലും സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനാവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുമോ വിശദമാക്കാമോ?

## കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലമെടുപ്പ്

1731 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലമെടുപ്പ് നടപടികൾ വിശദമാക്കാമോ;

(ബി) കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ 25.09.2024-ലെ ജെ2/62/2023 നമ്പർ കത്തിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മറുപടി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഈ സാമ്പത്തിക വർഷം പ്രസ്തുത സ്ഥലം ഏറ്റെടുക്കലിന് വേണ്ടി വരുന്ന തുക കൂടി കണക്കാക്കി ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; ആയതിൽ ഉയർന്ന പലിശ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സ്ഥലം ഏറ്റെടുക്കലിന് ആവശ്യമായ ഫണ്ട് അർത്ഥനാധികാരി (കളക്ടർ) റവന്യൂ വകുപ്പിന് കൈമാറാനുള്ള കാലതാമസത്തിന് കാരണം എന്താണെന്നും കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

## മഞ്ചേശ്വരം ഗോവിന്ദപൈ സ്മാരക ഗവ. കോളേജ്

1732 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗോവിന്ദപൈ സ്മാരക ഗവ. കോളേജിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് പ്രപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കോഴ്സുകൾ എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**സർവകലാശാല പഠനവകുപ്പുകളും കോഴ്സുകളും**

1733 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാല പഠനവകുപ്പുകളിലും, സർവകലാശാലകൾ നേരിട്ടു നടത്തുന്ന സെന്ററുകളിലും വിവിധ പ്രോഗ്രാമുകളിൽ 2022-23,2023-24,2024-25 അധ്യയന വർഷങ്ങളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം, പ്രോഗ്രാം,പഠനവകുപ്പ്, കേന്ദ്രം എന്നിവ തിരിച്ചു ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ സർവകലാശാല പഠനവകുപ്പുകളിലും, സർവകലാശാലകൾ നേരിട്ടു നടത്തുന്ന സെന്ററുകളിലും വിവിധ പ്രോഗ്രാമുകളിൽ 2022-23,2023-24,2024-25 അധ്യയന വർഷങ്ങളിൽ ലഭ്യമായ പെർമെനന്റ് സീറ്റുകളുടെ എണ്ണം, വിദ്യാർത്ഥികൾ പ്രവേശനം നേടിയ സീറ്റുകളുടെ എണ്ണം,ഒഴിഞ്ഞ് കിടന്ന സീറ്റുകളുടെ എണ്ണം എന്നിവ പ്രോഗ്രാം,പഠനവകുപ്പ്,കേന്ദ്രം എന്നിവ തിരിച്ചു ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ സർവകലാശാല പഠനവകുപ്പുകളിലും, സർവകലാശാലകൾ നേരിട്ടു നടത്തുന്ന സെന്ററുകളിലും നിലവിലുള്ള സ്ഥിരം അധ്യാപകരുടെ എണ്ണം വിഷയം,പഠനവകുപ്പ്,തസ്തിക എന്നിവ തിരിച്ചു ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്തെ സർവകലാശാല പഠനവകുപ്പുകളിലും, സർവകലാശാലകൾ നേരിട്ടു നടത്തുന്ന സെന്ററുകളിലും നിലവിലുള്ള താൽക്കാലിക അധ്യാപകരുടെ എണ്ണം വിഷയം,പഠനവകുപ്പ് എന്നിവ തിരിച്ചു ലഭ്യമാക്കാമോ;

(ഇ) നാലു വർഷ ബിരുദ റെഗുലേഷന്റെ ഭാഗമായി സർവ്വകലാശാല പഠനവകുപ്പുകളിൽ ഈ അധ്യയന വർഷം ആരംഭിച്ച പുതിയ പ്രോഗ്രാമുകളുടെ വിശദാംശങ്ങൾ സർവ്വകലാശാല, പഠനവകുപ്പ് എന്നിവ തിരിച്ചു ലഭ്യമാക്കാമോ?

**കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ കേന്ദ്രമാക്കാൻ നടപടി**

1734 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ കേന്ദ്രമാക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്വകാര്യ മേഖലയിൽ ഉന്നത വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**കോളേജുകളിലെ അശാസ്ത്രീയമായ പ്രവേശന സമ്പ്രദായം**

1735 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിലെ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള ഡിഗ്രി, പി.ജി പ്രവേശനത്തിന് അഡ്മിഷൻ നടത്തുന്നതിനുള്ള ഓൺലൈൻ അലോട്ട്മെന്റിലെ അശാസ്ത്രീയത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) അലോട്ട്മെന്റ് പൂർത്തിയായെങ്കിലും നിരവധി സീറ്റുകൾ പല കോളേജുകളിലും ഒഴിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കുന്നതിന് മൂന്നാമത് ഒരു അലോട്ട്മെന്റ് കൂടി അനുവദിക്കുമോ;

(സി) ഒഴിവുള്ള സീറ്റുകളിൽ പ്രാദേശികമായി കുട്ടികളെ പ്രവേശിപ്പിക്കാൻ മൂന്നാം അലോട്ട്മെന്റിന് ശേഷം നടപടി സ്വീകരിക്കുമോ;

(ഡി) ഈ അശാസ്ത്രീയമായ പ്രവേശന സമ്പ്രദായം അവസാനിപ്പിക്കുവാനും അലോട്ട്മെന്റ് രീതി പരിഷ്കരിക്കാനും ശാസ്ത്രീയമായി ഇവയെക്കുറിച്ച് പഠിക്കാനും നടപടി സ്വീകരിക്കുമോ?

## സർവ്വകലാശാല ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ ആനുകൂല്യങ്ങൾ

1736 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി മൂലം സർവ്വകലാശാല ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞു വച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർവ്വകലാശാലകളിൽ ഏത് വർഷം മുതൽ വിരമിച്ച ജീവനക്കാർക്ക് ടി അനുകൂല്യങ്ങൾ നൽകാനുണ്ട് ;

(ബി) ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ഗ്രാന്റ് അധികമായി നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

## ബിരുദ ബിരുദാനന്തര കോഴ്സുകൾ

1737 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള, കാലിക്കറ്റ്, എം.ജി, കണ്ണൂർ സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് (സ്വാശ്രയ) ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് ആകെ എത്ര സീറ്റുകളാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ഈ വർഷം ഓരോ സർവകലാശാലയുടെയും കീഴിലുള്ള കോളേജുകളിൽ എത്ര പേർ പ്രവേശനം നേടിയെന്നും എത്ര സീറ്റുകൾ ഒഴിവുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

## യു.ജി.സി.യുടെ ഏഴാം ശമ്പളപരിഷ്കരണം

1738 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി.യുടെ ഏഴാം ശമ്പളപരിഷ്കരണത്തിന്റ ഭാഗമായി 2016 ജനുവരി 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കുടിശിക അധ്യാപകർക്ക് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയാണ് ഈ ഇനത്തിൽ നൽകിയത്; എന്നാണ് നൽകിയത്; അതിൽ സംസ്ഥാന സർക്കാർ വിഹിതം എത്രയാണ്; കേന്ദ്ര

സർക്കാർ വിഹിതം എത്രയാണ്; വിശദമാക്കാമോ;

(സി) പ്രസ്തുത കുടിശിക നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; വിശദമാക്കാമോ;

(ഡി) കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ പറഞ്ഞിരുന്ന റീ ഇമ്പേഴ്സ്മെന്റ് സ്കീം പ്രകാരം വിതരണം ചെയ്യേണ്ടിയിരുന്ന തീയതി എന്നായിരുന്നു; പ്രസ്തുത തീയതിക്കുള്ളിൽ കുടിശിക വിതരണം ചെയ്തിരുന്നോ; വിശദമാക്കാമോ;

(ഇ) ഇത് സംബന്ധിച്ച തീയതി കേന്ദ്ര സർക്കാർ നീട്ടി നൽകിയിട്ടുണ്ടോ; അവസാന തീയതിക്കുള്ളിൽ കുടിശിക നൽകുന്നതിന് സംസ്ഥാന സർക്കാരിന് സാധിച്ചിരുന്നില്ലേ; വിശദമാക്കാമോ;

(എഫ്) യു.ജി.സി. ശമ്പളപരിഷ്കരണ കുടിശിക വിതരണം ചെയ്ത ഇനത്തിൽ സംസ്ഥാനത്തിന് കേന്ദ്രസർക്കാരിൽ നിന്നും തുക എന്തെങ്കിലും ലഭിക്കാനുണ്ടോ; വിശദമാക്കാമോ?

## <u>സർവ്വകലാശാലകളുടെ സ്റ്റാന്റിംഗ് കൗൺസൽമാർ</u>

1739 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതി, സുപ്രീം കോടതി, മറ്റു കോടതികൾ എന്നിവിടങ്ങളിൽ നിന്നും സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുടെ സ്റ്റാന്റിംഗ് കൗൺസൽ ചുമതല വഹിക്കുന്ന അഭിഭാഷകരുടെ പേര്, അവർ എന്നുമുതലാണ് പ്രസ്തുത പദവി വഹിച്ചുവരുന്നത്, അവരെ നിയമിച്ച സർവ്വകലാശാല ഉത്തരവിന്റെ പകർപ്പ് എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കേരള ഹൈക്കോടതിയിലെയും, സുപ്രീം കോടതിയിലെയും വിവിധ സർവ്വകലാശാലകളുടെ സ്റ്റാന്റിംഗ് കൗൺസൽമാരുടെ സേവന-വേതന വ്യവസ്ഥകൾ ലഭ്യമാക്കാമോ;

(സി) കേരള ഹൈക്കോടതിയിലെ, സർവ്വകലാശാലകളുടെ സ്റ്റാന്റിംഗ് കൗൺസലിന് റിട്ട് പെറ്റീഷൻ, റിട്ട് അപ്പീൽ എന്നിവയിൽ ഹാജരാകുന്നതിന് അനുവദിക്കുന്ന ഫീസ്, മറ്റു ചാർജ്ജുകൾ എന്നിവയുടെ നിരക്കുകൾ ലഭ്യമാക്കാമോ;

(ഡി) കേരള ഹൈക്കോടതിയിലെ, സർവ്വകലാശാലകളുടെ നിലവിലെ സ്റ്റാന്റിംഗ് കൗൺസൽമാർക്ക്, അവർ ചുമതലയേറ്റതു മുതൽ നാളിതുവരെ വിവിധ ഇനങ്ങളിലായി അനുവദിച്ച ഫീസ്, മറ്റു ചാർജ്ജുകൾ എന്നിവയുടെ വിശദാംശങ്ങൾ സർവ്വകലാശാല തിരിച്ചു ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത അഭിഭാഷകൻ, ഒരേസമയം മറ്റൊരു സർവ്വകലാശാലയുടെ സ്റ്റാന്റിംഗ് കൗൺസലായി പ്രവൃത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇങ്ങിനെ ഒരേ വ്യക്തിതന്നെ ഒന്നിലധികം സർവ്വകലാശാലകളുടെ സ്റ്റാന്റിംഗ് കൗൺസൽ ആയി പ്രവർത്തിക്കുന്നത് സർവ്വകലാശാലകൾ തമ്മിലുള്ള നിയമ വ്യവഹാരങ്ങളിൽ തർക്കം ഉടലെടുക്കാൻ കരണമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) കാലിക്കറ്റ് സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ.എം.കെ.ജയരാജ്, കണ്ണൂർ സർവകലാശാലാ മുൻ വൈസ് ചാൻസലർ ഡോ.ഗോപിനാഥ് രവീന്ദ്രൻ എന്നിവരുടെ നിയമനവുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങൾക്ക് പ്രസ്തുത സർവകലാശാലകളുടെ ഫണ്ടിൽ നിന്നും നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട് സർവ്വകലാശാല സ്റ്റാന്റിംഗ് കൗൺസലിനും, മറ്റു അഭിഭാഷകർക്കും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ഓരോ അഭിഭാഷകരുടെയും പ്രത്യേകം പ്രത്യേകമായി ലഭ്യമാക്കാമോ;

(ജി) തങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട് പ്രസ്തുത വൈസ് ചാൻസലർമാർ സർവ്വകലാശാല ചാൻസലർക്കെതിരെ ഫയൽ ചെയ്ത കേസ് നടത്തിപ്പിന് സർവ്വകലാശാല ഫണ്ടിൽ നിന്നും തുക അനുവദിക്കരുതെന്നും, അനുവദിച്ച തുക തിരികെ ഈടാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സർവ്വകലാശാലകൾക്ക് ചാൻസലർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ചാൻസലറുടെ പ്രസ്തുത നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ; ചാൻസലറുടെ മേൽ നിർദ്ദേശം സർവ്വകലാശാലകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഏതെങ്കിലും സർവ്വകലാശാലകൾ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

## <u>സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ബിരുദ കോഴ്സുകൾ</u>

1740 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ വിവിധ നാലു വർഷ ബിരുദ കോഴ്സുകളിലും, നാലു വർഷ ബിരുദം ഒഴികെയുള്ള കോഴ്സുകളിലും 2024-25 അധ്യയന വർഷം ലഭ്യമായ പെർമെനന്റ് സീറ്റുകളുടെ ആകെ എണ്ണം സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സീറ്റുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ആകെ എണ്ണം, ഒഴിഞ്ഞ് കിടക്കുന്ന സീറ്റുകളുടെ ആകെ എണ്ണം എന്നിവ സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ;

(സി) സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ വിവിധ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലും, ഇന്റഗ്രേറ്റഡ് പി.ജി പ്രോഗ്രാമുകളിലും 2024-25 അധ്യയന വർഷം ലഭ്യമായ പെർമെനന്റ് സീറ്റുകളുടെ ആകെ എണ്ണം, പ്രസ്തുത സീറ്റുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ആകെ എണ്ണം, ഒഴിഞ്ഞ് കിടക്കുന്ന സീറ്റുകളുടെ ആകെ എണ്ണം എന്നിവ സർവ്വകലാശാല തിരിച്ച് ലഭ്യമാക്കാമോ?

## <u>നാലു വർഷ ബിരുദ പ്രോഗ്രാം</u>

1741 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിരുദ പഠനത്തിനായി യു.ജി.സി. ആവിഷ്കരിച്ച നാലു വർഷ ബിരുദ പ്രോഗ്രാമിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പാഠ്യപദ്ധതി വിദ്യാർത്ഥികളുടെ വിദേശ പഠനം സുഗമമാക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഈ പാഠ്യപദ്ധതി എത്രമാത്രം സഹായകരമാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) ബിരുദ വിദ്യാർത്ഥികൾക്ക് പുതിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുവാനുള്ള എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കുന്നതെന്ന് വെളിപ്പെടുത്താമോ?

## നാലുവർഷ ബിരുദ പ്രോഗ്രാം

1742 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അധ്യയന വർഷം ആരംഭിച്ച നാലുവർഷ ബിരുദ പ്രോഗ്രാമുകളിൽ ക്ലാസ് ആരംഭിച്ച തീയതി, വിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിച്ച അവസാന തീയതി, ഒന്നാം സെമസ്റ്റർ പരീക്ഷകൾ ആരംഭിക്കുന്ന തീയതി എന്നിവ സർവ്വകലാശാല തിരിച്ചു ലഭ്യമാക്കാമോ;

(ബി) ബിരുദ പ്രവേശനത്തിനുള്ള അവസാന തീയതികളിൽ പ്രവേശനം നേടിയ വിദ്യാർഥികൾക്ക്, നാലുവർഷ ബിരുദ റെഗുലേഷനിൽ വ്യവസ്ഥ ചെയ്യുന്ന മിനിമം അധ്യയന ദിനങ്ങൾ, ഹാജർ എന്നിവ ലഭിക്കുന്നത് ഉറപ്പ് വരുത്താൻ സ്വീകരിച്ച മാർഗങ്ങൾ വിശദമാക്കാമോ;

(സി) ബിരുദ പ്രോഗ്രാമുകളിലെ വിദ്യാർത്ഥി പ്രവേശനം അവസാനിച്ചതിനു ശേഷം വിവിധ നാലുവർഷ ബിരുദ പ്രോഗ്രാമുകളിൽ ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളുടെ എണ്ണം സർവ്വകലാശാല, കോഴ്സ് എന്നിവ തിരിച്ചു ലഭ്യമാക്കാമോ;

(ഡി) നാലുവർഷ ബിരുദ പ്രോഗ്രാമുകളിൽ ഏതെല്ലാം കോഴ്സുകളുടെ സിലബസ് ഫൈനലൈസ് ചെയ്തുവെന്നും ആയത് ഉൾപ്പെടുത്തി സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിക്കാൻ ഇനിയും ബാക്കിയുണ്ടോയെന്നും സർവ്വകലാശാല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ഇ) ഏതെല്ലാം നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ സിലബസ് പരിഷ്കരിച്ച് വീണ്ടും ഉത്തരവിറക്കേണ്ടി വന്നിട്ടുണ്ടെന്ന് വിശദമാക്കാമോ; ആയതിന്റെ കാരണം ലഭ്യമാക്കാമോ;

(എഫ്) നാലുവർഷ ബിരുദ പ്രോഗ്രാമുകളിലെ ഇംഗ്ലീഷ്, അഡീഷണൽ ലാംഗ്വേജ് എന്നിവ ഉൾപ്പെടുന്ന ഏതെല്ലാം ജനറൽ ഫൗണ്ടേഷൻ കോഴ്സുകളുടെ ടെക്സ്റ്റ് ബുക്കുകൾ ഇനിയും പ്രസിദ്ധീകരിക്കാൻ ബാക്കിയുണ്ട്; സർവ്വകലാശാല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ജി) നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ സിലബസ്, ടെക്സ്റ്റ് ബുക്കുകൾ, അധ്യയനം എന്നിവ പൂർണമായി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയതിനു ശേഷം മാത്രം ഒന്നാം സെമസ്റ്റർ പരീക്ഷകൾ ആരംഭിക്കുന്നതിന് സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകുമോ?

## സർവ്വകലാശാലകളിൽ നിലവിലുള്ള പ്രോജക്ട് മോഡ് കോഴ്സുകൾ

1743 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രോജക്ട് മോഡ് രീതിയിലുള്ള ഏതെല്ലാം കോഴ്സുകളാണ് സംസ്ഥാനത്തെ സർവ്വകലാശാല പഠനവകുപ്പുകളിൽ നിലവിലുള്ളതെന്നും ഏത് അധ്യയന വർഷം മുതലാണ് പ്രസ്തുത കോഴ്സുകൾ ആരംഭിച്ചതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോഴ്സുകളിലേക്ക് കരാർ വ്യവസ്ഥയിൽ അധ്യാപക നിയമനം നടത്തുന്നതിന് സർവ്വകലാശാലകൾ പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ നമ്പർ, തീയതി, ഓരോ കോഴ്സിലേയും ഒഴിവുകളുടെ എണ്ണം തുടങ്ങിയ വിശദാംശം അവയുടെ പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ;

(സി) പ്രസ്തുത വിജ്ഞാപന പ്രകാരം ഓരോ കോഴ്സിലെയും അധ്യാപക നിയമനത്തിന് ആകെ എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും, അഭിമുഖത്തിന് പങ്കെടുത്തവരുടെ എണ്ണവും, നിയമനത്തിന് തെരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണവും കോഴ്സ് അടിസ്ഥാനത്തിൽ പ്രത്യേകം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത തസ്തികകളിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് എഴുത്തു പരീക്ഷ/ പ്രായോഗിക പരീക്ഷ നടത്തിയിരുന്നോയെന്നും അവയുടെ മാർക്കുകൾ പ്രസിദ്ധീകരിച്ചിരുന്നോയെന്നും സെലക്ഷന് ഔദ്യോഗികമായി അംഗീകരിച്ച കട്ട് ഓഫ് മാർക്ക് എത്രയായിരുന്നുവെന്നും വിശദമാക്കാമോ;

(ഇ) സെലക്ഷൻ കമ്മിറ്റി അംഗങ്ങൾ ആരെല്ലാമായിരുന്നെന്നും സെലക്ഷൻ കമ്മിറ്റി യോഗങ്ങൾ, അഭിമുഖം എന്നിവയുമായി ബന്ധപ്പെട്ട് വിവിധ സിറ്റിംഗുകളിൽ പങ്കെടുത്ത വകയിൽ ഓരോ സെലക്ഷൻ കമ്മിറ്റി അംഗത്തിനും യാത്ര ബത്ത, സിറ്റിംഗ് ഫീ, മറ്റു അലവൻസുകൾ എന്നീ ഇനങ്ങളിൽ അനുവദിച്ച തുകയുടെ വിശദാംശവും പ്രത്യേകം ലഭ്യമാക്കാമോ;

(എഫ്) പ്രോജക്ട് മോഡ് കോഴ്സുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വാങ്ങിയ ഉപകരണങ്ങൾ, കംപ്യൂട്ടറുകൾ, ഫർണിച്ചറുകൾ തുടങ്ങിയവയുടെ എണ്ണം, വില, മോഡൽ, സ്പെസിഫിക്കേഷൻ എന്നിവ ലഭ്യമാക്കാമോ; പ്രസ്തുത ഉപകരണങ്ങൾ, കംപ്യൂട്ടറുകൾ തുടങ്ങിയവയുടെ സ്പെസിഫിക്കേഷൻ നല്കിയ ഉദ്യോഗസ്ഥരുടെ പേര്, ഔദ്യോഗിക പദവി എന്നീ വിവരങ്ങളും ലഭ്യമാക്കാമോ?

## <u>സർക്കാർ കോളേജുകൾ</u>

1744 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ കോളേജുകളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോളേജുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം, സ്റ്റാഫിന്റെ എണ്ണം, നിലവിലുള്ള കോഴ്സുകൾ എന്നിവ കോളേജ് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇത്തവണ എൻ എ എ സി (നാക് )അക്രിഡിറ്റേഷൻ അംഗീകാരം കിട്ടിയ സംസ്ഥാനത്തെ കോളേജുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഏറ്റവും ഉയർന്ന എൻ എ എ സി (നാക് )ഗ്രേഡ് ഏതാണെന്നും ഇത്തവണ ഏതെല്ലാം കോളേജുകൾക്ക് ഏതെല്ലാം ഗ്രേഡ് ആണ് ലഭിച്ചതെന്നും വ്യക്തമാക്കാമോ?

**<u>കേരള സർവകലാശാല യുവജനോത്സവം</u>**

1745 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാല ഈ വർഷം നടത്തിയ യുവജനോത്സവ മത്സരങ്ങളിൽ വിജയികളായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നത് തടഞ്ഞുവയ്ക്കാൻ എന്താണ് കാരണം; എത്ര വിജയികൾക്ക് സർട്ടിഫിക്കറ്റും ഗ്രേസ് മാർക്കും നൽകിയെന്ന് വിശദമാക്കാമോ;

(ബി) ഗ്രൂപ്പ് മത്സരങ്ങളിൽ കൂടുതൽ വിദ്യാർത്ഥികളെ വിജയികളായി പ്രഖ്യാപിച്ച് അനർഹരായ വിദ്യാർഥികൾക്ക് സർവ്വകലാശാലപരീക്ഷകളിൽ ഗ്രേസ് മാർക്ക് ലഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**<u>കുസാറ്റിലെ എൽ. എം. പൈലി ചെയർ</u>**

1746 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫസർ എൽ.എം. പൈലിയെ ആദരിക്കുന്നതിന്റെ ഭാഗമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ 2010 ൽ 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ട് എൽ.എം. പൈലി ചെയർ ഫോർ ഹോളിസ്റ്റിക് ഡെവലപ്മെൻറ് ഓഫ് കൊച്ചി എന്ന ചെയർ സ്ഥാപിക്കുകയും പിന്നീട് ഈ ചെയർ ഇതിനായി തുക ചെലവഴിക്കേണ്ടതില്ലാത്ത രീതിയിൽ 2023 ൽ എൽ.എം. പൈലി സെന്റർ ഫോർ ഹോളിസ്റ്റിക് ഡെവലപ്മെൻറ് ഓഫ് കൊച്ചി എന്ന രീതിയിൽ പുന:സംഘടിപ്പിക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ എൽ.എം. പൈലി ചെയറിനോടൊപ്പം തന്നെ 2010 ൽ 112.7 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ട് സ്ഥാപിച്ച ഡോ. സുകുമാർ അഴീക്കോട് ചെയർ ഓൺ ലിറ്ററേച്ചർ ചെയറിന് പിന്നീട് ഭരണാനുമതി പുതുക്കി നൽകിക്കൊണ്ട് പ്രത്യേക ഹെഡ് അനുവദിച്ച് തുടർ പ്രവർത്തനങ്ങൾ നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിപുലമായ അധികാരങ്ങളും സ്വന്തമായിട്ട് കോഴ്സ് നടത്തുന്നതിനുള്ള സംവിധാനങ്ങളും ഉള്ള എൽ.എം. പൈലി ചെയർ ഫോർ ഹോളിസ്റ്റിക് ഡെവലപ്മെൻറ് ഓഫ് കൊച്ചി ചെയർ ഇതിനായി അനുവദിച്ച തുക ചെലവഴിക്കുന്നതിന് പ്രത്യേക ഹെഡ് സ്ഥാപിച്ചുകൊണ്ട് ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് തിരികെ ചെയർ ആയി തന്നെ പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>അധ്യാപക തസ്തികകളുടെ സംവരണക്രമം</u>**

1747 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുസാറ്റിൽ അധ്യാപക തസ്തികകളുടെ സംവരണക്രമം തിട്ടപ്പെടുത്തുന്നതിനുള്ള റോസ്റ്റർ, സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ സ്ഥാപനങ്ങളിൽ സർക്കാർ അനുമതി കൂടാതെ സൃഷ്ടിച്ചിട്ടുള്ള അധ്യാപക തസ്തികകൾ കൂടി കണക്കിലെടുത്താണോ നിർണ്ണയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**കണ്ണൂർ സർവകലാശാലയിലെ വിദ്യാർത്ഥികളുടെ എണ്ണം**

1748 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാലയിലെ സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകളിൽ ഡിഗ്രി, പിജി കോഴ്സുകൾക്ക് 2024-25 വർഷം ലഭ്യമായ സീറ്റുകൾ, ഓരോ കോഴ്സിലും പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം, വേക്കൻസി സീറ്റുകൾ എന്നീ വിവരങ്ങൾ കോളേജ് തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

**ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല**

1749 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദൂര വിദ്യാഭ്യാസത്തെ ശാക്തീകരിക്കാൻ 2020 ഒക്ടോബർ മാസം സ്ഥാപിതമായ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ സുഗമമായ പ്രവർത്തനത്തിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന്അറിയിക്കാമോ;

(ബി) അഡ്മിനിസ്ട്രേറ്റീവ് വിങ്ങിൽ സ്ഥിരം തസ്തികകൾ സൃഷ്ടിക്കാനുള്ള ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല സമർപ്പിച്ച നിർദേശങ്ങളിൽ സർക്കാരിന്റെ തീരുമാനം എന്താണെന്ന് അറിയിക്കാമോ ;

(സി) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ അഡ്മിനിസ്ട്രേറ്റീവ് വിങ്ങിൽ എത്ര സ്ഥിരം തസ്തികകൾ സൃഷ്ടിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; 28 പ്രോഗ്രാമുകൾക്ക് (നാല് വർഷ യു.ജി പ്രോഗ്രാം - 6, യു.ജി - 10, പി.ജി - 12) യു.ജി.സി അംഗീകാരം ഉള്ളതും 22000 ത്തോളം വിദ്യാർത്ഥികൾ നിലവിൽ പഠനം നടത്തി വരുന്നതുമായ സർവകലാശാലയിൽ നാളിതുവരെയും സ്ഥിരം തസ്തിക സൃഷ്ടിക്കാത്ത കാരണം വ്യക്തമാക്കാമോ;

(ഡി) കേരള, എം.ജി, കാലിക്കറ്റ്, കണ്ണൂർ സർവകലാശാലയിലെ ഓപ്പൺ പ്രോഗ്രാമുകൾ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലേക്ക് മാറ്റിയതിനാൽ പ്രസ്തുത 4 യൂണിവേഴ്സിറ്റികൾക്ക് പ്രതിവർഷം തനതു വരുമാനത്തിൽ വരുന്ന നഷ്ടം എത്രയാണെന്ന് വിശദീകരിക്കാമോ; ഇതുമൂലം പ്രസ്തുത യൂണിവേഴ്സിറ്റികളിൽ നഷ്ടപ്പെട്ട തസ്തികകൾ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ സൃഷ്ടിക്കാനുള്ള എന്തെങ്കിലും നടപടിക്രമങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്ന് നാളിതുവരെ ആയി ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

**സർവകലാശാലകളുടെ സ്റ്റാന്റിംഗ് കൗൺസൽ**

1750 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു അഭിഭാഷകൻ തന്നെ ഒരേസമയം ഒന്നിലധികം സർവകലാശാലകളുടെ സ്റ്റാന്റിംഗ് കൗൺസൽ ആയി പ്രവർത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അഭിഭാഷകരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇങ്ങനെ ഒരേ വ്യക്തി ഒന്നിലധികം സർവകലാശാലകളുടെ സ്റ്റാന്റിംഗ് കൗൺസൽ ആയി പ്രവർത്തിക്കുന്നത് സർവകലാശാലകൾ തമ്മിലുള്ള നിയമ വ്യവഹാരങ്ങളിൽ തർക്കം ഉടലെടുക്കാൻ കാരണമാകില്ലേയെന്ന സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിദൂര വിദ്യാഭ്യാസ കോഴ്സ് നടത്തിപ്പുമായി ബന്ധപ്പെട്ട ഡബ്ല്യൂ.പി (സി) നമ്പറുകൾ 25807/2022, 24052/2022 എന്നീ കേസുകളിലും, ഡബ്ല്യൂ.പി (സി) നമ്പർ 28024/2022 ലും അനുബന്ധ കേസുകളിലും ഓപ്പൺ സർവകലാശാലയുടെ സ്റ്റാന്റിംഗ് കൗൺസൽ ആയി പ്രവർത്തിച്ച വ്യക്തി തന്നെ മറ്റു ചില സർവകലാശാലകളുടെയും സ്റ്റാന്റിംഗ് കൗൺസൽ ആയി ഹാജരായതു മൂലം പ്രസ്തുത സർവകലാശാലകളുടെ താത്പര്യം സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടതായി വിലയിരുത്തിയിട്ടുണ്ടോ; മേൽ കേസുകളിൽ പ്രസ്തുത സർവകലാശാലകൾ സ്വീകരിച്ച നിലപാട് വിശദമാക്കാമോ?

## <u>കോളജ് തലങ്ങളിലെ ഗസ്റ്റ് ലെക്ചറർമാർക്കുള്ള ശമ്പളം</u>

1751 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 -ലെ കേരള ബഡ്ജറ്റിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് അടിയന്തര നടപടിയെന്ന നിലയിൽ സർവകലാശാല, കോളജ് തലങ്ങളിലെ ഗസ്റ്റ് ലെക്ചറർമാർക്കുള്ള ശമ്പളം 50000 ആയി വർധിപ്പിക്കും എന്ന് പ്രഖ്യാപിച്ചത് നടപ്പാക്കിയോ ; നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം ഈ പ്രഖ്യാപനം നടപ്പിലാക്കാൻ സാങ്കേതിക തടസ്സങ്ങൾ ഉണ്ടോ; ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(ബി) കോളേജുകളിൽ ഒരു വർഷത്തേക്ക് മാത്രമായി അതിഥി അദ്ധ്യാപകരെ നിയമിക്കുന്നത് വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ ബാധിക്കും എന്നുള്ളതുകൊണ്ട് 5 വർഷത്തെ കരാറടിസ്ഥാനത്തിൽ അതിഥി അദ്ധ്യാപകരെ നിയമിക്കാനുള്ള നടപടികൾ എന്തെങ്കിലും കൈകൊണ്ടിട്ടുണ്ടോ?

## <u>ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല</u>

1752 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കോഴ്സുകളിലായി ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലക്ക കീഴിൽ ആകെ എത്ര പഠിതാക്കളാണുള്ളതെന്നും , പ്രസ്തുത വിദ്യാർത്ഥികൾക്കായി സ്ഥിരം തസ്തികയിൽ നിയമതരായ എത്ര സർവകലാശാല ജീവനക്കാരാണ് നിലവിലുള്ളതെന്നും തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സർവകലാശാലയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ;ആകെ എത്ര തസ്തികകൾ സൃഷ്ടിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്;

(സി) സർവകലാശാല ആരംഭിച്ച് നാല്ല വർഷമായിട്ടും സ്ഥിരം തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്തെ മറ്റ് സർവകലാശാലകൾ വിദൂര വിദ്യാഭ്യാസത്തിലൂടെ നടത്തിയിരുന്ന അക്കാദമിക് പ്രോഗ്രാമുകൾ പുതിയ സർവ്വകലാശാലയുടെ ഭാഗമാക്കിയപ്പോൾ മറ്റു സർവ്വകലാശാലകളിൽ അധികമാകുന്ന അസിസ്റ്റന്റുമാരെ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്ക് മാറ്റുമെന്ന് പ്രഖ്യാപിച്ചിരുന്നോ;എങ്കിൽ അധിക തസ്തികകൾ മാറ്റാൻ കഴിയാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ഇ) സർവകലാശാലയിൽ സ്ഥിരം അധ്യാപക തസ്തികകളില്ലാത്തത് അദ്ധ്യയനത്തെ ബാധിക്കുമെന്നും ,ഇത് പഠിതാക്കളുടെ കൊഴിഞ്ഞു പോക്കിന് കാരണമാകുമെന്നും കരുതുന്നുണ്ടോ;

(എഫ്) ഇത് പരിഹരിക്കുന്നതിനായി അധ്യാപകരുടെയും ജീവനക്കാരുടെയും തസ്തികകൾ അടിയന്തരമായി സൃഷ്ടിച്ച് സർവകലാശാലയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ നിയമനങ്ങൾ

1753 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ എന്ന് മുതലാണ് റെഗുലർ കോഴ്സുകൾ ആരംഭിച്ചത്; എത്ര ജീവനക്കാരേയും, അധ്യാപകരേയും സ്ഥിരം/ ഡെപ്യൂട്ടേഷൻ/കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്;

(ബി) സ്ഥിരനിയമനങ്ങൾ നടത്തുന്നതിനുള്ള തടസ്സം എന്താണ്; എത്ര സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്;

(സി) സ്ഥിരനിയമനങ്ങൾ നടത്തുന്നതിന് പി.എസ്.സി. യെ ചുമതലപ്പെടുത്താൻ സർവകലാശാല നിയമത്തിൽ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

## മലബാർ കോളേജിൽ പി.ജി. കോഴ്സുകൾ ആരംഭിക്കാൻ നടപടി

1754 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും സർക്കാർ/ എയ്ഡഡ് കോളേജുകൾ പ്രവർത്തിച്ചു വരുന്നുണ്ടോ; അവയിൽ പി.ജി. കോഴ്സുകൾ ഇല്ലാത്ത കോളേജുകൾ ഉണ്ടോ;അവയുടെവിശദാംശം നൽകുമോ;

(ബി) ഉന്നത വിദ്യാഭ്യാസത്തിനായി അന്യ സംസ്ഥാനങ്ങളെയും വിദേശ രാജ്യങ്ങളെയും ആശ്രയിക്കുന്നത് ഒഴിവാക്കാൻ പ്രസ്തുത കോളേജുകളിൽ പി.ജി. കോഴ്സുകൾ

അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പിന്നാക്ക മേഖലയിൽ പ്രവർത്തിക്കുന്നതും ഉന്നത പഠനനിലാരം പുലർത്തുന്ന വേങ്ങരയിലെ മലബാർ കോളേജിന് 2022-ൽ നാക് 'എ' പ്ലസ് അക്രിഡിറ്റേഷൻ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പി.ജി. കോഴ്സുകൾ അനുവദിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## സർവകലാശാല ക്യാമ്പസുകൾ വിദേശ രാജ്യങ്ങളിൽ തുറക്കാൻ നടപടി

1755 **ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളുടെ ക്യാമ്പസുകൾ വിദേശരാജ്യങ്ങളിൽ തുറക്കുന്നതിന് യു.ജി.സി. അനുമതി നൽകിയിട്ടുണ്ടോ;

(ബി) വിദേശത്ത് എവിടെയെല്ലാം ക്യാമ്പസുകൾ തുറക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട കോടതി വ്യവഹാരം

1756 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ.എം.കെ.ജയരാജ്, കണ്ണൂർ സർവകലാശാലാ മുൻ വൈസ് ചാൻസലർ ഡോ.ഗോപിനാഥ് രവീന്ദ്രൻ എന്നിവരുടെ നിയമനവുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങൾക്ക് പ്രസ്തുത സർവകലാശാലകളുടെ ഫണ്ടിൽ നിന്നും നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട് സർവ്വ കലാശാല സ്റ്റാന്റിംഗ് കൗൺസലിനും മറ്റ് അഭിഭാഷകർക്കും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ഓരോ അഭിഭാഷകരുടെയും പ്രത്യേകം പ്രത്യേകമായി ലഭ്യമാക്കാമോ;

(ബി) തങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട് മേൽസൂചിപ്പിച്ച വൈസ് ചാൻസലർമാർ സർവ്വകലാശാല ചാൻസലർക്കെതിരെ ഫയൽ ചെയ്ത കേസ് നടത്തിപ്പിന് സർവ്വകലാശാല ഫണ്ടിൽ നിന്നും തുക അനുവദിക്കരുതെന്നും അനുവദിച്ച തുക തിരികെ ഈടാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സർവ്വകലാശാലകൾക്ക് ചാൻസലർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ചാൻസലറുടെ പ്രസ്തുത നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ;

(സി) സർവ്വകലാശാല ചാൻസലറുടെ മേൽനിർദ്ദേശം സർവ്വകലാശാലകൾ നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഏതെങ്കിലും

സർവ്വകലാശാലകൾ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) സർവ്വകലാശാല ചാൻസലറുടെ മേൽനിർദ്ദേശം ലഭിച്ചതിന് ശേഷവും പ്രസ്തുത കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് സർവ്വകലാശാലകൾ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കാലിക്കറ്റ് സർവകലാശാലയുടെ കീഴിലുള്ള ഗവേഷണ കേന്ദ്രങ്ങൾ

1757 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് അക്കാദമിയിൽ ആരംഭിച്ച സംസ്ഥാന പോലീസ് ഗവേഷണ കേന്ദ്രത്തെ കാലിക്കറ്റ് സർവകലാശാലയുടെ കീഴിലുള്ള ഗവേഷണ കേന്ദ്രമായി അംഗീകരിച്ചിട്ടുണ്ടോ; ഇതിനായുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിനായി ധാരണാപത്രം തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിലെ വ്യവസ്ഥകൾ എന്തൊക്കെയാണ്; ധാരണാപത്ര പ്രകാരം എന്ന് വരെയാണ് ഇതിന് കാലാവധി നിശ്ചയിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(സി) ഇപ്രകാരം കേരള പോലീസ് അക്കാദമിയും കാലിക്കറ്റ് സർവ്വകലാശാലയും സംയുക്തമായി തുടങ്ങിയ കോഴ്സുകൾ ഏതൊക്കെയാണ്; പ്രസ്തുത കോഴ്സുകളെല്ലാം നിലവിൽ തുടരുന്നുണ്ടോ; പുതിയ ബാച്ചുകൾ നടത്തുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

## ദേശീയപാത വികസനത്തിന്റെ ഭാഗമായി കാലിക്കറ്റ് സർവകലാശാലയ്ക്ക് ലഭിക്കേണ്ട നഷ്ടപരിഹാരം

1758 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിന്റെ ഭാഗമായി കാലിക്കറ്റ് സർവകലാശാലയ്ക്ക് ലഭിക്കേണ്ട നഷ്ടപരിഹാര തുകയ്ക്ക് അനുസൃതമായി, സർവകലാശാല സർക്കാരിലേക്ക് എത്ര കോടി രൂപയുടെ പ്രൊജക്ട് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രൊജക്ടുകൾ സർക്കാരിലേക്ക് സമർപ്പിച്ച തീയതി, അവയിൽ സർക്കാർ അംഗീകരിച്ച പ്രൊജക്ടുകളുടെ വിശദാംശങ്ങൾ, സർക്കാരിൽ നിന്നും നാളിതുവരെ ഓരോ പ്രൊജക്ടിനും ലഭ്യമായ തുകയുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാമോ;

(ബി) ദേശീയപാത വികസനത്തിന്റെ ഭാഗമായുള്ള നഷ്ടപരിഹാര തുകയ്ക്ക് അനുസൃതമായി സർക്കാരിലേക്ക് സമർപ്പിച്ച പ്രൊജക്ടുകളിലെ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് 18.10.2023 ന് വൈസ് ചാൻസലറുടെ നേതൃത്വത്തിൽ സിൻഡിക്കേറ്റ് അംഗങ്ങൾ മുഖ്യമന്ത്രിയെയും മറ്റും സന്ദർശിച്ച് ചർച്ച നടത്തിയതിന്റെ ഫലങ്ങൾ വിശദമാക്കുമോ; പ്രസ്തുത യാത്രയുമായി ബന്ധപ്പെട്ട് സർവകലാശാല ഫണ്ടിൽ നിന്നും യാത്രാബത്ത ഇനത്തിലും മറ്റും ചെലവഴിച്ച തുകയെത്രയെന്ന് വിശദമാക്കാമോ?

## കാലിക്കറ്റ് സർവകലാശാല സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പിലെ അധ്യാപക തസ്തികകൾ

1759 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാല സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പിൽ നിലവിലുള്ള വിവിധ അധ്യാപക തസ്തികകളിൽ ഓരോ കേഡറിലേയും സാങ്ഷൻഡ് സ്ട്രെങ്ത് എത്രയാണ്; നിലവിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ പേര്, നിലവിലെ തസ്തികയിൽ നിയമിക്കപ്പെട്ട തീയതി, സർവകലാശാല സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ ലഭ്യമാക്കുമോ; ഓരോ തസ്തികയിലും നിലവിലുള്ള ഒഴിവുകളുടെ എണ്ണത്തിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പിൽ പുനർനാമകരണത്തിന് മുമ്പുള്ള തസ്തികകളുടേതുൾപ്പെടെ നിലവിലുള്ള വിവിധ അധ്യാപക തസ്തികകൾക്ക് ഓരോന്നിനും സർക്കാരിന്റെയും യു.ജി.സി.യുടെയും അംഗീകാരം ലഭിച്ച ഉത്തരവുകളുടെ വിശദാംശങ്ങൾ അടങ്ങിയ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പിൽ നിലവിലുള്ള വിവിധ അധ്യാപക തസ്തികകൾ സൃഷ്ടിച്ചതുമായി ബന്ധപ്പെട്ട് തീരുമാനമെടുത്ത സെനറ്റ്, സിൻഡിക്കേറ്റ് യോഗങ്ങളുടെ യോഗം ചേർന്ന തീയതി, മിനിട്സിലെ അജണ്ട ഇനം, നമ്പർ എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) സ്റ്റാറ്റിസ്റ്റിക്സ് പഠന വകുപ്പിലെ അംഗീകൃത അധ്യാപക തസ്തികകളിൽ ഓരോന്നിലും ആദ്യ തവണ നിയമനം അനുവദിച്ചതിന്റെ വിജ്ഞാപന നമ്പർ, തീയതി, റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി, നിയമനം നൽകിയ തീയതി, നിയമനം ലഭിച്ച അധ്യാപകരുടെ പേര് എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങൾ അടങ്ങിയ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത വിജ്ഞാപന പ്രകാരം വകുപ്പിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് ആകെ എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും ഇവയിൽ ഇന്റർവ്യൂവിന് എത്ര പേർ പങ്കെടുത്തിരുന്നുവെന്നും റാങ്ക് ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടിരുന്നുവെന്നും അവർ ആരെല്ലാം ആയിരുന്നുവെന്നും വിശദമാക്കാമോ;

(എഫ്) 31.12.2019-ലെ നം. ജി.എ.ഐ.ഐ.-സി1/162156/2019/എ.ഡി.എം.എൻ വിജ്ഞാപന പ്രകാരമുള്ള അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് നടത്തിയ നിയമനങ്ങളുടെ ഡേറ്റ് ഓഫ് ഒക്കറൻസ് ഓഫ് വേക്കൻസി ലഭ്യമാക്കാമോ?

## <u>ചോദ്യപേപ്പർ അച്ചടിക്കാൻ ചെലവായ തുക</u>

1760 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാലയിൽ പരീക്ഷ നടത്തിപ്പ് വേഗത്തിലാക്കുന്നതിനായി ചോദ്യപേപ്പർ പരീക്ഷ കേന്ദ്രങ്ങളിലേക്ക് ഓൺലൈനായി അയയ്ക്കുന്ന സംവിധാനം എന്നു മുതലാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) ഓൺലൈൻ ആയി ലഭിക്കുന്ന ചോദ്യപേപ്പർ പകർപ്പ് എടുത്ത ഇനത്തിൽ വിവിധ പരീക്ഷാകേന്ദ്രങ്ങൾക്ക് നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട സ്വകാര്യത സംരക്ഷിച്ചുകൊണ്ട് ചോദ്യപേപ്പർ അച്ചടിക്കുന്നതിനായി പുറമെയുള്ള സ്ഥാപനങ്ങളുമായി കരാറിലേർപ്പെടാറുണ്ടോയെന്നും ടൈപ്പ് സെറ്റിങ് മുതൽ ഡെസ്പാച്ച് വരെയുള്ള ചോദ്യപേപ്പർ പ്രിന്റിംഗുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾക്കോരോന്നിനും നിലവിൽ കരാർ ലഭിച്ച സ്ഥാപനത്തിന് സർവകലാശാല അനുവദിക്കുന്ന നിരക്കുകൾ എത്രയാണെന്നും പ്രസ്തുത നിരക്കുകളിൽ 2023-24 വർഷം മുതൽ വർദ്ധനവ് വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കാമോ;

(ഡി) 2019 ഏപ്രിൽ മുതൽ ഓരോ സാമ്പത്തിക വർഷവും എത്ര ചോദ്യപേപ്പറുകൾ മേൽ സ്ഥാപനങ്ങൾ മുഖേന അച്ചടിച്ചിട്ടുണ്ടെന്നും പ്രസ്തുതയിനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ഇ) ചോദ്യപേപ്പർ പരീക്ഷാകേന്ദ്രങ്ങളിലേക്ക് ഓൺലൈനായി അയയ്ക്കുന്ന സംവിധാനം ആരംഭിച്ചതിനുശേഷം ഓരോ സാമ്പത്തിക വർഷവും എത്ര ചോദ്യപേപ്പറുകൾ മേൽ സ്ഥാപനങ്ങൾ മുഖേന അച്ചടിച്ചിട്ടുണ്ടെന്നും പ്രസ്തുതയിനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(എഫ്) ഈ സംവിധാനം ആരംഭിച്ചതിനു ശേഷം പ്രസ്തുത സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്ന ചോദ്യ പേപ്പറുകളുടെ അച്ചടിച്ച കോപ്പികളുടെ എണ്ണം മൂല്യനിർണയ ആവശ്യങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടും, ചോദ്യപേപ്പർ അച്ചടിച്ച വകയിലുള്ള ചെലവിൽ കാര്യമായ കുറവ് വരാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(ജി) ചോദ്യപേപ്പർ അച്ചടിച്ചയിനത്തിൽ പ്രിന്റിംഗ് കരാർ ലഭിച്ച സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ബില്ലുകൾ പരിശോധന നടത്തി തുക അനുവദിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

## <u>കാലിക്കറ്റ് സർവകലാശാലയിലെ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് കെട്ടിടം</u>

1761 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാലയിലെ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് കെട്ടിടം പണിയുന്നതിനായി അനുവദിച്ച ചാലക്കുടി താലൂക്കിലെ പേരാമ്പ്ര വില്ലേജിലെ ഭൂമിയുടെ പാട്ടക്കരാറിൽ സർവകലാശാല ഒപ്പുവച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് എൻ.സി.ടി.ഇ. (നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ) നിഷ്കർഷിക്കുന്ന പ്രകാരമുള്ള കെട്ടിടം പണിയുന്നതിന് സർവകലാശാല തീരുമാനമെടുത്തിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## <u>കോഴിക്കോട് സർവകലാശാലയിലെ ബി.എഡ്. സീറ്റ് ക്ഷാമം</u>

1762 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവകലാശാലയ്ക്ക് കീഴിൽ വിവിധ ബി.എഡ്. കോളേജുകളിൽ ബി.എഡ്. പ്രവേശനത്തിന് ലഭ്യമായ സീറ്റുകളുടെ എണ്ണം എത്രയെന്നും ഇക്കഴിഞ്ഞ മൂന്നുവർഷം പ്രവേശനം നേടുന്നതിന് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്നും കണക്കുകൾ ലഭ്യമാക്കുമോ;

(ബി) സർവകലാശാലയ്ക്ക് കീഴിൽ പുതിയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ അനുവദിക്കുകയും പുതിയ ബിരുദ ബാച്ചുകൾ അനുവദിക്കുകയും ചെയ്തതിനു ശേഷം ബിരുദം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായതിന് ആനുപാതികമായി ബി.എഡ്. പ്രവേശനത്തിന് സീറ്റുകൾ ലഭ്യമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ:;

(സി) എങ്കിൽ ഇതുകാരണം അന്യസംസ്ഥാനങ്ങളിൽ പോയി ഉയർന്ന ഫീസ് ഒടുക്കി ഓൺലൈൻ ഉൾപ്പടെയുള്ള ബി.എഡ്. കോഴ്സുകൾക്ക് പ്രവേശനം നേടേണ്ട അവസ്ഥ വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്നുണ്ടെന്നത് ഗൗരവമായി കാണുന്നുണ്ടോ; വിദ്യാർഥികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) കോഴിക്കോട് സർവകലാശാലയ്ക്ക് കീഴിൽ പുതിയ ബി.എഡ്. കോളേജുകൾ അനുവദിക്കുന്നതിന് എൻ.ഒ.സി. നൽകിയിട്ടുണ്ടോ; ബി.എഡ്. സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് പ്രസ്തുത കോളേജുകൾ ആരംഭിക്കുന്നതിനായി നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (എൻ.സി.റ്റി.ഇ.)-ന്റെ അംഗീകാരം നേടിയെടുക്കുന്നതിനാവശ്യമായ ശിപാർശ നൽകുന്ന കാര്യം പരിഗണിക്കുമോ?

## <u>എൻ.സി.സി. കേഡറ്റുകൾക്ക് നൽകി വരുന്ന റിഫ്രഷ്മെന്റ് ഫണ്ട്</u>

1763 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.സി.സി. കേഡറ്റുകൾക്ക് വർഷങ്ങളായി നൽകി വരുന്ന റിഫ്രഷ്മെന്റ് ഫണ്ട് കഴിഞ്ഞ അക്കാദമിക വർഷം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എൻ.സി.സി. കേഡറ്റുകൾക്ക് വർഷങ്ങളായി നൽകി വരുന്ന റിഫ്രഷ്മെന്റ് ഫണ്ട് ഈ വർഷം നൽകുന്നതിനായി ടെണ്ടർ വിളിക്കുകയോ ക്വട്ടേഷൻ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഈ വർഷം എൻ.സി.സി. പരേഡ് നടത്തുന്നതിന് ആവശ്യമായ റിഫ്രഷ്മെന്റ് അലവൻസ് അനുവദിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) സ്കൂൾ സമയത്തിന് ശേഷം നാല് മണി മുതൽ ആറ് മണി വരെ നടക്കാറുള്ള എൻ.സി.സി. പരേഡ് സമയത്ത് റിഫ്രഷ്മെന്റ് നല്കാതിരിക്കുന്നത് കുട്ടികൾക്ക് ശാരീരിക പ്രശ്നങ്ങൾക്ക് കാരണമാകും എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) ഓരോ എൻ.സി.സി. കേഡറ്റുകൾക്കും ഒരു പരേഡിന് എത്ര രൂപയാണ് അനുവദിക്കുന്നതെന്ന് അറിയിക്കാമോ;

(എഫ്) സംസ്ഥാനത്ത് നിലവിൽ എത്ര എൻ.സി.സി. യൂണിറ്റുകൾ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാലയങ്ങളിലുണ്ടെന്നും പ്രസ്തുത യൂണിറ്റുകളിലായി ആകെ

എത്ര വിദ്യാർത്ഥികളുണ്ടെന്നും അവർക്ക് റിഫ്രഷ്മെന്റ് ഇനത്തിൽ ഒരു വർഷം ആകെ എത്ര തുക ചെലവ് വരുമെന്നും അറിയിക്കാമോ;

(ജി) സംസ്ഥാനത്ത് നിലവിൽ എത്ര എൻ.സി.സി. യൂണിറ്റുകൾ ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കലാലയങ്ങളിലുണ്ടെന്നും പ്രസ്തുത യൂണിറ്റുകളിലായി ആകെ എത്ര വിദ്യാർത്ഥികളുണ്ടെന്നും അവർക്ക് റിഫ്രഷ്മെന്റ് ഇനത്തിൽ ഒരു വർഷം ആകെ എത്ര തുക ചെലവ് വരുമെന്നും അറിയിക്കാമോ?

## നൂതന പഠന വകുപ്പുകൾ

1764 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതികരംഗത്തെ വളർച്ചയും പഠനഗവേഷണ പ്രവർത്തനങ്ങളും സമന്വയിപ്പിക്കുന്നതു ലക്ഷ്യമിട്ട് നൂതന പഠന വകുപ്പുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉന്നതവിദ്യാഭ്യാസരംഗത്തും വൈജ്ഞാനിക മേഖലയിലും ഇതിലൂടെ പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(സി) സർവകലാശാലാ വകുപ്പുകളെ വൈജ്ഞാനിക ഗവേഷണ പ്രവർത്തനങ്ങൾക്കായുള്ള മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനായി നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ?

## വിദ്യാർത്ഥികൾക്ക് പഠന കാലത്തുതന്നെ പ്രായോഗിക പരിശീലനം

1765 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ മേഖലയിൽ മികച്ച അവസരങ്ങൾ നേടിയെടുക്കുന്നതിന് ആവശ്യമായതെന്തെന്ന് പഠനത്തിനിടയിൽത്തന്നെ വിദ്യാർത്ഥികളെ ബോധ്യപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ;

(ബി) പൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് പഠന കാലത്തുതന്നെ പ്രായോഗിക പരിശീലനം ഉറപ്പാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## സാമൂഹ്യനീതി വകുപ്പ് മുഖേനയുള്ള ക്ഷേമ പദ്ധതികൾ

1766 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികളും അവയുടെ മാനദണ്ഡങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പെൻഷൻ പ്രായം ആകാത്ത നിത്യരോഗികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന പെൻഷൻ പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്നും

അവയുടെ മാനദണ്ഡങ്ങളും വിശദമാക്കുമോ;

(സി) പെൻഷൻ പ്രായം ആകാത്ത നിത്യരോഗികൾക്ക് പെൻഷൻ പദ്ധതികൾ നിലവിലില്ലെങ്കിൽ ആയത് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

**<u>വയോജന പരിചരണത്തിനായുള്ള പദ്ധതികൾ</u>**

1767 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജന പരിചരണത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ; ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**<u>പ്രചോദനം തൊഴിൽ പരിശീലന പദ്ധതി</u>**

1768 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 18 വയസ് കഴിഞ്ഞവർക്കുള്ള 'പ്രചോദനം' തൊഴിൽ പരിശീലന പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രോപ്പോസൽ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ഈ പദ്ധതി എന്നാണ് പ്രഖ്യാപിച്ചതെന്നും എന്നത്തേക്ക് നടപ്പാക്കുന്നതിനാണ് നിശ്ചയിച്ചിരുന്നതെന്നും ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിലും നടപ്പ് സാമ്പത്തിക വർഷത്തിലും ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയുടെ വിവരം ലഭ്യമാക്കാമോ; ഇതിനായി എത്ര തുക ചെലവായിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ?

**<u>മാതൃജ്യോതി പദ്ധതി</u>**

1769 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃജ്യോതി പദ്ധതിയിലൂടെ ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം നൽകുന്ന ധനസഹായം എത്ര രൂപയാണ്; എത്ര വർഷത്തേക്കാണ് നൽകുന്നത് ;വ്യക്തമാക്കാമോ?

**<u>എൻഡോസൾഫാൻ സെൽ</u>**

1770 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് എൻഡോസൾഫാൻ സെൽ ഇപ്പോൾ നിലവിൽ ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെല്ലിന്റെ ചെയർമാൻ ആരാണെന്നും മറ്റംഗങ്ങൾ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) സെല്ലിൻറെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര മാസം കൂടുമ്പോഴാണ് സെൽ യോഗം ചേരേണ്ടതെന്നും അവസാനമായി യോഗം ചേർന്നത് എപ്പോഴാണെന്നും വ്യക്തമാക്കാമോ;

(ഇ) അവസാനമായി ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണെന്നും അവയിൽ നടപ്പിലാക്കിയതും നടപ്പിലാക്കാൻ ബാക്കിയുള്ളതുമായ തീരുമാനങ്ങൾ എന്തൊക്കെയാണെന്നും വേർതിരിച്ച് വിശദമാക്കാമോ?

## ആശ്വാസകിരണം പെൻഷൻ പദ്ധതി

1771 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിടപ്പ് രോഗികളുടെയും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെയും കൂട്ടിരിപ്പുകാർക്ക് നൽകിവരുന്ന ആശ്വാസകിരണം പെൻഷൻ പദ്ധതിയിലെ ആനുകൂല്യങ്ങൾ മുടങ്ങാതെ നൽകുന്നതിന് സർക്കാരിന് കഴിയുന്നുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിൽ നൽകിവരുന്ന പെൻഷൻ തുക വളരെ അപര്യാപ്തമായതിനാൽ വർദ്ധിപ്പിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ?

## ആമച്ചലിലെ ഭിന്നശേഷിക്കാർക്കായുള്ള സംയോജിത പുനരധിവാസ ഗ്രാമം

1772 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ആമച്ചലിൽ ഭിന്നശേഷിക്കാർക്കായുള്ള സംയോജിത പുനരധിവാസ ഗ്രാമം ആരംഭിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസി മുഖാന്തരമാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് 2022 നവംബർ 10-ന് ബഹു. മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങളുടെ തുടർനടപടി വിശദമാക്കാമോ?

## സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള അംഗനവാടി ഹെൽപ്പർ, വർക്കർ എന്നിവരുടെ പെൻഷൻ

1773 **ശ്രീമതി ദെലീമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള അങ്കണവാടി ഹെൽപ്പർ, വർക്കർ എന്നിവർക്ക് എത്ര രൂപ വീതം പെൻഷൻ ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ലഭിക്കുന്ന ഹെൽപ്പർ പെൻഷൻ മുടങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എത്ര പേർക്കാണ് നിലവിൽ ഹെൽപ്പർ പെൻഷൻ മുടങ്ങിയിട്ടുള്ളതെന്നും ആയതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

## എയ്ഡഡ് വിദ്യാലയങ്ങളിൽ ഭിന്നശേഷി നിയമനം

1774 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് വിദ്യാലയങ്ങളിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നിശ്ചയിച്ച നൽകിയ മുൻഗണനാ മാനദണ്ഡങ്ങൾ ലഭ്യമാക്കാമോ; ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ;

(ബി) അർഹരായ കാഴ്ചപരിമിതർ ഇല്ലാത്ത സാഹചര്യങ്ങളിൽ ഇതര ഭിന്നശേഷിവിഭാഗത്തിൽപ്പെട്ടവർക്ക് നിയമനം നൽകാൻ സ്വീകരിക്കുന്ന നടപടികൾ ത്വരിതഗതിയിലാക്കാൻ പ്രത്യേക നിർദേശം പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എയ്ഡഡ് സ്കൂൾ മാനേജർമാർ ഭിന്നശേഷി നിയമനത്തിന് ലിസ്റ്റ് ആവശ്യപ്പെടുമ്പോൾ കാഴ്ച പരിമിതരുടേത് മാത്രമായ ലിസ്റ്റ് നൽകുന്ന സാഹചര്യം നിലവിലുണ്ടോ; വിശദമാക്കാമോ?

## ഭിന്നശേഷിക്കാരുടെ വിവരശേഖരണം

1775 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) സർക്കാർ പ്രഖ്യാപിച്ച ഭിന്നശേഷി സൗഹൃദനയത്തെ തുടർന്ന് എന്തെല്ലാം മാറ്റങ്ങളാണ് സർക്കാർ നിയമനങ്ങളിൽ ഉൾപ്പെടെ വന്നിട്ടുള്ളത് എന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഭിന്നശേഷിക്കാരെ പരിചരിക്കുന്നതിനുള്ള അംഗീകൃത സ്ഥാപനങ്ങളുടെയും, സർക്കാർ സംവിധാനങ്ങളുടെയും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

## ഭിന്നശേഷിക്കാരുടെ സംരക്ഷണം

1776 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഭിന്നശേഷിക്കാർക്കായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; അവരുടെ സംരക്ഷണത്തിനായി സർക്കാർ സർവ്വീസിനു പുറമേ മറ്റ് എസ്റ്റാബ്ലിഷ്മെന്റുകളെയും ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ഓട്ടിസം ബാധിച്ചവർക്കുള്ള ആനുകൂല്യം

1777 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ഓട്ടിസം ബാധിച്ചവർ എത്ര പേർ ഉണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇവർക്കായി സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(സി) വൈപ്പിൻ മണ്ഡലത്തിൽ ഓട്ടിസം ബാധിച്ചവർ എത്ര പേർ ഉണ്ടെന്നും ഇതിൽ എത്രപേർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) ഓട്ടിസം ബാധിച്ചവർക്ക് ആവശ്യമായ ചികിത്സയും ശ്രദ്ധയും പരിഗണനയും ലഭിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## ഭിന്നശേഷിക്കാർക്ക് യു.ഡി.ഐ.ഡി കാർഡ്

1778 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ എത്ര ഭിന്നശേഷിക്കാർ ഉണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ അർഹരായ എല്ലാ ഭിന്നശേഷിക്കാർക്കും യു.ഡി.ഐ.ഡി. കാർഡ് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) വൈപ്പിൻ മണ്ഡലത്തിൽ നിലവിൽ എത്ര ഭിന്നശേഷിക്കാർ ഉണ്ടെന്നും അതിൽ എത്രപേർ പ്രസ്തുത കാർഡിനായി അപേക്ഷിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

## ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മുഖേനയുള്ള പദ്ധതികൾ

1779 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീമതി ദെലീമ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി കേരള ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മുഖേന ഏതെല്ലാം പദ്ധതികളിലൂടെ എത്ര ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## പുനരധിവാസ ചികിത്സയുമായി ബന്ധപ്പെട്ട കോഴ്സുകൾ.

1780 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ പുനരധിവാസ ചികിത്സയുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഏതെങ്കിലും കോഴ്സുകൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം കോഴ്സുകൾക്ക് ദേശീയതലത്തിലുള്ള എന്തെങ്കിലും അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

**<u>നെന്മാറ മണ്ഡലത്തിലെ കൊട്ടുവായൂർ വൃദ്ധസദനം</u>**

1781 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ കൊട്ടുവായൂർ വൃദ്ധസദനത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത വൃദ്ധസദനത്തിൽ എത്ര അന്തേവാസികളാണുള്ളതെന്നും അവിടെ എന്തെല്ലാം ഭൗതികസൗകര്യങ്ങളാണ് നിലവിലുള്ളതെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത വൃദ്ധസദനത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

**<u>മിശ്രവിവാഹ ധനസഹായം</u>**

1782 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മിശ്രവിവാഹ ധനസഹായം ലഭ്യമാകാൻ കാലതാമസം നേരിടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ധനസഹായം സമയബന്ധിതമായി നൽകുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; അറിയിക്കാമോ?

**<u>സഹജീവനം സ്നേഹഗ്രാമം</u>**

1783 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മുളയാറിൽ ആരംഭിച്ച 'സഹജീവനം സ്നേഹഗ്രാമം' എൻഡോസൾഫാൻ പുനരധിവാസകേന്ദ്രത്തിന്റെ പ്രവർത്തനം പൂർണമായ രീതിയിൽ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ആവശ്യമായ സ്ഥിരം തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ടോ;

(സി) ഏതൊക്കെ പഞ്ചായത്തുകളിലെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പുനരധിവാസത്തിനാണ് ഈ കേന്ദ്രം ഉപയോഗിക്കുക എന്ന് വ്യക്തമാക്കാമോ?

**<u>സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ</u>**

1784 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അശരണരായ മുതിർന്ന പൗരൻമാരെ അധിവസിപ്പിക്കുന്നതിന് പാലക്കാട് ജില്ലയിൽ വകുപ്പിന് കീഴിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**വടക്കാഞ്ചേരിയിലെ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ സെൻസറി ഗാർഡൻ നിർമ്മാണം**

1785 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി ജില്ലാ ആശുപത്രിയോട് ചേർന്നുള്ള കോമ്പൗണ്ടിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിലെ (ഡി.ഇ.ഐ.സി) സെൻസറി ഗാർഡൻ നിർമ്മാണ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**ആറാട്ടുപുഴയിൽ പ്രവർത്തിക്കുന്ന സാന്ത്വന തീരം വയോജന മന്ദിരത്തിന്റെ പ്രവർത്തനം**

1786 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ പ്രവർത്തിക്കുന്ന സാന്ത്വന തീരം വയോജന മന്ദിരത്തിൽ നിലവിൽ എത്ര അന്തേവാസികൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വയോജന മന്ദിരത്തിന്റെ അറ്റകുറ്റപ്പണിക്കായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് വയോജന കേന്ദ്രത്തിന്റെ സൂപ്രണ്ട് സമർപ്പിച്ചിട്ടുള്ളതെന്നും ഇതിന്മേൽ എന്ത് തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി ഡയറക്ടേറ്റിലുള്ള ഫയലിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

**കൂത്തുപറമ്പ് സ്നേഹദീപം ബഡ്സ് സ്കൂൾ**

1787 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റായി ലഭിച്ചിരുന്ന തുകയിൽ ഗണ്യമായ കുറവ് വന്നതിനാൽ കൂത്തുപറമ്പ് നഗരസഭയിൽ പ്രവർത്തിക്കുന്ന സ്നേഹദീപം ബഡ്സ് സ്കൂളിന്റെ പ്രവർത്തനം ഏറെ പ്രയാസകരമായി മുന്നോട്ട് പോവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഗ്രാന്റ് തുകയിലുള്ള ഗണ്യമായ കുറവ് കാരണം നഗരസഭയ്ക്ക് അധിക സാമ്പത്തിക ബാധ്യത വരുന്നതിനാൽ സമീപ പഞ്ചായത്തായ കോട്ടയം ഗ്രാമപഞ്ചായത്തിലെ 11 കുട്ടികൾക്ക് പ്രസ്തുത സ്കൂളിലേക്ക് പ്രവേശനം നിഷേധിക്കപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിശോധിക്കുമോ;

(സി) സർക്കാർ പ്രത്യേക പരിഗണന നൽകി മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി ഇത്തരം ബഡ്സ് സ്കൂളുകളുടെ നിലനിൽപ്പിന് സഹായകരമാവുന്ന നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) മാനസിക വളർച്ചയെത്താത്ത പാവപ്പെട്ട മുഴുവൻ കുട്ടികൾക്കും ബഡ്സ് സ്കൂളിൽ പ്രവേശനം ലഭ്യമാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

**മട്ടന്നൂർ നിയോജക മണ്ഡലത്തിലെ മോഡേൺ ചൈൽഡ് റിഹാബിലേഷൻ സെന്റർ**

1788 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ ആരംഭിക്കുന്ന മോഡേൺ ചൈൽഡ് റിഹാബിലിറ്റേഷൻ സെന്ററിലെ സ്റ്റാഫുകളുടെ നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത സെന്ററിൽ ആവശ്യമായിട്ടുള്ള സ്റ്റാഫ് നിയമനത്തിന് അടിയന്തരമായ നടപടികൾ സ്വീകരിക്കുമോ?

## സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ ശമ്പളപരിഷ്കരണം

1789 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ വികസന കോർപ്പറേഷൻ, വികലാംഗ ക്ഷേമ കോർപ്പറേഷൻ, നിഷ് എന്നിവയ്ക്ക് സമാനമായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ മറ്റ് ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കാമോ;

(ബി) അവയിൽ ഏതൊക്കെ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പത്ത്, പതിനൊന്ന് ശമ്പളകമ്മീഷൻ ശിപാർശ പ്രകാരമുള്ള ശമ്പളപരിഷ്കരണം അനുവദിച്ച് നൽകിയിട്ടുണ്ട്; എന്നു മുതലാണ് അനുവദിച്ചത്; വിശദമാക്കാമോ;

(സി) ശമ്പളപരിഷ്കരണം സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ സ്ഥാപനങ്ങളിൽ ഏതിലെങ്കിലും പത്താം ശമ്പളകമ്മീഷൻ ശിപാർശ പ്രകാരമുള്ള ശമ്പള പരിഷ്കരണം ഇതേവരെ അനുവദിക്കാതെയുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് അനുവദിച്ചിട്ടില്ലാത്തത്; അനുവദിക്കാതിരിക്കാനുള്ള കാരണം വിശദമാക്കുമോ?

## കെ.എസ്.ആർ.ടി.സി.യുടെ ഡ്രൈവിംഗ് സ്കൂളുകൾ

1790 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആദ്യഘട്ടമായി എവിടെയെല്ലാമാണ് ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നത്; വിശദമാക്കാമോ;

(ബി) ഡ്രൈവിംഗ് പരിശീലനത്തിന്റെ ഭാഗമായി എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കുന്നത്; പരിശീലനം നൽകുന്നതിന് ഫീസ് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി

1791 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 30.10.2020-ലെ സ.ഉ (അച്ചടി) നം.57/2020/ഗതാഗതം, എസ്.ആർ.ഒ നം. 757/2020 പ്രകാരം 01.11.2020 തീയതി പ്രാബല്യത്തിൽ രൂപീകരിച്ച കൊച്ചി

മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ പ്രവർത്തനം വിശദമാക്കാമോ;

(ബി) പ്രസ്തുത അതോറിറ്റി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) 2022-2023ലെ ബജറ്റിൽ മൂന്നരക്കോടി രൂപ വകയിരുത്തിയിട്ടുള്ള കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി എന്നത്തേക്ക് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമെന്ന് വ്യക്തമാക്കാമോ?

## <u>കെ.എസ്.ആർ.ടി.സി.യുടെ അന്തർസംസ്ഥാന സർവീസുകൾ</u>

1792 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. 2023-24, 2024-25 എന്നീ വർഷങ്ങളിൽ ആരംഭിച്ച അന്തർസംസ്ഥാന സർവീസുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആലപ്പുഴ നിന്നും പുതുതായി ആരംഭിച്ച അന്തർസംസ്ഥാന സർവീസുകൾ ഏതൊക്കെയാണെന്നും അവയുടെ സമയക്രമവും വിശദമാക്കുമോ;

(സി) ആലപ്പുഴയിലെ ടൂറിസം സാധ്യതകൾ കണക്കിലെടുത്ത് ആലപ്പുഴയിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിലേക്ക് കൂടുതൽ സർവീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>അരൂർ മണ്ഡലത്തിൽ പുതുതായി അനുവദിച്ച കെ.എസ്.ആർ.ടി.സി. റൂട്ടുകൾ</u>

1793 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ പുതുതായി അനുവദിച്ച കെ.എസ്.ആർ.ടി.സി. റൂട്ടുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) രാത്രി കാലങ്ങളിൽ അരൂർ-അരൂക്കുറ്റി-ചേർത്തല റൂട്ടിൽ സ്വകാര്യ ബസ്സ് ഉൾപ്പെടെ ബസുകൾ സർവീസ് നടത്താത്തത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

## <u>ഡ്രൈവിംഗ് ലൈസൻസുകളുടെ എണ്ണം</u>

1794 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്ര പേർക്ക് ഡ്രൈവിംഗ് ലൈസൻസ് ഉണ്ട്;

(ബി) അതിൽ ടൂവീലർ, കാർ, ഹെവി വെഹിക്കിൾ എന്നിവയുടെ ലൈസൻസുള്ളവരെ ലിംഗ വ്യത്യാസത്തിൽ തരംതിരിച്ച് 2010, 2015, 2020, 2024 എന്നീ വർഷങ്ങളിലെ വിവരങ്ങൾ വ്യക്തമാക്കാമോ;

(സി) സ്ത്രീകൾ ഓടിക്കുന്ന വാഹനങ്ങൾ അപകടത്തിൽപെടുന്നത് താരതമ്യേന കുറവാണ് എന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരത്തിൽ എന്തെങ്കിലും കണക്ക് ലഭ്യമാണോ;

(ഡി) ഗതാഗത നിയമങ്ങൾ പാലിക്കുന്നതിൽ സ്ത്രീകൾ താരതമ്യേന മുന്നിലാണ് എന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## ഓട്ടോറിക്ഷകൾക്ക് സംസ്ഥാന പെർമിറ്റ്

1795 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടോറിക്ഷകൾക്ക് സംസ്ഥാനത്ത് എവിടെയും സർവീസ് നടത്താനുള്ള പെർമിറ്റ് നൽകാൻ സംസ്ഥാന ട്രാൻസ്പോർട്ട് അതോറിറ്റി തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തീരുമാനമെടുക്കുന്നതിന് മുൻപ് ഓട്ടോറിക്ഷകൾ ദീർഘയാത്രയ്ക്ക് രൂപകൽപ്പന ചെയ്തിട്ടുള്ള വാഹനമല്ലെന്ന കാര്യം പരിഗണിച്ചിരുന്നോ;

(സി) ഓട്ടോറിക്ഷയിലെ ദീർഘദൂര യാത്രകൾ അപകടങ്ങൾ വർദ്ധിപ്പിക്കാൻ ഇടയാക്കും എന്ന ആശങ്ക പരിശോധിച്ചിരുന്നോ; വിശദമാക്കാമോ?

## കെ.എസ്.ആർ.ടി.സി.യുടെ ഡ്രൈവിംഗ് പരിശീലന കേന്ദ്രം

1796 **ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഡ്രൈവിംഗ് പരിശീലന കേന്ദ്രം സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ ഇതുവരെ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആദ്യഘട്ടത്തിൽ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) സ്വകാര്യ ഡ്രൈവിംഗ് സ്കൂളുകളെ അപേക്ഷിച്ച് എന്തെല്ലാം പ്രത്യേകതകളാണ് പ്രസ്തുത കേന്ദ്രങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) എല്ലാ ആർ.ടി.ഒ. പരിധികളിലും ഇത്തരം പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി നടപ്പിലാക്കുമോ; വിശദമാക്കാമോ?

## സർക്കാർ വാഹനങ്ങളുടെ നിയമലംഘനങ്ങൾ

1797 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർ അവരുടെ തസ്തിക വ്യക്തമാക്കുന്ന ബോർഡുകൾ വാഹനത്തിൽ പ്രദർശിപ്പിക്കുമ്പോൾ കേരള സർക്കാർ/ഗവൺമെന്റ് ഓഫ് കേരള എന്ന പദവും ചേർത്ത് ബോർഡുകൾ സ്ഥാപിക്കുന്നത് വിലക്കിയിട്ടും അത്തരം ബോർഡുകൾ വച്ച വാഹനങ്ങൾ നിരത്തുകളിൽ സഞ്ചരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള നിയമ ലംഘനങ്ങൾക്ക് പിഴ ഈടാക്കാൻ വ്യവസ്ഥ ഉണ്ടോയെന്നും ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോയെന്നും നിയമ ലംഘനങ്ങൾ കണ്ടെത്തിയാൽ വിവരം അറിയിക്കുന്നതിന് വാട്ട്സ് ആപ്പ് നമ്പറുകൾ നിലവിലുണ്ടോയെന്നും അറിയിക്കുമോ; വിശദാംശം നൽകാമോ;

(സി) സർക്കാർ/പോലീസ്/മോട്ടോർ വാഹന വകുപ്പിന്റേത് അടക്കമുള്ള നിരവധി സർക്കാർ വാഹനങ്ങളിൽ ഗ്ലാസ്സുകളിൽ നിയമാനുസൃതമല്ലാത്ത തരത്തിലുള്ള കൂളിംഗ് സ്റ്റിക്കറുകൾ, കർട്ടനുകൾ, അശാസ്ത്രീയമായ എൽ.ഇ.ഡി ലൈറ്റുകൾ, ഹോണുകൾ തുടങ്ങിയവ സ്ഥിരമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വാഹനങ്ങൾക്ക് പിഴ ഈടാക്കാറുണ്ടോ; ഇത്തരം നിയമലംഘനങ്ങൾ കണ്ടെത്തിയാൽ വിവരം അറിയിക്കുന്നതിന് വാട്ട്സ് ആപ്പ് നമ്പറുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) പോലീസ്/മോട്ടോർ വാഹന വകുപ്പ് അടക്കമുള്ള മുഴുവൻ സർക്കാർ വാഹനങ്ങൾക്കും ഫിറ്റ്നസ്, ഇൻഷ്വറൻസ്, പുക പരിശോധന സർട്ടിഫിക്കറ്റ് മുതലായ സ്വകാര്യ വാഹനങ്ങൾക്ക് ബാധകമായ മുഴുവൻ രേഖകളും ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി. വാഹനം തടഞ്ഞ സംഭവം

1798 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണകക്ഷി എം.എൽ.എ.യും തിരുവനന്തപുരം മേയറും ഉൾപ്പെടെയുള്ളവർ കെ.എസ്.ആർ.ടി.സി. വാഹനം തടഞ്ഞ സംഭവത്തിൽ അന്വേഷണം പൂർത്തിയാക്കിയോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; കുറ്റക്കാർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## റോഡുകളിൽ സുരക്ഷാ മുന്നറിയിപ്പ് ഇല്ലാത്തതിനാൽ ഉണ്ടാകുന്ന അപകടങ്ങൾ

1799 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ വേണ്ടത്ര സുരക്ഷാ മുന്നറിയിപ്പ് അടയാളങ്ങൾ ഇല്ലാത്തതിനാൽ അപകടങ്ങൾ വർദ്ധിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇന്ത്യൻ റോഡ് കോൺഗ്രസ് അംഗീകരിച്ച സുരക്ഷാ മാനദണ്ഡങ്ങൾ റോഡുകളിലെ നിർമ്മാണ സ്ഥലങ്ങളിൽ പാലിക്കുന്നുവെന്ന് ഉറപ്പാക്കുവാൻ മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) നിർമ്മാണ സ്ഥലങ്ങളിൽ റോഡ് സുരക്ഷാ ഓഡിറ്റ് നടത്തണമെന്ന ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ നിർദ്ദേശം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോയെന്നും, റോഡുകളിലെ സുരക്ഷാ മുൻകരുതലുകൾ ഉറപ്പാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

## റോഡപകടങ്ങൾ കുറയ്ക്കാൻ നടപടി

1800 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) 2023-24 വർഷത്തിൽ എത്ര വാഹന അപകടങ്ങളാണ് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും അതിൽ എത്രപേരാണ് മരണപ്പെട്ടതെന്നും വ്യക്തമാക്കുമോ?

**ആലപ്പുഴ മണ്ഡലത്തിൽ റോഡ് സുരക്ഷാ ഫണ്ടിന്റെ വിനിയോഗം**

1801 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ ഫണ്ട് എന്തൊക്കെ ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്നും പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) നിലവിലെ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ പ്രസ്തുത ഫണ്ടിൽ നിന്ന് ആലപ്പുഴ നിയോജകമണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ആവശ്യങ്ങൾക്കാണ് ചെലവഴിച്ചതെന്നും ഓരോ ഇനത്തിലും ചെലവഴിച്ച തുക എത്രയാണെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

**ടാങ്കർ ലോറികൾ മൂലമുണ്ടാകുന്ന അപകടങ്ങൾ**

1802 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാങ്കർ ലോറികൾ മുഖേന ഉണ്ടാകുന്ന അപകടങ്ങൾ വർദ്ധിച്ചുവരുന്നതു കണക്കിലെടുത്ത് അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**റൂട്ട് ഫോർമുലേഷൻ പദ്ധതിയുടെ ഭാഗമായുള്ള ജനകീയ സദസ്സ്**

1803 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാധ്യമാകുന്ന മുഴുവൻ പ്രദേശങ്ങളിലും പൊതുഗതാഗത സേവനം ലക്ഷ്യമിടുന്ന റൂട്ട് ഫോർമുലേഷൻ പദ്ധതിയുടെ ഭാഗമായുള്ള ജനകീയ സദസ്സിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) 16-08-2024-ന് പാനൂരിൽ വെച്ച് നടന്ന കൂത്തുപറമ്പ് നിയോജക മണ്ഡലം ജനകീയ സദസ്സിൽ ലഭിച്ച നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കുമോ;

(സി) പ്രസ്തുത ജനകീയ സദസ്സിൽ നിരവധി പ്രധാനപ്പെട്ട ബസ്സ് റൂട്ട് നിർദേശങ്ങൾ ലഭിച്ചതും സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്താൻ സന്നദ്ധത അറിയിച്ചിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കാര്യങ്ങളിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(ഡി) പൊതുവാഹനങ്ങളെ ആശ്രയിക്കുന്നവർ ജനകീയ സദസ്സിനെ ഏറെ പ്രതീക്ഷയോടെ പരിഗണിക്കുകയും, ഗ്രാമീണ റൂട്ടുകളിലടക്കം സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്താൻ തയ്യാറാവുകയും ചെയ്ത സാഹചര്യത്തിൽ നടപടിക്രമങ്ങൾ വേഗത്തിലാക്കി ഗ്രാമീണ റൂട്ടുകളിൽ ബസ് സർവ്വീസുകൾ യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

## കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനിലുള്ള വായ്പ

1804 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനിലുള്ള വായ്പ കേരള ബാങ്കിലേക്ക് മാറ്റുന്നതിന് കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എസ്.ബി.ഐ. കൺസോർഷ്യം വായ്പയിൽ പങ്കാളിയായ കെ.ടി.ഡി.എഫ്.സി.യെ ഒഴിവാക്കി കേരള ബാങ്കിനെ ഉൾപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്നും ഇതുമൂലം അധിക ബാധ്യത ഉണ്ടാകാൻ സാധ്യതയുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) കെ.ടി.ഡി.എഫ്.സി.യുടെ പേരിലുള്ള ഭൂപണയരേഖകൾ കേരള ബാങ്കിലേക്ക് മാറ്റുമ്പോൾ രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; കേരള ബാങ്കിന് പത്ത് വർഷത്തിൽ കൂടിയ കാലയളവിലുള്ള വായ്പകൾ നൽകുവാൻ സാധിക്കാത്തത് ഏത് രീതിയിൽ പരിഹരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## ഉൾനാടൻ ഗ്രാമങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

1805 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത സൗകര്യങ്ങൾ കുറഞ്ഞ ഉൾനാടൻ ഗ്രാമങ്ങളിലേക്ക് ബസ് സർവ്വീസ് ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. പ്രത്യേകമായി നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) നേരത്തെ ഉൾനാടൻ ഗ്രാമങ്ങളിലേക്ക് സർവ്വീസ് നടത്തിയിരുന്നതും കോവിഡ് മഹാമാരിക്കുശേഷം നിർത്തിവച്ചതുമായ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് മുൻഗണന നൽകുമോ;

(സി) കോഴിക്കോട് ജില്ലയിൽ പേരാമ്പ്ര-കുറ്റ്യാടി വഴി തൊട്ടിൽപാലം ഡിപ്പോയിലേക്ക് എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് അറിയിക്കാമോ; ഈ മേഖലയിലെ യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും രാത്രികാലങ്ങളിലുൾപ്പെടെ എത്തിച്ചേരുന്ന ഗ്രാമീണയാത്രക്കാർക്ക് ആശ്വാസമാകുന്നവിധം കൂടുതൽ സർവ്വീസുകൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>അൺ എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ കൺസഷൻ</u>**

1806 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന സാമ്പത്തിക പരാധീനത അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന അതേ നിരക്കിൽ കെ.എസ്.ആർ.ടി.സി. ബസുകളിൽ കൺസഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

**<u>ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസനം</u>**

1807 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ഡോർമെറ്ററി, റെസ്റ്റോറന്റ്, ടേക് എ ബ്രേക്ക് പദ്ധതി, ടോയ്‌ലെറ്റ് ബ്ലോക്ക് എന്നിവ ഉൾക്കൊള്ളുന്ന ഒരു പദ്ധതി ആവിഷ്ക്കരിക്കണമെന്ന നിർദ്ദേശത്തിന്മേൽ തുടർനടപടി സ്വീകരിച്ച് പ്രസ്തുത പദ്ധതി യാഥാർഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാനുള്ള നടപടികൾ</u>**

1808 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാൻ ഒരു ദിവസം എത്ര കോടി രൂപ വരുമാനം ഉണ്ടാകണമെന്നാണ് കണക്കാക്കിയിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി ഓരോ ഡിപ്പോയ്ക്കും ടാർഗറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ടോ;

(സി) നിശ്ചയിച്ച ടാർഗറ്റ് അനുസരിച്ചുള്ള തുക ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; എന്ന് വെളിപ്പെടുത്തുമോ;

(ഡി) കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>കെ.എസ്.ആർ.ടി.സി. ഡിപ്പോകൾക്കും സർവീസുകൾക്കും നിശ്ചിത വരുമാനം ഉണ്ടാകണമെന്ന നിർദേശം</u>**

1809 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോകൾക്കും സർവീസുകൾക്കും നിശ്ചിത വരുമാനം ഉണ്ടാകണമെന്ന നിർദേശം നൽകിയിട്ടുണ്ടോ;

(ബി) നഷ്ടത്തിലുള്ള യൂണിറ്റുകൾ ലാഭകരമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) ഇക്കാര്യത്തിൽ ജീവനക്കാരുടെ സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## കെ.എസ്.ആർ.ടി.സി.യുടെ പുതിയ പദ്ധതികൾ

1810 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) അനുവദിക്കപ്പെട്ട പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ?

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും

1811 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്കരിക്കുന്ന കാര്യം പരിശോധിക്കുമോ;

(ബി) പെട്രോൾ, ഡീസൽ വില വർദ്ധനവ് കണക്കിലെടുത്ത് കൂടുതൽ ഇലക്ട്രിക്ക് ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള ലോഫ്ലോർ എ.സി. ബസ്സുകളുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്താമോ; ഇതിൽ സർവ്വീസുകൾ നടത്തുന്നവ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര സർവ്വീസുകളാണെന്ന് വ്യക്തമാക്കുമോ;

(ഇ) പത്തുവർഷം പഴക്കമുള്ള ഡീസൽ വാഹനങ്ങൾ റോഡിൽ നിന്ന് ഒഴിവാക്കണമെന്ന കേന്ദ്ര നിർദ്ദേശം നടപ്പിലാക്കാനായിട്ടുണ്ടോ ; അന്തരീക്ഷ മലിനീകരണം തടയുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും പാലിക്കേണ്ട ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും എല്ലാ മാസവും 10-ാം തീയതിക്കു മുമ്പ് നൽകുവാൻ നടപടി സ്വീകരിക്കുമോ; അവ ഘട്ടംഘട്ടമായി നൽകുന്ന രീതി അവസാനിപ്പിക്കുമോ?

## കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിപ്പിക്കൽ നടപടി

1812 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. ആരംഭിച്ച ഡ്രൈവിംഗ് സ്കൂൾ മുഖേന നാളിതുവരെ എത്രപേർക്ക് ഡ്രൈവിംഗ് ലൈസൻസ് ലഭ്യമാക്കിയിട്ടുണ്ട്; എത്ര രൂപയാണ് ഡ്രൈവിംഗ് പഠിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ഫീസായി ഈടാക്കുന്നത്; വ്യക്തമാക്കാമോ;

(സി) സ്ഥിരം യാത്രക്കാർക്കായി സീസൺടിക്കറ്റ് ഏർപ്പെടുത്താൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കാമോ?

## കെ.എസ്. ആർ.ടി.സി. ലാഭകരമാക്കാൻ നടപടി

1813 **ശ്രീ. എച്ച്. സലാം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാൻ എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കുന്നത്; വിശദമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും മുടങ്ങാതെ കൃത്യമായി വിതരണം ചെയ്യാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) 2016 മുതൽ ശമ്പളത്തിനും, പെൻഷനും മറ്റിനങ്ങളിലുമായി സർക്കാർ കെ.എസ്.ആർ.ടി.സി.ക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ ഇനം, വർഷം എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

## കെ.എസ്.ആർ.ടി.സി യുടെ വിവിധ പദ്ധതികൾ

1814 **ശ്രീ. പി. നന്ദകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യാത്രക്കാർക്ക് കുറഞ്ഞ ചിലവിൽ നല്ല ഭക്ഷണം ലഭ്യമാക്കുന്നതിന് വിവിധ ഡിപ്പോകളിലെ ഒഴിഞ്ഞുകിടക്കുന്ന കെട്ടിട മുറികളിൽ കുടുംബശ്രീവഴി ജനകീയ ഹോട്ടൽ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി.യുടെ ഡീസൽ ബസുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം നടത്തുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണ്;

(സി) കൂടുതൽ ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിന് പദ്ധതിയുണ്ടോ: വിശദമാക്കാമോ ?

## കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ പദ്ധതി

1815 **ശ്രീ. അഹമ്മദ് ദേവർകോവിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടങ്ങിയ കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ പദ്ധതി വിജയകരമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഡ്രൈവിംഗ് സ്കൂൾ പ്രവർത്തനം ഏതെല്ലാം ജില്ലകളിൽ ആരംഭിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) സാമൂഹികമായി പിന്നാക്കം നിൽക്കുന്ന (എസ്.സി/എസ്.ടി ഉൾപ്പെടെ) ആളുകൾക്ക് സബ്സിഡി നിരക്കിൽ ഡ്രൈവിംഗ് പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

## കെ.എസ്.ആർ.ടി.സി. കൊറിയർ ഹോം ഡെലിവറി സർവീസ്

1816 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കൊറിയർ ഹോം ഡെലിവറി സർവീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം നൽകുവാൻ ഉദ്ദേശിക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്നും ഹോം ഡെലിവറി നടത്തുന്നതിനായി ജീവനക്കാരെ ഏത് രീതിയിൽ കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) സുരക്ഷിതമായ രീതിയിൽ കൊറിയറുകൾ എത്തിച്ചു നൽകുന്നതിന് എന്തൊക്കെ മുൻകരുതൽ നടപടികളാണ് കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

## പൂപ്പലത്ത് കെ.എസ്.ആർ.ടി.സി ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കാൻ നടപടി

1817 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ഊട്ടി റോഡിൽ മാധ്യമം ദിനപ്പത്രത്തിന്റെ റീജിണൽ ഓഫീസിന് മുൻവശത്ത് പൂപ്പലം എന്ന സ്ഥലത്ത് കെ.എസ്.ആർ.ടി.സി ദീർഘദൂര ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്ന നാട്ടുകാരുടെ ദീർഘകാലത്തെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## കാസർഗോഡ് ജില്ലയിലെ കെ.എസ്.ആർ.ടി.സി. സർവ്വീസ്

1818 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ ബേക്കലിൽ നിന്ന് മൈസൂർ വഴി ബാംഗളൂരുവിലേക്ക് അന്തർ സംസ്ഥാന ബസ്സ് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. ഗ്രാമവണ്ടി പദ്ധതി കാസർഗോഡ് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി ബസ്സുകളിൽ വിദ്യാർത്ഥികളുടെ കൺസഷന് വേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) കാസർഗോഡ് നിന്നും മംഗലാപുരത്തെ കോളേജുകളെ ആശ്രയിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി.യുടെ ഉപയോഗശൂന്യമായ ആസ്തിവകകൾ

1819 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ ഉപയോഗശൂന്യമായി കിടക്കുന്ന വസ്തുക്കളും മറ്റ് ആസ്തികളും എവിടെയെല്ലാമുണ്ടെന്നും എത്രയുണ്ടെന്നും വിശദമാക്കുമോ;

(ബി) നാശോന്മുഖമായ പ്രസ്തുത ആസ്തിവകകൾ ഏറ്റെടുത്ത് ഉപയോഗപ്രദമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## കെ.എസ്.ആർ.ടി.സി ബസ്സുകളുടെ സമയം ക്രമീകരിക്കാൻ നടപടി

1820 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം തുമ്പ സെന്റ് സേവ്യേഴ്സ് കോളേജിലെ വിദ്യാർത്ഥികളുടെ സൗകര്യം കണക്കിലെടുത്ത് തിരുവനന്തപുരം ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ നിന്നും കോളേജിലെത്തുന്നതും പോകുന്നതുമായ കെ.എസ്.ആർ.ടി.സി ബസ്സുകളുടെ സമയം ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കെ.എസ്.ആർ.ടി.സി ബസുകളിലെ സീറ്റ് ക്രമീകരണം

1821 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് വാഹനങ്ങളിൽ മുതിർന്ന പൗരന്മാർക്കും , അംഗപരിമിതർക്കും പിൻസീറ്റിലുള്ള യാത്ര വളരെ ദുഷ്കരമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ട്രാൻസ്പോർട്ട് വാഹനങ്ങളിൽ അംഗ പരിമിതർക്കും, മുതിർന്ന പൗരൻമാർക്കും പിന്നിൽ നൽകിവരുന്ന യാത്രാ സീറ്റുകൾ മുൻനിരയിലേക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുമോ?

## ഉപഭോക്തൃ സേവനങ്ങൾ ഉറപ്പാക്കുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ പദ്ധതികൾ

1822 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സേവനങ്ങൾ ഉറപ്പാക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി കെ.എസ്.ആർ.ടി.സി. എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്നറിയിക്കാമോ?

## കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ

1823 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.യെ നവീകരിക്കാൻ പുതിയ പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദമാക്കുമോ?

**<u>കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള ബസുകൾ</u>**

1824 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിൽ എത്ര ബസുകൾ ഉണ്ടെന്ന് അറിയിക്കാമോ; അവയുടെ തരംതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ബസുകളിൽ പതിനഞ്ച് വർഷം കഴിഞ്ഞവ എത്ര ഉണ്ടെന്നും, അതിൽ കാലാവധി നീട്ടി നല്കിയവ എത്ര ഉണ്ടെന്നും അറിയിക്കാമോ;

(സി) പതിനഞ്ച് വർഷം കഴിഞ്ഞ കെ.എസ്.ആർ.ടി.സി. ബസുകളിൽ ഗതാഗത യോഗ്യമായവ വിദഗ്ധ സമിതിയുടെ പരിശോധനക്ക് ശേഷം കാലാവധി നീട്ടി നൽകുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കാമോ ?

**<u>കെ.എസ്.ആർ.ടി.സി.യെ സ്വയം പര്യാപ്തമാക്കാൻ നടപടി</u>**

1825 **ശ്രീ. മഞ്ഞളാംകുഴി അലി**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ വരുമാനം എത്ര കോടി രൂപ ലഭിച്ചാലാണ് സ്വയം പര്യാപ്തമാക്കാൻ കഴിയുക എന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി ജീവനക്കാരുടെ എണ്ണം കുറച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഈ വർഷം പുതിയ ബസ്സുകൾ വാങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന് എപ്രകാരം തുക കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി.യെ സ്വയം പര്യാപ്തമാക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന വിശദമാക്കുമോ?

**<u>കെ.എസ്.ആർ.ടി.സി.യ്ക്ക് പുതിയ ബസുകൾ</u>**

1826 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ച് വർഷത്തിലധികം പഴക്കമുള്ള കെ.എസ്.ആർ.ടി.സി ബസുകൾ പൊളിച്ചു നീക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ;

(ബി) പകരം എത്ര പുതിയ ബസുകൾ വാങ്ങാനാണ് ഉദ്ദേശിക്കുന്നതെന്നും

ഇതിനാവശ്യമായ തുക കണ്ടെത്തുന്നത് എപ്രകാരമെന്നും വിശദമാക്കുമോ?

## കെ.എസ്.ആർ.ടി.സി.-യ്ക്ക് മിനി ബസുകൾ വാങ്ങുന്നതിനുള്ള ടെൻഡർ

1827 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നിലവിൽ മിനി ബസുകൾ വാങ്ങുന്നതിന് ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. മുൻപ് വാങ്ങിയ മിനി ബസുകൾ പിൻവലിക്കുന്നതിന് കാരണം എന്തായിരുന്നു; വ്യക്തമാക്കാമോ;

(സി) മുൻപ് നടപ്പാക്കിയപ്പോൾ വലിയ നഷ്ടമാണെന്ന് ബോധ്യപ്പെട്ട പദ്ധതി വീണ്ടും നടപ്പാക്കാൻ തീരുമാനിച്ച സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

## പുതിയ കെ.എസ്.ആർ.ടി.സി ബസ് സർവീസ് നിലവിലുള്ളതിനെ ബാധിക്കുന്നത് സംബന്ധിച്ച്

1828 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി കൊട്ടാരക്കര ഡിപ്പോയിൽ നിന്ന് പുതിയതായി ആരംഭിച്ച കൊട്ടാരക്കര-കിഴക്കേകോട്ട ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പ് ബസിന്റെ ട്രിപ്പുകൾ നിലവിലുള്ള ബസ് സർവീസുകളെ ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി പുനലൂർ ഡിപ്പോയിൽനിന്ന് ഗ്രാമീണ മലയോര മേഖലകളിലെ ഒറ്റപ്പെട്ട ബൈറൂട്ടുകളായ പുനലൂർ-കോക്കാട്, കോക്കാട്-തടിക്കാട്, തടിക്കാട്- പൊലിക്കോട് റോഡുകളിലൂടെ മെഡിക്കൽ കോളജ് വഴി തിരുവനന്തപുരത്തേക്ക് സർവീസ് നടത്തുന്ന ബസിനെ എം.സി റോഡിൽ പൊലിക്കോട് മുതൽ വെഞ്ഞാറമൂട്-കഴക്കൂട്ടം ബൈപാസിൽ കാട്ടായിക്കോണം വരെ കൊട്ടാരക്കരയിൽനിന്ന് പുതുതായി തുടങ്ങിയ സർവീസ് ഓവർ ലാപ് ചെയ്യുന്നതിനാൽ പുനലൂരിൽ നിന്നും നിലവിലുള്ള സർവീസിന്റെ വരുമാനം ഗണ്യമായി കുറഞ്ഞെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ;

(സി) പുതുതായി തുടങ്ങുന്ന സർവീസുകൾ മറ്റു സർവീസുകളെ ദോഷകരമായി ബാധിച്ചാൽ അവസാനം തുടങ്ങിയ സർവീസിന്റെ സമയം പുന:ക്രമീകരിക്കണമെന്നുള്ള മന്ത്രിതല നിർദേശം പാലിക്കുന്നതിന് നിർദേശം നൽകാനാകുമോ; വിശദമാക്കാമോ?

## തിരുവമ്പാടി കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്റർ കെട്ടിട നിർമ്മാണം

1829 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്റർ കെട്ടിട നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**കുറ്റ്യാടി വഴി മൈസൂരിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി ബസ് സർവീസ്**

1830 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുറ്റ്യാടി വഴി മൈസൂരിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി ബസ് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരവധി ആളുകൾക്ക് ആശ്രയമായിരുന്ന പ്രസ്തുത ബസ് സർവീസ് അടിയന്തരമായി പുന:സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) നിലവിൽ മാനന്തവാടിയിൽ നിന്നും കുറ്റ്യാടി വഴി തിരുവനന്തപുരത്തേയ്ക്കുള്ള കെ.എസ്.ആർ.ടി.സി ബസുകളിൽ നിരവധി യാത്രക്കാർക്ക് സീറ്റ് ലഭിക്കാത്തതിനാൽ നിരന്തരം പരാതി ലഭിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സാഹചര്യത്തിൽ മാനന്തവാടിയിൽ നിന്നും കുറ്റ്യാടി വഴി തിരുവനന്തപുരത്തേക്ക് പുതിയ കെ.എസ്.ആർ.ടി.സി ബസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**കെ.എസ്.ആർ.ടി.സി. ബസ് ബ്രേക്ക് ഡൗൺ ആകുന്നത് ഒഴിവാക്കാൻ നടപടി**

1831 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് ബ്രേക്ക് ഡൗൺ നിരക്കുകൾ ഇരട്ടിയായ സാഹചര്യത്തിൽ വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) മികച്ച കളക്ഷനുള്ള ദീർഘദൂര സർവീസുകൾ പോലും തുടർച്ചയായി ബ്രേക്ക് ഡൗൺ ആകുന്നത് മൂലം യാത്രക്കാർ കൂടുതലായി പ്രൈവറ്റ് ബസ് സർവീസുകളെ ആശ്രയിക്കുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) കാലപ്പഴക്കമേറിയ ബസ്സുകൾ ഒഴിവാക്കുന്നതിനും ബസുകളുടെ അറ്റകുറ്റപ്പണികൾ കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും വാങ്ങുന്ന ബസുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**തിരുവല്ല കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ, ഷോപ്പിംഗ് കോംപ്ലക്സ്**

1832 **ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിന്റെയും ഷോപ്പിംഗ് കോംപ്ലക്സിന്റെയും നിർമ്മാണം ആരംഭിക്കുന്നതിന് മുൻപ് ലഭ്യമായ അനുമതികളിൽ നിന്ന് എന്തൊക്കെ വ്യതിയാനങ്ങൾ വരുത്തിയാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഷോപ്പിംഗ് കോപ്ലക്സിന്റെ ഉദ്ഘാടനം എന്നാണ് നടത്തിയത്; വ്യക്തമാക്കാമോ;

(സി) അനുമതിപത്രത്തിൽ നിന്നും വരുത്തിയിട്ടുള്ള വ്യതിയാനങ്ങൾക്ക് അഗീകാരം തേടി അപേക്ഷ സമർപ്പിച്ചത് എന്നാണ്; വ്യക്തമാക്കാമോ;

(ഡി) ഉദ്ഘാടനം കഴിഞ്ഞാണ് കെട്ടിടത്തിന് നഗരസഭ നമ്പർ അനുവദിച്ച് കൊടുത്തത് എന്നതിന്റെ കാരണമെന്താണ്; വിശദമാക്കാമോ;

(ഇ) ഓരോ നിലയിലും ഒഴിഞ്ഞ് കിടക്കുന്ന സ്ഥലം എത്രയാണ്; ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(എഫ്) ബസ് യാർഡിലും ബസ് വേയിലും പൂട്ടുകട്ടകൾ ഇളകി കിടക്കുന്നതും കസേരകൾ ഉപയോഗശൂന്യമായതും പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വികരിക്കുമോ; വിശദമാക്കാമോ?

## മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ കെട്ടിട നിർമ്മാണം

1833 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ എം.എൽ.എ.യുടെ എ.ഡി.എഫ്-ൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുവാൻ 2015-16 സാമ്പത്തിക വർഷത്തിൽ 1 കോടി രൂപ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്ക് ഇലക്ട്രിക് ബസുകൾ

1834 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്ക് കൂടുതൽ ഇലക്ട്രിക് ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; ഇത് സംബന്ധിച്ച് കൈകൊണ്ടിട്ടുള്ള തീരുമാനങ്ങൾ വിശദമാക്കുമോ?

## ചാത്തന്നൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നുമുള്ള ദീർഘദൂര ബസ്സുകൾ

1835 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും നിലവിൽ എത്ര ദീർഘദൂര ബസ്സുകൾ സർവീസ് നടത്തുന്നുണ്ടെന്നും നാളിതുവരെ എത്ര സൂപ്പർ ഫാസ്റ്റ് ബസ്സുകൾ

സർവീസ് നടത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ഡിപ്പോയിൽ നിന്നും പുതിയ സൂപ്പർ ഫാസ്റ്റ് സർവീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർവീസുകളുടെ റൂട്ട് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഡിപ്പോയിൽ നിന്നും സർവീസ് നടത്തി വന്നിരുന്ന ചാത്തന്നൂർ-കുമളി സർവീസ് ഇപ്പോഴും തുടരുന്നുണ്ടോ; പ്രസ്തുത സർവീസിന്റെ റൂട്ട് മാറ്റിയിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

## എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണം

1836 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ നിന്നും കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കുട്ടനാട്ടിൽ നിർത്തലാക്കിയ മുഴവൻ സ്റ്റേ സർവ്വീസുകളും പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കണ്ണൂർ ജില്ലയിൽ ഗ്രാമവണ്ടി പദ്ധതി

1837 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവണ്ടി പദ്ധതി നിലവിൽ തുടരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) ഗ്രാമവണ്ടി പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ ഇതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

## കോങ്ങാട് മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി.യുടെ ബഡ്ജറ്റ് ടൂറിസം പദ്ധതി

1838 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ മീൻവല്ലം, ശിരുവാണി, കാഞ്ഞിപ്പുഴ എന്നിവയെ കോർത്തിണക്കി കെ.എസ്.ആർ.ടി.സി.യുടെ ബഡ്ജറ്റ് ടൂറിസം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

## എറണാകുളം കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ് പുനർനിർമ്മാണം

1839 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് പുനർനിർമ്മിക്കുമോയെന്ന് അറിയിക്കാമോ; കെ.എസ്.ആർ.ടി.സി.യുടെ ഒരു ബസ് സ്റ്റാൻഡ് നവീകരിക്കാനോ പുനർനിർമ്മിക്കാനോ സർക്കാർ/വകുപ്പ് തലത്തിൽ തീരുമാനം എടുക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നിലവിൽ വന്നത് ഏത് വർഷമാണെന്നും നിലവിലെ ബസ് സ്റ്റാൻഡ് കെട്ടിടത്തിന് എത്ര വർഷത്തെ പഴക്കമുണ്ടെന്നും അറിയിക്കുമോ;

(ബി) ദിനംപ്രതി എത്ര ബസ് സർവീസുകളാണ് എറണാകുളം കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്നതെന്നും ഒരു ദിവസം എത്ര ബസുകൾ സ്റ്റാൻഡിൽ എത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബസ് സ്റ്റാൻഡിൽ നിലവിൽ എത്ര ജോലിക്കാരുണ്ടെന്ന വിവരം തസ്തിക, ഉദ്യോഗസ്ഥരുടെ എണ്ണം എന്നിവ ഇനം തിരിച്ച് പട്ടികയാക്കി നൽകുമോ;

(ഡി) പ്രസ്തുത സ്റ്റാൻഡും പരിസരവും ശുചീകരിക്കുന്നതിന്ന് തൊഴിലാളികളുണ്ടോ; എങ്കിൽ എത്ര തൊഴിലാളികളുണ്ടെന്നും ഇവരുടെ മേൽനോട്ടച്ചുമതല ആർക്കാണെന്നും അറിയിക്കുമോ; കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് ശുചീകരണം ആരുടെ ഉത്തരവാദിത്തമാണെന്ന് വിശദമാക്കുമോ;

(ഇ) നിലവിലെ ബസ് സ്റ്റാൻഡിൽ മഴക്കാലത്ത് വെള്ളം കയറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഏതെങ്കിലും പഠനത്തെ ആസ്പദമാക്കിയാണോ ആയതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(എഫ്) പ്രസ്തുത സ്റ്റാൻഡിൽ യാത്രക്കാർക്കായി ടോയ്‌ലറ്റ് സംവിധാനമുണ്ടോ; എങ്കിൽ ആയതിന്റെ നടത്തിപ്പ് ഉത്തരവാദിത്തം ആർക്കാണെന്ന് അറിയിക്കുമോ; നിലവിൽ ആയതിന്റെ നടത്തിപ്പ് ചുമതല ഏതെങ്കിലും ഏജൻസിക്കാണോ നൽകിയിട്ടുള്ളത്; എങ്കിൽ ഏജൻസിയുടെ വിശദാംശം നൽകുമോ;

(ജി) പ്രസ്തുത സ്റ്റാൻഡിൽനിന്നുള്ള ടോയ്‌ലറ്റ് മാലിന്യങ്ങൾ റോഡിലേക്ക് ഒഴുകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര നാൾ കൂടുമ്പോഴാണ് ടോയ്‌ലറ്റ് മാലിന്യങ്ങൾ ഒഴിവാക്കുന്നതെന്നും അവസാനമായി ടോയ്‌ലറ്റ് ടാങ്ക് മാലിന്യങ്ങൾ ഒഴിവാക്കിയ തീയതി എന്നാണെന്നും അറിയിക്കുമോ; മാലിന്യനീക്കത്തിന് ഏത് തരത്തിലുള്ള കരാറിലാണ് ഏർപ്പെട്ടിരിക്കുന്നത്; വിശദാംശം നൽകുമോ?

## <u>കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി ഡിപ്പോ കാര്യക്ഷമമാക്കാൻ നടപടി</u>

1840 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി ഡിപ്പോ കാര്യക്ഷമമാക്കാനും ഡിപ്പോയിൽ നേരത്തെയുണ്ടായിരുന്ന ബസ് സർവ്വീസുകൾ പുനസ്ഥാപിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) കാഞ്ഞങ്ങാട് ഡിപ്പോയിൽ നിന്നും പാണത്തൂർ വഴി അന്തർ സംസ്ഥാന ബസ്സ് റൂട്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

## സ്മാർട്ട്സിറ്റി ഫണ്ട് ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി.ക്ക് വാങ്ങി നൽകിയ ഇലക്ട്രിക് ബസുകൾ

1841 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട്സിറ്റി ഫണ്ട് ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി.ക്ക് വാങ്ങി നൽകിയ ഇലക്ട്രിക് ബസുകൾ അനധികൃത യാത്ര നടത്തുന്നതായി തിരുവനന്തപുരം കോർപ്പറേഷൻ കെ.എസ്.ആർ.ടി.സി.ക്ക് കത്തു നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സർവീസ് ക്രമീകരണം, വരുമാന പങ്കാളിത്തം തുടങ്ങിയ കാര്യങ്ങളിൽ കോർപ്പറേഷനും കെ.എസ്.ആർ.ടി.സി.യും സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദമാക്കുമോ; പ്രസ്തുത കരാറിലെ വ്യവസ്ഥകൾ ലംഘിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ കാര്യത്തിൽ എന്ത് തുടർനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കോവിഡ് കാലത്ത് അഴീക്കോട് മണ്ഡലത്തിൽ നിർത്തലാക്കിയ കെ.എസ്ആർ.ടി.സി ബസുകൾ

1842 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് അഴീക്കോട് മണ്ഡലത്തിൽ നിർത്തലാക്കിയ എത്ര കെ.എസ്ആർ.ടി.സി ബസുകളുടെ സർവീസ് പുനരാരംഭിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) നിർത്തലാക്കിയ ബസ് സർവീസുകളിൽ ബാക്കിയുള്ളത് കൂടി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ; വിശദാംശം നൽകാമോ?

## കൊച്ചി അർബൻ മെട്രോ ട്രാൻസ്പോർട്ടേഷൻ അതോറിറ്റി

1843 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ മെട്രോ ട്രാൻസ്പോർട്ടേഷൻ അതോറിറ്റി (യു.എം..ടി.എ./കെ.എം..ടി.എ.) പദ്ധതി മുഖാന്തിരം എന്താണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത് എന്ന് വിശദീകരിക്കുമോ;

(ബി) കൊച്ചി നഗരത്തിന് തനതായ നഗരഗതാഗതം ഒരു കുടക്കീഴിലേക്ക് കൊണ്ടുവരുമെന്നുള്ള രീതിയിൽ അവതരിപ്പിച്ച അർബൻ മെട്രോ ട്രാൻസ്പോർട്ടേഷൻ അതോറിറ്റി എന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ്; വിശദീകരിക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി ഏത് രീതിയിലാണ് ഉദ്യോഗസ്ഥരെ നിയമിക്കുന്നത് എന്ന് അറിയിക്കുമോ; ഇതിനായി എത്ര ഉദ്യോഗസ്ഥരെയാണ്, ഏതെല്ലാം വകുപ്പുകളിൽ നിന്ന് നിയമിച്ചിട്ടുള്ളത് എന്നറിയിക്കുമോ; എറണാകുളത്ത് എവിടെയാണ്

പദ്ധതിയുടെ കാര്യാലയം സ്ഥിതി ചെയ്യുന്നതെന്നും ഏത് വകുപ്പിന് കീഴിലാണ് ഈ അതോറിറ്റി നിലകൊള്ളുന്നതെന്നുമുള്ള വിവരം അറിയിക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് അനുവദിച്ചതെന്നും ശമ്പളം ഇനത്തിൽ ഉദ്യോഗസ്ഥർക്ക് എത്ര രൂപ, ഏതൊക്കെ തസ്തികകളിലായി നൽകിയിട്ടുണ്ട് എന്നതും സംബന്ധിച്ച വിശദവിവരങ്ങൾ നൽകുമോ?

**<u>വൈപ്പിനിൽ നിന്നുള്ള സ്വകാര്യ ബസുകളുടെ നഗരപ്രവേശനം</u>**

1844 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിൽ നിന്നുള്ള സ്വകാര്യ ബസുകളുടെ നഗരപ്രവേശത്തിനായി 27.11.2023-ൽ ഗതാഗത വകുപ്പ് പുറപ്പെടുവിച്ച ജി.ഒ.(പി) നം.27/2023 ഉത്തരവ് പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്വകാര്യ ബസുകളുടെ നഗരപ്രവേശത്തിന് പെർമിറ്റിനായുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനായി റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി മീറ്റിംഗ് ചേർന്നിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ ബസുകളുടെ നഗരപ്രവേശത്തിനായി സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ?

**<u>കൊച്ചി നഗരത്തിന് വേണ്ടി കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ (സി.എം.പി.)</u>**

1845 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിന് വേണ്ടി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ഒരു സ്വകാര്യ കൺസൾട്ടൻസിയെ കൊണ്ട് തയ്യാറാക്കിയിട്ടുള്ള കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ (സി.എം.പി.) കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ അംഗീകാരത്തിന് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സി.എം.പി മൂന്നാമത് ഒരു വിദഗ്ധസമിതിയെ കൊണ്ട് അവലോകനം നടത്തുന്നതിനും ബഹുജനാഭിപ്രായം സ്വരൂപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ പ്രാഥമിക കർത്തവ്യം നഗരത്തിന് ഒരു കോംപ്രിഹൻസിവ് മൊബിലിറ്റി പ്ലാൻ രൂപപ്പെടുത്തുക എന്നാണെന്നിരിക്കെ പ്രസ്തുത സി.എം.പി തയ്യാറാക്കുവാൻ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്ന കമ്പനിയെ ഏൽപ്പിച്ച സാഹചര്യം വിശദമാക്കുമോ?

**<u>ബസുകൾക്ക് പുതിയ പെർമിറ്റ് നല്കുന്നത്</u>**

1846 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ബസുകൾ ഓടാത്ത റൂട്ടുകളിൽ പുതിയ പെർമിറ്റുകൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് എത്ര യോഗങ്ങളാണ് ചേർന്നിട്ടുള്ളത്; യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഏതെല്ലാം റൂട്ടുകളിലാണ് പെർമിറ്റ് നൽകാൻ അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ റൂട്ടുകളിലാണ് ബസ് ഓടിക്കുന്നതിന് പെർമിറ്റ് ലഭ്യമാക്കാൻ അപേക്ഷകൾ ലഭിച്ചിട്ടുള്ളതെന്നും ഇവയിൽ ഏതെല്ലാമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) ഏതൊക്കെ റൂട്ടുകളിലെ പെർമിറ്റ് അപേക്ഷകളാണ് നിരസിച്ചിട്ടുള്ളത്; ആയത് നിരസിക്കാനുള്ള കാരണങ്ങൾ വിശദമാക്കാമോ?

## ജലഗതാഗത മേഖലയിലെ നവീകരണ പ്രവർത്തനം

1847 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലഗതാഗത മേഖലയിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് അറിയിക്കുമോ; വിശദമാക്കാമോ;

(ബി) ഇന്ധനക്ഷമതയും ഉയർന്ന സുരക്ഷയുമുള്ള പുതിയ ഗതാഗത ബോട്ടുകൾ വാങ്ങുന്നതിനും, ഫെറി സർവീസുകൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ ;

(സി) ദേശീയ ജലപാത III-മായി ബന്ധിപ്പിക്കുന്ന ഫീഡർ കനാലുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## ജലഗതാഗതം വിപുലപ്പെടുത്താനുള്ള പുതിയ പദ്ധതികൾ

1848 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലഗതാഗതം വിപുലപ്പെടുത്താൻ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആദ്യഘട്ടത്തിൽ ഏതെല്ലാം മേഖലകളിലാണ് ആരംഭിക്കുന്നത്; വിശദമാക്കാമോ?

## അരൂകുറ്റിയിൽ നിന്ന് എറണാകുളത്തേക്ക് ബോട്ട് സർവ്വീസ്

1849 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ എലിവേറ്റഡ് ഹൈവേ നിർമ്മാണം നടക്കുന്നതിനാൽ ജനങ്ങളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനായി അരൂകുറ്റിയിൽ നിന്ന് എറണാകുളത്തേക്ക് ബോട്ട് സർവീസ് അനുവദിക്കുന്നതിനുവേണ്ടി നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) വൈക്കം-എറണാകുളം റൂട്ടിൽ സർവീസ് നടത്തിയിരുന്ന വേഗാ ബോട്ട് നിലവിൽ ഏത് റൂട്ടിലാണ് സർവീസ് നടത്തുന്നതെന്നും, എത്ര നാളുകളായി പ്രസ്തുത റൂട്ടിൽ

സർവീസ് നടത്താൻ തുടങ്ങിയിട്ടെന്നും വിശദമാക്കാമോ?

**<u>ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ</u>**

1850 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എ. കെ. എം. അഷ്‌റഫ്**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ മാറ്റുന്നതിലും പുതുക്കുന്നതിലും നികുതി വെട്ടിപ്പ് നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കുറ്റക്കാർക്കെതിരെ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഫിറ്റ്നസ് കാലാവധിയുടെ മാനദണ്ഡം</u>**

1851 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഫിറ്റ്നസ് കാലാവധിയുടെ മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ; എത്രകാലം ഒരു വാഹനം ഉപയോഗിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ബി) പതിനഞ്ച് വർഷം കഴിഞ്ഞ ഏതെല്ലാം തരം വാഹനങ്ങൾക്കാണ് നിരോധനം ഉള്ളതെന്ന് വിശദമാക്കാമോ; കെ.എസ്.ആർ.ടി.സി. ബസുകളുടെ കാലാവധി എത്രയെന്ന് അറിയിക്കാമോ;

(സി) പബ്ലിക് ട്രാൻസ്പോർട്ടിനായി ഉപയോഗിക്കുന്ന കെ.എസ്.ആർ.ടി.സി. വാഹനങ്ങൾക്കില്ലാത്ത നിരോധനം സർക്കാർ വകുപ്പുകളിലെ പതിനഞ്ച് വർഷം കഴിഞ്ഞ വാഹനങ്ങൾക്ക് ബാധകമാകുന്ന അവസ്ഥയുണ്ടോ;

(ഡി) സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പതിനഞ്ച് വർഷം കഴിഞ്ഞതും മൂന്ന് ലക്ഷം കിലോമീറ്ററിന് താഴെ മാത്രം ഓടിയതും ഉപയോഗയോഗ്യവുമായ സർക്കാർ വാഹനങ്ങളെ ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നത് പരിഗണിക്കത്തക്കവിധത്തിൽ നിയമഭേദഗതിക്ക് കേന്ദ്രസർക്കാരിനോടാവശ്യപ്പെടാമോ?

**<u>മോട്ടോർ വാഹന വകുപ്പിൽ നികുതി വെട്ടിപ്പ്</u>**

1852 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹൻ സോഫ്റ്റ്‌വെയറിലെ പിഴവ് ഉപയോഗപ്പെടുത്തി മോട്ടോർ വാഹന വകുപ്പിൽ കോടികളുടെ നികുതി വെട്ടിപ്പ് നടന്നതായുള്ള ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) വാഹൻ സോഫ്റ്റ്‌വെയറിൽ എഡിറ്റിംഗ് നടത്തുവാൻ ഉദ്യോഗസ്ഥർക്ക് അനുമതി നൽകാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ; ഈ കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ?

## ആംബുലൻസുകളുടെ ഉപയോഗം

1853 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആംബുലൻസുകളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ;

(ബി) ചികിത്സാ സംബന്ധമായി ആശുപത്രികളിലേക്കും മറ്റ് ആതുര സേവന പ്രവർത്തനങ്ങൾക്കും ദുരന്തനിവാരണ ആവശ്യങ്ങൾക്കുമല്ലാതെ മറ്റ് എന്തെല്ലാം ആവശ്യങ്ങൾക്ക് ആംബുലൻസുകൾ ഉപയോഗിക്കാൻ നിയമം അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സ്വകാര്യ യാത്രകൾക്ക് ആംബുലൻസുകൾ ഉപയോഗിക്കുകയാണെങ്കിൽ സ്വീകരിക്കുന്ന നിയമ നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് സ്വകാര്യ യാത്രകൾക്ക് ആംബുലൻസ് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികളുടെ എണ്ണവും വിശദവിവരവും ലഭ്യമാക്കാമോ?

## ടൂറിസ്റ്റ് ബസ്സുകളുടെ നികുതി കുറയ്ക്കാനുള്ള തീരുമാനം

1854 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ എം മുകേഷ്**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത ബസ്സുകൾ കേന്ദ്ര സർക്കാരിന്റെ ടൂറിസ്റ്റ് പെർമിറ്റ് ചട്ടങ്ങളുടെ പിൻബലത്തിൽ സംസ്ഥാനത്ത് സ്ഥിരമായി സർവീസ് നടത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന് പരിഹാരമെന്നോണം ഇത്തരം ബസ്സുകളുടെ രജിസ്ട്രേഷൻ കേരളത്തിൽത്തന്നെ നടത്തുന്നതിന് സഹായകമാകുംവിധം ടൂറിസ്റ്റ് ബസ്സുകളുടെ നികുതി കുറയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് എടുത്ത് കേരളത്തിൽ എത്തുന്ന ബസുകളിൽ നിന്നും നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ടാക്സേഷൻ നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ?

**ആർ.സി. ബുക്കും ഡ്രൈവിംഗ് ലൈസൻസും നൽകുന്നതിലെ കാലതാമസം**

1855 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.ബുക്ക്, ഡ്രൈവിംഗ് ലൈസൻസ് എന്നിവ പുതിയതായി ഇഷ്യൂ ചെയ്യാനും പുതുക്കി നൽകാനും എത്ര ദിവസമാണ് വേണ്ടി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ആർ.സി.ബുക്കും ഡ്രൈവിംഗ് ലൈസൻസും ഇപ്പോൾ കുറെ നാളുകളായി ഇഷ്യൂ ചെയ്യാറില്ലെന്ന് വാഹന ഉടമകളും ഡ്രൈവർമാരും അടക്കമുള്ള പൊതുജനം പരാതിപ്പെടുന്നത് വസ്തുതാപരമാണോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ കാലതാമസത്തിന് കാരണമെന്താണെന്നും, ഇഷ്യൂ ചെയ്യാനായി എത്ര ആർ.സി.ബുക്കുകളും ഡ്രൈവിംഗ് ലൈസൻസുകളും ഉണ്ടെന്നുമുള്ള വിവരം ജില്ലതിരിച്ച് ലഭ്യമാക്കാമോ ;

(ഡി) ഒരു ആർ.സി. ബുക്കും ഡ്രൈവിംഗ് ലൈസൻസും തയ്യാറാക്കുന്നതിന് വേണ്ടിവരുന്ന ചെലവ് എത്രയാണെന്നും, ഏതെങ്കിലും ഏജൻസിയെയാണോ ഇതേല്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത ഏജൻസിക്ക് കുടിശിക തുക നൽകാനുണ്ടോയെന്ന് അറിയിക്കുമോ?

**ഹൈ സെക്യൂരിറ്റി രജിസ്ട്രേഷൻ പ്ലേറ്റ്**

1856 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈ സെക്യൂരിറ്റി രജിസ്ട്രേഷൻ പ്ലേറ്റുമായി ബന്ധപ്പെട്ട് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) നിലവിൽ നമ്പർപ്ലേറ്റ് മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ കൂടി ഉൾപ്പെടുത്തി ഈ പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എം.എസ്.എം.ഇ.(മൈക്രോ, സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ്), സ്റ്റാർട്ടപ്പ് കമ്പനികളെക്കൂടി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഈ മേഖലയിലെ കമ്പനികളെ ഉൾപ്പെടുത്തി ഇത് പ്രാവർത്തികമാക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ ?

**കുറ്റ്യാടി മണ്ഡലത്തിലെ ജനകീയ സദസ്സിന്റെ തുടർപ്രവർത്തനങ്ങൾ**

1857 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ഗതാഗത പ്രശ്നങ്ങൾ ചർച്ച ചെയ്യാനായി ചേർന്ന ജനകീയ സദസ്സിന്റെ തുടർപ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ; വിശദമാക്കാമോ;

(ബി) ഈ യോഗത്തിൽ ഉയർന്നുവന്ന ഏതൊക്കെ പ്രശ്നങ്ങൾക്കാണ് പരിഹാരം ഉണ്ടാവുക എന്നറിയിക്കാമോ?

**<u>പയ്യന്നൂർ ജോയിന്റ് ആർ.ടി.ഒ. ഓഫീസ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിലേക്ക് മാറ്റാനുള്ള നടപടികൾ</u>**

1858 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ ജോയിന്റ് ആർ.ടി.ഒ. ഓഫീസ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഒഴിഞ്ഞ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

**<u>പുനരുപയോഗ ഇന്ധനം ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടി</u>**

1859 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുനരുപയോഗ ഇന്ധനം ഉപയോഗിക്കുന്ന വാഹനങ്ങളുടെ വിപണനം കൂട്ടുന്നതിനും അതിലൂടെ ആഗോളതാപന തോത് കുറക്കാനും ഉതകുന്ന എന്തെല്ലാം പദ്ധതിയാണ് മുന്നോട്ട് വയ്ക്കുന്നത്;

(ബി) കർണ്ണാടക സർക്കാർ 25 ലക്ഷം രൂപ വരെയുള്ള ഇലക്ട്രിക് വാഹനങ്ങൾക്ക് മോട്ടോർ വാഹന നികുതി ഒഴിവാക്കി ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം ഗണ്യമായി ഉയർത്താൻ ഉതകുന്ന പദ്ധതി ആവിഷ്കരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തും പുനരുപയോഗ ഊർജ്ജം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന വാഹനങ്ങൾക്ക് നികുതി ഒഴിവാക്കുവാൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കുമോ?

**<u>പ്രവാസികൾക്ക് ഡ്രൈവിംഗ് ലൈസൻസ്</u>**

1860 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്ക് ഡ്രൈവിംഗ് ലൈസൻസിനുള്ള ടെസ്റ്റിന് മുൻഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ പഠിച്ചുവരുന്ന വിദ്യാർത്ഥികൾക്ക് ലൈസൻസ് എടുക്കുന്നതിന് പ്രത്യേക മുൻഗണന നൽകുന്ന വിഷയം പരിഗണിക്കുമോ?

**<u>വാഹനനികുതിയുടെ ഘടന പുന:പരിശോധിക്കാൻ നടപടി</u>**

1861 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഡംബര ബസ്സുകൾ ഉൾപ്പെടെയുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ കുറഞ്ഞുവരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വാഹന നികുതി കുറവായ ഇതര സംസ്ഥാനങ്ങളിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനാൽ സംസ്ഥാനത്തിന് നികുതി നഷ്ടം ഉണ്ടാകുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ നികുതിനഷ്ടം ഒഴിവാക്കുന്നതിനായി വാഹനനികുതി ഘടന പുന:പരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## <u>ഗതാഗത നിയമലംഘന കേസുകൾ</u>

1862 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഗതാഗത നിയമലംഘനത്തിന് എത്ര കേസുകൾ എടുത്തിട്ടുണ്ടെന്നും, അവയിൽ എന്തു നടപടി എടുത്തു എന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ പിഴയായി എത്ര തുക നിശ്ചയിച്ചു നൽകിയിട്ടുണ്ടെന്നും, എത്ര തുക സർക്കാരിലേക്ക് ലഭിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് അറിയിക്കാമോ;

(സി) ഗതാഗത നിയമലംഘനത്തിന്റെ പേരിൽ എത്ര പേരുടെ ഡ്രൈവിംഗ് ലൈസൻസ് റദ്ദാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

## <u>സേഫ് കേരള പദ്ധതിക്കായി വാടകയ്ക്കെടുത്ത ഇലക്ട്രിക് വാഹനങ്ങൾ</u>

1863 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിക്കായി മോട്ടോർ വാഹന വകുപ്പ് എത്ര ഇലക്ട്രിക് വാഹനങ്ങളാണ് വാടകയ്ക്ക് എടുത്തതെന്നും വാടകയിനത്തിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) വാഹന പരിശോധനകൾക്കായുള്ള പട്രോളിംഗിന് ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗപ്പെടുത്തുവാൻ സാധിക്കില്ലെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇലക്ട്രിക് വാഹനങ്ങൾ സ്വന്തമായി വാങ്ങുന്നതിനേക്കാൾ കൂടുതൽ തുക വാടകയിനത്തിൽ ചെലവഴിക്കുകയും ഉദ്ദേശ്യ ലക്ഷ്യത്തിന് അനുസൃതമായി വാഹനം പ്രയോജനപ്പെടുത്താൻ കഴിയാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>മോട്ടോർവാഹന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച്</u>

1864 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ടി.ഓഫീസുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭിക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങളെക്കുറിച്ച് പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനും പൊതുജനങ്ങൾക്ക് ടോൾഫ്രീ നമ്പർ ലഭ്യമാണോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ അത്തരമൊരു സേവനം നടപ്പാക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ആർ.ടി.ഓഫീസുകളുടെ അധികാരപരിധി സംബന്ധിച്ച വിവരങ്ങളും, ഡ്രൈവിംഗ് ടെസ്റ്റ്, വാഹന പുനഃപരിശോധന, ഫിറ്റ്നസ് പരിശോധനാ സ്ഥലങ്ങൾ, പരിശോധനാ തീയതികൾ, റിപ്പോർട്ടിംഗ് സമയങ്ങൾ എന്നീ വിവരങ്ങളും വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കാമോ;

(സി) സംസ്ഥാനത്ത് ഓൺലൈൻ ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് (എ.ഐ.ടി.പി.) ഏത് വർഷമാണ് അവതരിപ്പിച്ചത്; ഇതുവരെ എത്ര പെർമിറ്റുകൾ നൽകിയിട്ടുണ്ട്; സംസ്ഥാനത്തിനുള്ള വിഹിതമായി കേന്ദ്രസർക്കാരിൽ നിന്ന് എത്ര രൂപ ഫീസായി ലഭിച്ചിട്ടുണ്ട്; കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കുന്ന വിഹിതം സർക്കാർ ട്രഷറിയിൽ പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നുണ്ടോ; പെർമിറ്റുകൾ, വരുമാനം, സംസ്ഥാന വിഹിതം എന്നിവയുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ നൽകാമോ;

(ഡി) ഡ്രൈവിംഗ് ലൈസൻസുകൾ, വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, അന്താരാഷ്ട്ര ഡ്രൈവിംഗ് പെർമിറ്റുകൾ എന്നിവ അച്ചടിക്കുന്നതിലുള്ള പെൻഡിംഗ് ജോലികളെ സംബന്ധിച്ച വിശദവിവരം ഓഫീസ് അടിസ്ഥാനത്തിൽ നൽകാമോ; അച്ചടി ജോലികൾക്ക് കമ്പനികൾക്ക് കുടിശികയുള്ള തുകയും കമ്പനികളുടെ പേരുവിവരവും സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; ഇത്തരം ജോലികൾ സർക്കാർ സ്ഥാപനങ്ങൾക്ക് നൽകണമെന്ന സർക്കാർ ഉത്തരവുകൾ പാലിച്ചുകൊണ്ട്, പ്രിന്റിംഗ് ജോലികൾ ഗവൺമെന്റ് പ്രസ്സ്, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ് (സി-ആപ്റ്റ്), അല്ലെങ്കിൽ കേരള ബുക്ക്സ് ആൻഡ് പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്.) എന്നിവയിലേക്ക് കൈമാറ്റം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഗതാഗത നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും സ്വീകരിച്ച നടപടികളുടെ സ്ഥിതി ഓൺലൈനായി പരിശോധിക്കുന്നതിനും പൗരന്മാർക്ക് മോട്ടോർവാഹന വകുപ്പ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; പുറപ്പെടുവിച്ച ട്രാഫിക് നിയമലംഘന ചലാനുകളുടെ വർഷം തിരിച്ചും വിഭാഗം തിരിച്ചുമുള്ള വിവരങ്ങളും, ഓഫീസ്, ജില്ല എന്നിവ അടിസ്ഥാനമാക്കിയുള്ള യഥാർത്ഥ സമയ വരുമാന ശേഖരണം സംബന്ധിച്ച വിവരവും പൗരന്മാർക്ക് ലഭ്യമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എഫ്) സംസ്ഥാനത്തെ റോഡപകടങ്ങളുടെ വിശദാംശങ്ങളും, എ.ഐ. ക്യാമറകളിലൂടെയും ഫീൽഡ് ഓഫീസർമാരിലൂടെയും പ്രത്യേകമായി പുറപ്പെടുവിച്ച ചലാനുകളുടെ വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാണോ; ഇത്തരമൊരു സംവിധാനം നിലവിലില്ലെങ്കിൽ അത് നടപ്പാക്കാനുള്ള പദ്ധതികളുണ്ടോ; വിശദാംശങ്ങൾ ല്യമാക്കാമോ?

## <u>ഉപയോഗശൂന്യമായ സർക്കാർ വാഹനങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി</u>

1865 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നിയമപ്രകാരം ഉപയോഗശൂന്യമായ സർക്കാർ വാഹനങ്ങളെ സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ കേന്ദ്ര നിയമപ്രകാരം ഉപയോഗശൂന്യമായ ഇത്തരം വാഹനങ്ങൾ സംസ്ഥാന സർക്കാർ നിലനിർത്തുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) ഇത്തരം ഉപയോഗശൂന്യമായ സർക്കാർ വാഹനങ്ങളെ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) ഇത്തരത്തിൽ ഒഴിവാക്കൽ നടത്തിയാൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് സംസ്ഥാന സർക്കാർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

## വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

1866 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി അപേക്ഷിക്കാൻ സർക്കാർ സ്ലോട്ട് ഏർപ്പെടുത്തിയത് മൂലം, വാഹന ഉടമകൾക്ക് അവരുടേതല്ലാത്ത കുറ്റത്താൽ ഉണ്ടാകുന്ന കാലതാമസത്തിന് ഏർപ്പെടുത്തിയിട്ടുള്ള പിഴ തുക ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള 'സ്ലോട്ട്' സംവിധാനത്തിനു പകരം മറ്റെന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ആർ.സി., ലൈസൻസ് എന്നിവ പുതുക്കുന്നതിന് അപേക്ഷ നൽകിയാൽ അവ ലഭിക്കുന്നതിന് മാസങ്ങളോളം കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപേക്ഷ നൽകിയാൽ ഏഴ് ദിവസത്തിനുള്ളിൽ ആർ.സി.യും, ലൈസൻസും, മറ്റ് സർട്ടിഫിക്കറ്റുകളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വാഹനങ്ങളുടെ ഗ്ലാസുകളിൽ കൂളിംഗ് ഫിലിം ഒട്ടിക്കാമെന്ന ഹൈക്കോടതി ഉത്തരവ്

1867 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ ഗ്ലാസുകളിൽ കൂളിംഗ് ഫിലിം ഒട്ടിക്കുന്നത് നിയമാനുസൃതമാണെന്ന ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്നും, ഉത്തരവിനെതിരെ അപ്പീൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) കേന്ദ്ര മോട്ടോർവാഹന ചട്ടത്തിൽ ഭേദഗതി വന്നിട്ടുള്ള സാഹചര്യം കൂടി പരിഗണിച്ച് വാഹനങ്ങളിൽ കൂളിംഗ് ഫിലിം ഒട്ടിക്കുന്നത് സംബന്ധിച്ച കോടതി ഉത്തരവ് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ബി.എച്ച്.സീരീസ് രജിസ്ട്രേഷൻ

1868 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ 2021-ൽ ആവിഷ്കരിച്ച പുതിയ വാഹനങ്ങൾക്കുള്ള ബി.എച്ച്. സീരീസ് രജിസ്ട്രേഷന് കേരളത്തിൽ അനുമതിയുണ്ടോ; കേരളം ഇതിൽ നിന്ന് മാറിനിൽക്കുന്നതിന്റെ കാരണം എന്താണ്;

(ബി) ബി.എച്ച്. രജിസ്ട്രേഷൻ അനുവദിച്ച് കൊടുക്കണമെന്ന് കേരള ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ; ഇത് പ്രകാരം എത്ര വാഹനങ്ങൾക്ക് ബി.എച്ച്. രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്; ബി.എച്ച്.സീരീസ് രജിസ്ട്രേഷൻ നമ്പർ അനുവദിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

## നഷ്ടത്തിലായ ഇ-വാഹനങ്ങൾ

1869 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നത് നഷ്ടമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് മോട്ടോർ വാഹന വകുപ്പ് ഡീസൽ വാഹനങ്ങൾ വാങ്ങുന്നതിന് തീരുമാനമെടുക്കുകയുണ്ടായോ;

(ബി) ഇപ്രകാരം ഡീസൽ വാഹനങ്ങൾ ആകെ എത്ര രൂപയ്ക്കാണ് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുള്ളത്; ഏതൊക്കെ വാഹനങ്ങളാണ് ഈ തുകയ്ക്ക് വാങ്ങാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) എന്തൊക്കെ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് ഇ-വാഹനങ്ങൾ നഷ്ടമാണെന്ന് കണ്ടെത്തിയത്;

(ഡി) പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇ-വാഹനങ്ങൾ നഷ്ടത്തിലാണെന്ന നിഗമനത്തിലെത്താനിടയാക്കിയ വസ്തുതകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്

1870 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) തുടർനടപടികൾ വേഗത്തിലാക്കി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മാർഗദീപം പ്രീ മെട്രിക് സ്കോളർഷിപ്പ് പദ്ധതി

1871 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി മാർഗദീപം എന്ന പേരിൽ പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി ഈ സർക്കാർ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഉന്നതപഠന കേന്ദ്രങ്ങളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രത്യേകമായ സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ന്യൂനപക്ഷ വിഭാഗങ്ങളിലെ അതിദരിദ്രരെ കണ്ടെത്തുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു നടപടി സ്വീകരിക്കുമോ ?

## <u>ന്യൂനപക്ഷ ഷോപ്പിംഗ് സെന്ററുകൾ</u>

1872 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ന്യൂനപക്ഷ ഷോപ്പിംഗ് സെന്ററുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ;

(ബി) പുതുതായി ഷോപ്പിംഗ് സെന്ററുകൾ അനുവദിക്കുന്ന സ്ഥലങ്ങൾ ഏതെല്ലമാണെന്ന് വ്യക്തമാക്കാമോ?

## <u>മൈനോരിറ്റി കോച്ചിങ് സെന്ററുകളിലെ അദ്ധ്യാപക പാനൽ</u>

1873 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വകുപ്പിന് കീഴിലുള്ള മൈനോരിറ്റി കോച്ചിങ് സെന്ററുകളിലെ അദ്ധ്യാപക പാനൽ എന്നാണ് തയ്യാറാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ അദ്ധ്യാപകരെ പാനലിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

## <u>സർക്കാർ സർവീസിൽ ന്യൂനപക്ഷ യുവജനങ്ങൾക്ക് പ്രതിനിധ്യം ഉറപ്പാക്കുന്ന നടപടി</u>

1874 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ യുവജനങ്ങൾക്ക് സർക്കാർ സർവീസിൽ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രത്യേക പരിശീലന കേന്ദ്രങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള എത്ര പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) വിവിധ കേന്ദ്രങ്ങളിലായി നിലവിൽ എത്ര പേർക്ക് പരിശീലനം നൽകിവരുന്നുണ്ടെന്നും എത്രപേർക്ക് ജോലി ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കുമോ ;

(ഡി) വിധവകളും വിവാഹമോചിതരുമായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കായി പ്രത്യേക തൊഴിൽ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉന്നത വിദ്യാഭ്യാസം

1875 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉന്നത വിദ്യാഭ്യാസം ലഭിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രം ആരംഭിക്കാൻ നടപടി

1876 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രം തുടങ്ങുന്നത് സംബന്ധിച്ചുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

## ഇരിക്കൂർ മണ്ഡലത്തിലെ പി.എം.ജെ.വി.കെ. പദ്ധതി

1877 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ 2021-22 മുതൽ പി.എം.ജെ.വി.കെ. പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ശിപാർശ ചെയ്ത പദ്ധതികൾ ഏതൊക്കെ;വിശദാംശം നൽകാമോ ?

## ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതികൾ

1878 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന കുടിവെള്ള പദ്ധതിക്ക് തുക അനുവദിക്കുന്ന സ്കീം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേരളാ വാട്ടർ അതോറിറ്റിയിൽ, ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ചെലവഴിക്കാതെ

ബാക്കി കിടക്കുന്ന തുക എത്രയാണെന്നും പ്രസ്തുത തുക ഉപയോഗപ്പെടുത്തി പുതിയ കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കുമോ?

## <u>ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ</u>

1879 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഏതെല്ലാമെന്നും അതിൽ ധനസഹായ പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നിർത്തലാക്കിയ ഏതെങ്കിലും ന്യൂനപക്ഷ ക്ഷേമ പദ്ധതികളുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് അറിയിക്കാമോ; പുതിയതായി ആരംഭിച്ച പദ്ധതികളുണ്ടോ, എങ്കിൽ വ്യക്തമാക്കുമോ;

(സി) വിവിധ ധനസഹായ പദ്ധതികളിൽ ഏറ്റവും ഒടുവിൽ തുക വർദ്ധിപ്പിച്ചത് എന്നാണെന്നും നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ പദ്ധതിയിലും എത്ര തുകയുടെ വർദ്ധനവ് വരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിലുള്ള ഏതെങ്കിലും ധനസഹായ പദ്ധതികളിൽ കുടിശിക വിതരണം ചെയ്യാനുണ്ടോ; ഓരോ പദ്ധതിയിലും എന്ന് വരെയുള്ള അപേക്ഷകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

## <u>കൊടിയത്തൂർ-കാരാട്ട് റോഡ്</u>

1880 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കൊടിയത്തൂർ പഞ്ചായത്തിലെ കാരാട്ട് റോഡ് വികസനത്തിന് ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫണ്ട് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## <u>ആലപ്പുഴ മണ്ഡലത്തിലെ വനിതാ ഫെസിലിറ്റേഷൻ സെന്റർ</u>

1881 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ പി.എം.ജെ.വി .കെ. പദ്ധതി മുഖേന നടപ്പിലാക്കുന്ന വനിതാ ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(സി) ആലപ്പുഴ മണ്ഡലത്തിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ പ്രസ്തുത കേന്ദ്രം ഈ വർഷം ആരംഭിക്കുവാൻ സാധിക്കുമോ; വിശദമാക്കാമോ?

## ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം

1882 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ മാറനല്ലൂർ പഞ്ചായത്തിൽ ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം എന്ന പദ്ധതിയിൽ അനുമതി ലഭ്യമായ കൂവളശ്ശേരി കൊങ്ങംകോട് സ്റ്റേഡിയത്തിന്റെ നിലവിലെ സ്ഥിതിയും തുടർനടപടികളും വിശദമാക്കാമോ?

## ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

1883 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയിലുൾപ്പെട്ട മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഈ പ്രവൃത്തി ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ടെന്ന് വിശദമാക്കാമോ?

## ഗ്രാമീണ കളിക്കളം പദ്ധതി

1884 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര പഞ്ചായത്തുകൾക്കാണ് സ്വന്തമായി കളിസ്ഥലം / കളിക്കളം ഇല്ലാത്തതായി കായിക വകുപ്പ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) സ്വന്തമായി കളിക്കളത്തിന് സ്ഥലമില്ലാത്ത എത്ര പഞ്ചായത്തുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് എന്നറിയിക്കുമോ;

(സി) 'ഗ്രാമീണ കളിക്കളം' പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കളിക്കളങ്ങൾക്ക് നിലവിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും എത്രയെണ്ണമാണ് നാളിതുവരെ പൂർത്തിയാക്കിയതെന്നും വ്യക്തമാക്കുമോ;

(ഡി) എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം എന്ന ലക്ഷ്യം എപ്പോൾ കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ഇ) ഒരു പഞ്ചായത്തിൽ ഒന്നിലധികം സ്ഥലങ്ങളിൽ കളിക്കളങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഗുരുവായൂർ മണ്ഡലത്തിലെ കായിക വകുപ്പിന്റെ വിവിധ പദ്ധതികൾ

1885 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പ് ഗുരുവായൂർ മണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## ഹെൽത്തി കിഡ്സ് പ്രോഗ്രാം

1886 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം സ്കൂളുകളിലാണ് നിലവിൽ ഹെൽത്തി കിഡ്സ് പ്രോഗ്രാം നടപ്പിലാക്കിയിട്ടുള്ളത്; ഇനിയും ഏതെല്ലാം സ്കൂളുകളിലേക്കാണ് ഈ പദ്ധതി പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നത്;വിശദമാക്കാമോ ?

## ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

1887 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ കളിക്കളം നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്ത പ്രവൃത്തി ഏതാണ്;

(ബി) പ്രസ്തുത പ്രവത്തിയുടെ ആകെ അടങ്കൽ തുക എത്രയാണ്; ഇതിൽ എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും എത്ര രൂപ അനുവദിച്ചിട്ടുണ്ട്;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഭരണാനുമതി സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പ്രവൃത്തികൾ പൂർത്തീകരിക്കാനാവുമെന്നും വ്യക്തമാക്കാമോ?

## ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

1888 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതി പ്രകാരം നടപ്പാക്കുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) ഏറനാട് മണ്ഡലത്തിലെ അരീക്കോട് സ്റ്റേഡിയം നവീകരണത്തിനായി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## ഒരു സ്കൂൾ ഒരു ഗെയിം പദ്ധതി

1889 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ 'ഒരു സ്കൂൾ ഒരു ഗെയിം' പദ്ധതി നടപ്പിലാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ആദ്യഘട്ടമായി ഏതെല്ലാം സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിലേക്ക് സ്കൂളുകളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

## ഒരു സ്കൂൾ ഒരു ഗെയിം പദ്ധതി

1890 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന 'ഒരു സ്കൂൾ ഒരു ഗെയിം' പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; പട്ടാമ്പി മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത സ്കൂളിന്റെ പേരുവിവരം നൽകാമോ;

(സി) ഈ പദ്ധതി പ്രകാരം ഒരു സ്കൂളിന് എത്ര രൂപയാണ് അനുവദിക്കുന്നത്; പദ്ധതിയുടെ നടത്തിപ്പ് ചുമതല നൽകിയിട്ടുള്ള ഏജൻസിയുടെ പേര് വിവരം നൽകാമോ;

(ഡി) ജനുവരിയിൽ നടന്ന കായിക ഉച്ചകോടിയുടെ വിശദാംശം അറിയിക്കാമോ?

## ഖേലോ ഇന്ത്യ പദ്ധതികൾ

1891 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ഖേലോ ഇന്ത്യ പദ്ധതി പ്രകാരം ഏതെങ്കിലും പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) ഖേലോ ഇന്ത്യ പദ്ധതി പ്രകാരം അവസാനം അംഗീകാരം ലഭിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ;

(സി) നിലവിൽ ഖേലോ ഇന്ത്യ പദ്ധതി പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തെ പതിനാല് ജില്ലകളിലും ഖേലോ ഇന്ത്യ പദ്ധതി പ്രകാരം കൂടുതൽ കളി സ്ഥലവും സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## സ്പോർട്സ് ടർഫുകളുടെ നിയന്ത്രണം

1892 **ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സ്പോർട്സ് ടർഫുകളുടെ നിയന്ത്രണത്തിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ടർഫുകളിൽ നിന്നുള്ള തീവ്ര ശബ്ദം, അതിശക്തമായ പ്രകാശം, സമയക്രമമില്ലാതെ ഇരുപത്തിനാലുമണിക്കൂർ പ്രവർത്തനം എന്നിവ മൂലം പരിസരവാസികൾക്ക് നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ടർഫുകളുടെ പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

**കായിക വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**

1893 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ വകുപ്പിന്റെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ വകുപ്പിന്റെ എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളതെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

**ജി.എച്ച്.എസ്.എസ്. തോലന്നൂർ ഗ്രൗണ്ട് നവീകരണം**

1894 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. തോലന്നൂർ ഗ്രൗണ്ട് നവീകരണം (രണ്ടു കോടി രൂപ) പ്രവൃത്തി നിലവിൽ ഏതുഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

**മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

1895 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ തൽസ്ഥിതിയും വിശദമാക്കുമോ?

**കായികവകുപ്പ് ഡയറക്ടറേറ്റിലെ ഡിജിറ്റൽ സേവനങ്ങൾ**

1896 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികവകുപ്പ് ഡയറക്ടറേറ്റിലെ ഡിജിറ്റൽ സേവനങ്ങൾക്കായി ഏതെങ്കിലും ഏജൻസികൾക്ക് കരാർ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എന്തൊക്കെ ഡിജിറ്റൽ സേവനങ്ങൾക്കാണ് പ്രസ്തുത കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും ഒരു വർഷത്തേക്ക് എത്ര രൂപയാണ് ഇതിനായി ചെലവഴിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിച്ചവർക്ക് ഡിജിറ്റൽ മേഖലയിൽ പരിശീലനം നൽകി ഇപ്രകാരമുള്ള ഡിജിറ്റൽ സേവനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ?

**പി.ആർ. ശ്രീജേഷിന് തലസ്ഥാനത്ത് ഒരുക്കിയ സ്വീകരണ ചടങ്ങ്**

1897 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിസ് ഒളിമ്പിക്സിൽ മെഡൽ നേടിയ മലയാളി താരം പി.ആർ. ശ്രീജേഷിന് നൽകാൻ നിശ്ചയിച്ച സ്വീകരണ ചടങ്ങ് മാറ്റിവച്ചതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ശ്രീജേഷിന് പാരിതോഷികമായി എത്ര തുകയാണ് പ്രഖ്യാപിച്ചത്; എന്നായിരുന്നു പ്രസ്തുത പ്രഖ്യാപനം; ഈ തുക അദ്ദേഹത്തിന് കൈമാറിയത് എന്നാണ് ;വിശദമാക്കുമോ?

## സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗം

1898 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ആവശ്യത്തിന് സാങ്കേതികവിഭാഗം ഉദ്യോഗസ്ഥർ ഇല്ലാത്തത് കാരണം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മണ്ഡലത്തിലെ കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെയും പുറമേരി ഇൻഡോർ സ്റ്റേഡിയത്തിന്റെയും പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരൊക്കെയെന്ന്, അവരെ ബന്ധപ്പെടേണ്ട ഫോൺ നമ്പർ സഹിതം അറിയിക്കാമോ?

## ചായോത്ത് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ സ്പോർട്സ് അക്കാദമി

1899 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചായോത്ത് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ കായിക വകുപ്പിന് കീഴിൽ സ്പോർട്സ് അക്കാദമി ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## പടലിക്കാട് ജി.എൽ.പി.എസ്. ഗ്രൗണ്ട് നവീകരണം

1900 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്ന് ഒരു കോടി രൂപ അനുവദിച്ച് സ്പോർട്സ് കേരള ഫൗണ്ടേഷൻ നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ പടലിക്കാട് ജി.എൽ.പി.എസ്. ഗ്രൗണ്ട് നവീകരണം പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഈ പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം നിർമ്മാണ, നവീകരണ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

## എസ്.എം.എം. ഹയർ സെക്കണ്ടറി സ്കൂൾ പഴമ്പാലക്കോട് ഗ്രൗണ്ട് നവീകരണ പ്രവൃത്തി

1901 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 ബജറ്റിൽ ഉൾപ്പെടുത്തിയ എസ്.എം.എം. ഹയർ സെക്കണ്ടറി സ്കൂൾ പഴമ്പാലക്കോട് ഗ്രൗണ്ട് നവീകരണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## കായിക വകുപ്പ് ഡയറക്ടറേറ്റിലെ ഡിജിറ്റൽ സേവനങ്ങൾ

1902 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പ് ഡയറക്ടറേറ്റിൽ ഡിജിറ്റൽ സേവനങ്ങൾക്കായി ഏതെങ്കിലും ഏജൻസികൾക്ക് കരാർ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എന്തൊക്കെ ഡിജിറ്റൽ സേവനങ്ങളാണ് കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും ഒരു വർഷത്തേക്ക് എത്ര രൂപയാണ് ഇതിനായി ചെലവഴിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിച്ചുവരുന്നവർക്ക് ഡിജിറ്റൽ മേഖലയിൽ പരിശീലനം നൽകി ഇപ്രകാരം ഡിജിറ്റൽ സേവനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നത് പരിഗണിക്കുമോ?

## പുതുക്കോട് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നവീകരണം

1903 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 ബജറ്റിൽ ഉൾപ്പെടുത്തിയ പുതുക്കോട് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നവീകരണ പ്രവൃത്തി നിലവിൽ ഏതുഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

## ഓപ്പൺ ജിം

1904 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പൺ ജിം ആരംഭിക്കുന്നതിന് അവലംബിച്ചുവരുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) 'ഓപ്പൺ ജിംനേഷ്യം' എവിടെയെല്ലാം ആരംഭിക്കുന്നതിനാണ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്; വിശദാംശം നൽകുമോ;

(സി) വകുപ്പിന് കീഴിൽ എവിടെയെങ്കിലും നിലവിൽ ഓപ്പൺ ജിം സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) കായിക സംസ്കാരം വളർത്തിയെടുക്കുന്നതിന് ഏറെ സഹായകരമായ ഓപ്പൺ ജിം സാധ്യമായ ഇടങ്ങളിലെല്ലാം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സ്പോർട്സ് കേരള ഫൗണ്ടേഷൻ

1905 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കേരള ഫൗണ്ടേഷന്റെ (എസ്.കെ.എഫ്.) എൻജിനീയറിങ് വിഭാഗത്തിലും ഓപ്പറേഷൻ വിഭാഗത്തിലുമായി എത്ര ജീവനക്കാർ ജോലി ചെയ്ത് വരുന്നുണ്ടെന്നുള്ള വിവരം തസ്തിക തിരിച്ച് നൽകുമോ;

(ബി) സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപീകരിച്ചതിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; ഇതുവരെ കൈവരിക്കാൻ കഴിഞ്ഞ പുരോഗതി സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) എസ്.കെ.എഫ്. ന്റെ നിലവിലുള്ള ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) എസ്.കെ.എഫ്.-ന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും ഉതകുന്ന വിധത്തിൽ ചെറുതും വലുതുമായ കൂടുതൽ സ്റ്റേഡിയങ്ങളുടെ മെയിന്റനൻസും പരിപാലനവും ഏറ്റെടുക്കുന്നതിന് എസ്.കെ.എഫ്. നടപടികൾ സ്വീകരിക്കുമോ;

(ഇ) എസ്.കെ.എഫ്. ഏറ്റെടുത്ത വർക്കുകൾ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും വളരെയധികം കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

## <u>കേരള ജൂഡോ അസോസിയേഷൻ ഭാരവാഹികൾക്കെതിരെയുള്ള പരാതി</u>

1906 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സ് കൗൺസിലിനു കീഴിൽ പരിശീലനം നടത്തുന്ന പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട പെൺകുട്ടികളെ കേരള ജൂഡോ അസോസിയേഷൻ ഭാരവാഹികൾ ലൈംഗിക പീഡനം അടക്കം പലതരത്തിലുള്ള ചൂഷണങ്ങൾക്ക് ഇരയാക്കുന്നു എന്ന് കാണിച്ച് ബാബു കെ.പി, ദൈവകൃപ, എ.വി.എച്ച്.എസ്. തഴവ എന്ന വ്യക്തി കേരള സ്പോർട്സ് കൗൺസിൽ മുഖേനയും കായികയുവജനകാര്യാലയം മുമ്പാകെയും നല്കിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പരാതിയുമായി ബന്ധപ്പെട്ട് അന്വേഷണം നടത്താൻ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ഏതെങ്കിലും അന്വേഷണ കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത പരാതി പോക്സോ കേസിന്റെ പരിധിയിൽ വരുന്നതാണോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ലൈംഗിക ചൂഷണമടക്കമുള്ള ഗുരുതര ആരോപണങ്ങളടങ്ങുന്ന പ്രസ്തുത പരാതി പോലീസിന് കൈമാറുന്നതിന് പകരം ഇത്തരത്തിലുള്ള അന്വേഷണ കമ്മീഷനെ വച്ച് അന്വേഷണം നടത്തുവാൻ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് അധികാരമുണ്ടോ; വിശദമാക്കുമോ;

(ഇ) പ്രസ്തുത പരാതി അന്വേഷണ നടപടികൾക്കായി കേരള പോലീസിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; ഇല്ലെങ്കിൽ നാളിതുവരെ ഈ പരാതി പോലീസിന് കൈമാറാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത പരാതി പോലീസിന് കൈമാറി കൃത്യമായ അന്വേഷണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

**കേരള സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയ സ്പോർട്സ് അസോസിയേഷനുകൾ**

1907 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സ് കൗൺസിൽ നാളിതുവരെ അംഗീകാരം നൽകിയ സ്പോർട്സ് അസോസിയേഷനുകൾ എതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ പ്രസ്തുത അസോസിയേഷനുകളിൽ ഏതെങ്കിലും അസോസിയേഷനുകൾക്ക് അംഗീകാരം റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ അസോസിയേഷന്റെ പേരും അംഗീകാരം റദ്ദാക്കാനുള്ള കാരണവും വ്യക്തമാക്കാമോ;

(സി) അംഗീകാരം നഷ്ടപ്പെട്ട അസോസിയേഷനുകൾ മത്സരങ്ങൾ സംഘടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**കാഞ്ഞിരപ്പള്ളി കുന്നംഭാഗം സ്പോർട്സ് സ്കൂൾ പദ്ധതി**

1908 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ കാഞ്ഞിരപ്പള്ളി കുന്നംഭാഗം സ്പോർട്സ് സ്കൂൾ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ;

(സി) പദ്ധതിയുടെ അന്തിമ അംഗീകാരം ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്രയും വേഗം പരിഹാരം കണ്ടെത്തി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്താമോ?

**അരുവിക്കര ജി.വി. രാജ സ്പോർട്സ് സ്കൂൾ നിർമ്മാണ പ്രവർത്തനങ്ങൾ**

1909 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര ജി.വി. രാജ സ്പോർട്സ് സ്കൂളിന് റവന്യൂ വകുപ്പിൽ നിന്നും 21.08.2023-ലെ ജി.ഒ. (ആർ ടി ) 198/2023/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം കൈമാറിയ 1.17.70 ഹെക്ടർ ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം ഹോസ്റ്റലിന്റെയും ഇൻഡോർ സ്റ്റേഡിയത്തിന്റെയും നവീകരണം**

1910 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം ഹോസ്റ്റലിന്റെയും ഇൻഡോർ സ്റ്റേഡിയത്തിന്റെയും നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മട്ടന്നൂർ മണ്ഡലത്തിലെ സ്പോർട്സ് കോംപ്ലക്സ് പദ്ധതി

1911 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ സ്പോർട്സ് കോംപ്ലക്സ് പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(ബി) പടിയൂർ ഗ്രാമപഞ്ചായത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം എന്ന പദ്ധതിയുടെ ഭാഗമായി ലഭിച്ച കളി സ്ഥലത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

## കാവശ്ശേരി കെ.സി.പി. ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ട് നവീകരണ പ്രവൃത്തി

1912 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 ബജറ്റിൽ ഉൾപ്പെടുത്തിയ കാവശ്ശേരി കെ.സി.പി. ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിന്റെ നവീകരണ പ്രവൃത്തി നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി

1913 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) ചെറുവാഞ്ചേരി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

## കാസർഗോഡ് മുൻസിപ്പൽ സ്റ്റേഡിയം

1914 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മുൻസിപ്പൽ സ്റ്റേഡിയം നവീകരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഈ സ്റ്റേഡിയം നവീകരിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതു വർഷത്തെ ബജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയതെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ;

(സി) ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിച്ച് പ്രവൃത്തി നടപ്പാക്കാൻ എന്തൊക്കെ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ബജറ്റിൽ തുക വകയിരുത്തിയിട്ടും പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് നഗരസഭയിൽ പിങ്ക് സ്റ്റേഡിയം നിർമ്മിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള ചർച്ചയോ സ്ഥലപരിശോധനയോ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## സ്റ്റേഡിയങ്ങളുടെ നിർമ്മാണം

1915 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ് വകുപ്പിന് കീഴിൽ കിഫ്ബി വഴി എത്ര ജില്ലാ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും എത്ര സ്റ്റേഡിയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) സ്റ്റേഡിയങ്ങളുടെ നടത്തിപ്പും നിയന്ത്രണവും കാര്യക്ഷമമാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

## അമ്പലപ്പുഴ മണ്ഡലത്തിലെ സ്റ്റേഡിയങ്ങൾ

1916 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ ഇ.എം.എസ്. സ്റ്റേഡിയം, ഇൻഡോർ സ്റ്റേഡിയം (മെഡിക്കൽ കോളേജ്) എന്നീ പദ്ധതികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വ്യക്തമാക്കാമോ?

## ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

1917 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയിൽ ഉൾപ്പെടുത്തിയ ബാലുശ്ശേരി മണ്ഡലത്തിലെ കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നവീകരിക്കുന്നതിനായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ ട്രാക്ക് ആന്റ് ഫീൽഡ് നിർമ്മാണം

1918 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ നിലവിലുള്ള കളിസ്ഥലം വിപുലീകരിച്ച് ഒരു സ്റ്റാൻഡേർഡ് ട്രാക്ക് ആന്റ് ഫീൽഡ് നിമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മലപ്പുറം ഗവ.കോളേജിലെ കായിക മേഖല

1919 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ആദ്യത്തെ സർക്കാർ കോളേജായ മലപ്പുറം മുണ്ടുപറമ്പ് ഗവണ്മെന്റ് കോളേജിൽ കായിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി സമർപ്പിച്ച ഏഴുകോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കോളേജിൽ ഇൻഡോർ സ്റ്റേഡിയവും ഓപ്പൺ ജിംനേഷ്യവും അനുവദിക്കുന്നത് ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് എം.എൽ.എ. യുടെ പി.യു/62/23/എസ്.പി.ഒ/എം.പി.എം. നമ്പർ കത്തിന്മേൽ (ഫയൽ നം 7692222/2023/എം. (എം. ഡബ്ല്യൂ.എസ് &ഡബ്ല്യൂ) ) നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) നിരവധി കായിക താരങ്ങളെ രാജ്യത്തിന് സമ്മാനിച്ച പ്രസ്തുത കോളേജിൽ കായിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

## പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണം

1920 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന്റെ അവശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം

1921 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 1.5 കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം എന്തെല്ലാം നിർമ്മാണ, നവീകരണ പ്രവൃത്തികളാണ് നടത്തുവാൻ വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കാമോ?

## തിരുവമ്പാടി സ്റ്റേഡിയം

1922 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന തിരുവമ്പാടി മണ്ഡലത്തിലെ മുക്കം മാമ്പറ്റ സ്റ്റേഡിയത്തിന്റെ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## <u>പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം</u>

1923 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണത്തിന്റെ എസ്.പി.വി. ആയി സംസ്ഥാന കായിക വകുപ്പിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപ്പിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണ പദ്ധതി പുനരാരംഭിക്കാൻ ആവശ്യമായ നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതി എപ്പോൾ റീ-ടെണ്ടർ ചെയ്ത് പുനരാരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

## <u>കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം</u>

1924 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിശ്ചയിച്ചിട്ടുള്ള കേരള ഇൻഡസ്ട്രിയൽ ആൻഡ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷന്റെ ഭാഗത്തു നിന്നുണ്ടായിട്ടുള്ള ഗുരുതര വീഴ്ചകൾ ഗൗരവപൂർവ്വം പരിശോധിക്കുമോ;

(സി) സാങ്കേതിക തടസ്സങ്ങൾ നീക്കി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>സ്റ്റേഡിയങ്ങളുടെ മെയിന്റനൻസും പരിപാലനവും</u>

1925 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക വകുപ്പിന്റെയും ഇതര വകുപ്പുകളുടെയും കീഴിലുള്ള സ്റ്റേഡിയങ്ങളുടെ മെയിന്റനൻസിനും പരിപാലനത്തിനും നടത്തിപ്പിനുമായി രൂപീകരിച്ച സ്പോർട്സ് കേരള ഫൗണ്ടേഷൻ (എസ്.കെ.എഫ്.) നിലവിൽ എന്തൊക്കെ ചുമതലകളാണ് നിർവ്വഹിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എസ്.കെ.എഫ്. ഏറ്റെടുത്ത് അറ്റകുറ്റപ്പണിയും നടത്തിപ്പും നിർവ്വഹിച്ചുവരുന്ന എത്ര സ്റ്റേഡിയങ്ങളുണ്ടെന്ന് അറിയിക്കുമോ;

(സി) സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണിക്കും നടത്തിപ്പിനുമായി നിലവിൽ എത്ര ജീവനക്കാരാണ് എസ്.കെ.എഫ്.- ൽ ജോലി ചെയ്യുവരുന്നതെന്ന് വിശദമാക്കുമോ?

**വയക്കര ഇൻഡോർ സ്റ്റേഡിയം നിർമ്മാണം**

1926 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ വയക്കര ഇൻഡോർ സ്റ്റേഡിയം, ചുണ്ട ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ട് നിർമ്മാണം എന്നീ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണ് എന്ന് വിശദമാക്കാമോ?

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

1927 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയിൽ ഉൾപ്പെട്ട ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം പഞ്ചായത്തിലെ പെരികുന്നം ജി.എൽ.പി.എസ്. കളിക്കളം നിർമ്മാണപദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കളിക്കളത്തിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**കുന്നുമ്മൽ വോളിബോൾ അക്കാദമി, പുറമേരി ഇൻഡോർ സ്റ്റേഡിയം പ്രവൃത്തികൾ**

1928 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം ബജറ്റിൽ ഉൾപ്പെടുത്തിയ കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെയും പുറമേരി ഇൻഡോർ സ്റ്റേഡിയത്തിന്റെയും പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തികൾ എന്നാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ;

(ബി) കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെ ഒന്നാം ഘട്ടത്തിനായി അനുവദിക്കപ്പെട്ട ഒരു കോടി രൂപയുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

**ചെറുവാടി സ്റ്റേഡിയം നിർമ്മാണം**

1929 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊടിയത്തൂർ പഞ്ചായത്തിലെ ചെറുവാടി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

## ആലപ്പുഴ മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണം

1930 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ ഉൾപ്പെടുത്തിയതും ആലപ്പുഴ മണ്ഡലത്തിൽ നിർമ്മാണം നടന്നുവരുന്നതുമായ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ തടസ്സം കൂടാതെ നടത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് പാർട്ട് ബില്ലുകൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

## എൻമകജെ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം

1931 **ശ്രീ. എ. കെ. എം. അഷ്‌റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 ബജറ്റിൽ ഉൾപ്പെട്ട എൻമകജെ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തി നിലവിൽ പദ്ധതി നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

## ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയത്തിന്റെ നിർമ്മാണം

1932 **ശ്രീ വി ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയം നവീകരിക്കുന്നതിന് പദ്ധതി

1933 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ബാലുശ്ശേരി സ്റ്റേഡിയം നവീകരണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## അത്‌ലറ്റിക് ട്രെയ്നറുടെ പുനർനിയമനം

1934 **ശ്രീ പി എസ് സുപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്‌ലറ്റിക് ട്രെയ്നറുടെ പുനർനിയമനം സംബന്ധിച്ച് പുനലൂർ മണ്ഡലത്തിലെ അഞ്ചൽ കോളേജ് മാനേജ്‌മെൻറ്, സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ;

(ബി) അഞ്ചൽ കോളേജിന് 2014-15 അദ്ധ്യയന വർഷത്തിൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അനുവദിച്ചു നൽകിയിരുന്ന ഡേ- ബോർഡിങ് സ്കീമും ഒരു അത്‌ലറ്റിക് ട്രെയ്നറുടെ സേവനവും 2023 ഏപ്രിൽ മുതൽ പിൻവലിച്ചുവെങ്കിലും, പ്രസ്തുത കോളേജിൽ ഇപ്പോഴും കുട്ടികളെ പരിശീലിപ്പിച്ചു വരുന്ന അത്‌ലറ്റിക് ട്രെയ്നറെ പുനർ നിയമിച്ചു നൽകുന്നതിന് വേണ്ട ഇടപെടൽ ഉണ്ടാകുമോ; വിശദമാക്കാമോ?

## <u>വഖഫ് ഭേദഗതി ബിൽ</u>

1935 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ കൊണ്ട് വന്ന വഖഫ് ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിച്ചതും അതിന് വേണ്ടി സംയുക്ത പാർലമെന്ററി സമിതി രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നതും ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഈ ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(ബി) ബില്ലിലെ പുതിയ ഭേദഗതി നിർദ്ദേശങ്ങൾ സംബന്ധിച്ച് സർക്കാറിന്റെ നിലപാടുകൾ പാർലമെന്ററി സമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ പകർപ്പ് സഹിതം ലഭ്യമാക്കുമോ?

## <u>ശബരി റെയിൽപാത</u>

1936 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ശബരി റെയിൽപാത നിർമ്മാണത്തിനായി കേന്ദ്രത്തിന്റെ പലിശരഹിത വായ്പക്കായി സംസ്ഥാനം അപേക്ഷ നൽകിയിട്ടുണ്ടോ; അതിന്മേൽ കേന്ദ്രം എന്തു തീരുമാനമാണ് അറിയിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ കേന്ദ്രസർക്കാറുമായി ഉന്നതതല ചർച്ചകൾ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ഡി) ശബരി റെയിൽപാത യാഥാർഥ്യമാക്കുന്നതിലേക്കായി മറ്റെന്തെല്ലാം കർമ്മപദ്ധതികളാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>അങ്കമാലി-ശബരി റെയിൽ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ്</u>

1937 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. എ. രാജ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്കും മലയോര മേഖലയ്ക്കും വലിയ നേട്ടമുണ്ടാക്കുന്ന അങ്കമാലി-ശബരി റെയിൽ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് പുതുക്കിയ ഡി.പി.ആർ. പ്രകാരം പദ്ധതി ചെലവ് കണക്കാക്കിയിട്ടുണ്ടോ; പദ്ധതി ചെലവിന്റെ അൻപത് ശതമാനം സംസ്ഥാനം വഹിക്കാമെന്ന് കേന്ദ്രത്തിന് ഉറപ്പു നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി കേന്ദ്ര റെയിൽവേ വകുപ്പിന്റെ അടിയന്തര ഇടപെടലിനായി സംസ്ഥാന സർക്കാർ നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## മൃഗങ്ങളിലെ രോഗപ്രതിരോധം

1938 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർത്തു മൃഗങ്ങളിൽ കണ്ടുവരുന്ന രോഗങ്ങൾ പ്രതിരോധിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ ;

(ബി) കന്നുകാലികൾക്കുണ്ടാകുന്ന രോഗങ്ങൾ ചികിത്സിക്കാൻ കർഷകരുടെ വീടുകളിലെത്തി പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

## മൃഗസംരക്ഷണ വകുപ്പ് ഗുരുവായൂർ മണ്ഡലത്തിൽ അനുവദിച്ച തുക

1939 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് 2021 മുതൽ 2024 വരെ ഗുരുവായൂർ മണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

## അനിമൽ ബർത്ത് കൺട്രോൾ പദ്ധതി

1940 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഇതുവരെ ഓരോ സാമ്പത്തിക വർഷവും മൃഗസംരക്ഷണ വകുപ്പിന് ബജറ്റിൽ വകയിരുത്തിയ തുകയും അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള അനിമൽ ബർത്ത് കൺട്രോൾ പദ്ധതി നടപ്പാക്കുന്നതിൽ മൃഗസംരക്ഷണ വകുപ്പിന് എന്തൊക്കെ ചുമതലകളാണ് ഉള്ളത്; പ്രസ്തുത ചുമതലകൾ നിറവേറ്റുന്നതിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ; തദ്ദേശസ്വയംഭരണ വകുപ്പുമായി ഫലപ്രദമായ ഏകോപനത്തിലൂടെ

പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**ഇരിക്കൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

1941 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് ഏതെല്ലാം പദ്ധതികളാണ് 2021-22 മുതൽ നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയുടെ വിശദാംശം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വിശദമാക്കുമോ?

**മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ**

1942 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത സ്ഥാപനങ്ങളുടെ അടിസ്ഥാന വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ഓരോന്നിനും ചെലവാക്കിയ തുക എത്രയെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിന് കീഴിൽ പാലോട് പ്രവർത്തിക്കുന്ന സിയാദ് (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ്) എന്ന സ്ഥാപനത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

**കുട്ടനാട്ടിലെ താറാവ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

1943 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ താറാവ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പക്ഷിപ്പനി മൂലം താറാവുകൾ കൂട്ടത്തോടെ ചത്തൊടുങ്ങിയ കേസുകളിൽ നഷ്ടപരിഹാരം യഥാസമയം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**കറുകച്ചാൽ, നെടുങ്കുന്നം വെറ്ററിനറി ആശുപത്രികൾക്ക് പുതിയ കെട്ടിടം**

1944 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കറുകച്ചാൽ, നെടുങ്കുന്നം വെറ്ററിനറി ആശുപത്രികളുടെ പുതിയ കെട്ടിട നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇതിനായി ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്നും തുക എത്രയാണെന്നും അറിയിക്കാമോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്നും എന്നത്തേക്ക് അനുമതി

നല്ലാനാകുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തരമായി അനുമതി ലഭ്യമാക്കാമോ?

**വെറ്ററിനറി ആശുപത്രികൾ സ്മാർട്ട് ആക്കുന്നതിന് നടപടി**

1945 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വെറ്ററിനറി ആശുപത്രികൾ സ്മാർട്ട് ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതു മുഖേന എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് അധികമായി പൊതുജനങ്ങൾക്ക് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തിക**

1946 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിന്റെ 11/07/2024 ലെ എ.എച്ച്.ഡി./1457/2024-കെ2 നമ്പർ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികയിൽ നിന്നും ഫീൽഡ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയതിലൂടെ ഉണ്ടായ ഒഴിവുകളിലേക്ക് താഴ്ന്ന തസ്തികകൾ ആയ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 1, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികളിലേക്കുള്ള സ്ഥാനക്കയറ്റം വേഗത്തിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ആനുപാതിക സ്ഥാനകയറ്റ ഉത്തരവ് എന്ന് പ്രസിദ്ധീകരിക്കും എന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം ആനുപാതികമായി സ്ഥാനക്കയറ്റം നടത്തുമ്പോൾ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ ഓരോ ജില്ലയിലും ഉണ്ടാവുന്ന സ്ഥാനകയറ്റ ഒഴിവുകൾ എത്ര എന്ന് വ്യക്തമാക്കാമോ;

(സി) മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയുടെ സ്ഥാനകയറ്റം പ്രസിദ്ധീകരിച്ച 05/07/2024 ലെ എ.എച്ച്.ഡി./1789/2024-കെ4 Part (1) നമ്പർ ഉത്തരവ് വന്നതിന് ശേഷം ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികകൾ ആയ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികളിൽ നിന്നും 25/09/2024 വരെ എത്ര ജീവനക്കാർ ആണ് വിരമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഒ.എ(ഇ)212/2024 & 735/2024 നമ്പർ കേസുകളിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 26/06/2024 ലെ അന്തിമ ഉത്തരവ് പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതു എന്ന് നടപ്പിൽ വരും എന്ന് വ്യക്തമാക്കാമോ;

(ഇ) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയുടെ നിയമനം സംസ്ഥാനതലത്തിൽ ആക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന്

വ്യക്തമാക്കാമോ;

(എഫ്) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയുടെ യോഗ്യതയിൽ നിലവിലുള്ള വി.എച്ച്.എസ് .ഇ കോഴ്സ് ആയ ലൈവ്സ്റ്റോക്ക് മാനേജ്മെന്റിനോടൊപ്പം എൻ.എസ്.ക്യൂ.എഫ്-ന്റെ ഭാഗമായി പേര് മാറിയ വി.എച്ച്.എസ്.ഇ കോഴ്സ് കൾ ആയ ഡി.എഫ്.ഇ. & എസ്.പി.എഫ്. എന്നിവ ഉൾപ്പെടുത്താൻ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## മട്ടന്നൂർ മണ്ഡലത്തിൽ പ്രകൃതിദുരന്തത്തിൽ വളർത്തുമൃഗങ്ങൾ നഷ്ടമായവർക്ക് സഹായം

1947 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കണ്ണവം വനമേഖലയിലുണ്ടായ ഉരുൾപൊട്ടലിന്റെ ഭാഗമായി മട്ടന്നൂർ മണ്ഡലത്തിലെ വിവിധ തദ്ദേശസ്ഥാപനങ്ങളിൽ വലിയ നാശനഷ്ടം ഉണ്ടാവുകയും അനവധി കന്നുകാലികൾ ഉൾപ്പെടെയുള്ള വളർത്തുമൃഗങ്ങൾ നഷ്ടമാവുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ദുരന്തത്തെ നേരിടുന്നതിന് മൃഗസംരക്ഷണ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) വളർത്തുമൃഗങ്ങളും മറ്റും നഷ്ടപ്പെട്ട കർഷകർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) കന്നുകാലി കർഷകർ ഉൾപ്പെടെയുള്ളവരെ സഹായിക്കുന്നതിന് പ്രത്യേക പാക്കേജ് പരിഗണിക്കുമോ; വിശദാംശം നൽകാമോ ?

## സുവോളജി ബിരുദ/ ബിരുദാനന്തര ബിരുദധാരികൾക്കുള്ള തൊഴിൽ സാദ്ധ്യത

1948 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനിമൽ ഹസ്ബന്ററി വകുപ്പിലും മറ്റ് ഇതര വകുപ്പുകളിലും സുവോളജി ബിരുദ/ബിരുദാനന്തര ബിരുദധാരികൾക്കുള്ള തൊഴിൽ സാദ്ധ്യത നഷ്ടപ്പെട്ട് ഇവർ മറ്റ് സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത ബിരുദ/ബിരുദാനന്തരബിരുദധാരികൾക്ക് നിലവിൽ എന്തെല്ലാം തൊഴിൽ സാദ്ധ്യതകളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ?

## പാലുല്പാദനത്തിൽ സ്വയംപര്യാപ്തത

1949 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ എം നൗഷാദ്**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(ബി) ഇതിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(സി) പശുക്കുട്ടിയുടെ ജനനം മുതൽ പരിപാലനത്തിനും വളർച്ചയ്ക്കും ഉതകുന്ന തരത്തിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പാലിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ?

## ക്ഷീര ഗ്രാമം പദ്ധതി

1950 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ക്ഷീര ഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ക്ഷീര ഗ്രാമം പദ്ധതി

1951 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് ക്ഷീര ഗ്രാമം പദ്ധതിയിൽ നാളിതുവരെ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അതിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികളാണ് ഓരോ പഞ്ചായത്തിലും നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ?

## ക്ഷീരോത്പാദക രംഗത്ത് മോഡൽ ഫാമുകൾ ആരംഭിക്കാൻ നടപടി

1952 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരോത്പാദക രംഗത്ത് ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി മോഡൽ ഫാമുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ക്ഷീര കർഷകർക്കായുള്ള വികസനപദ്ധതികൾ

1953 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായികാടിസ്ഥാനത്തിൽ ഡയറിഫാം നടത്തുന്ന ക്ഷീര കർഷകർക്കായി സർക്കാർ എന്തെല്ലാം വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) വ്യാവസായികാടിസ്ഥാനത്തിൽ എത്ര ഡയറി ഫാം പ്രവർത്തിച്ച് വരുന്നുണ്ടെന്നുള്ള കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഈ ഡയറി ഫാമുകളിൽ ഏതെല്ലാം ഇനത്തിലെ പശുക്കളാണ് കൂടുതലായി കണ്ടു വരുന്നതെന്ന് വിശദമാക്കാമോ?

## ക്ഷീരകർഷകർക്കുള്ള പദ്ധതികൾ

1954 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തിൽ ക്ഷീരകർഷകർക്കായി നടപ്പിലാക്കി വരുന്നതും ഇനി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ</u>**

1955 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) പാലുൽപാദനത്തിന്റെ പ്രോത്സാഹനത്തിനായി കാസർഗോഡ് ജില്ലയിൽ 2021 മുതൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും വിതരണവും പ്രോത്സാഹിപ്പിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

**<u>പാലുല്പാദനത്തിന്റെ വളർച്ചയ്ക്ക് സ്വീകരിച്ചിട്ടുള്ള നടപടി</u>**

1956 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? ഇ?

**<u>കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലെ ജീവനക്കാരുടെ ഒഴിവുകൾ</u>**

1957 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിൽ ജീവനക്കാരുടെ എത്ര സ്ഥിരം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലെ ഏതെല്ലാം തസ്തികകളിലേക്കാണ് പി.എസ്.സി. വഴി നിയമനം നടത്തുന്നതെന്ന് അറിയിക്കുമോ; നാളിതുവരെ ഏതെല്ലാം തസ്തികകളിലായി എത്ര നിയമനം പി.എസ്.സി. വഴി നടന്നിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**<u>ക്ഷീര വികസന വകുപ്പ് മുഖേന നടത്തിയ പാൽ പരിശോധന</u>**

1958 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മായം കലർന്ന പാലും പാലുല്പന്നങ്ങളും പിടിച്ചെടുത്ത് ലാബിൽ പരിശോധന നടത്തി നടപടിയെടുക്കാനുള്ള അധികാരം ക്ഷീര വികസന വകുപ്പിന് കൂടി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വിശദീകരിക്കാമോ;

(സി) ക്ഷീര വികസന വകുപ്പ് ഓണക്കാലത്ത് ഊർജ്ജിത പാൽ പരിശോധന നടത്തിയിരുന്നോ; വിശദമാക്കാമോ;

(ഡി) ഇപ്രകാരം പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ സബ്-സ്റ്റാൻഡേർഡ് മിൽക്ക്, ഭക്ഷ്യയോഗ്യമല്ലാത്ത പാലുകൾ എന്നിവ കണ്ടെത്തിയിട്ടുണ്ടോ;ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച തുടർ നടപടി വിശദമാക്കാമോ?

## <u>ക്ഷീര സഹകരണ സംഘങ്ങൾ</u>

1959 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീര സഹകരണ സംഘങ്ങൾ മുഖേന സംഭരിക്കുന്ന പാലിന് നൽകുന്ന വില ലിറ്ററിന് എത്രയാണെന്ന് അറിയിക്കാമോ;

(ബി) ക്ഷീര കർഷകർക്ക് പാൽ വില നൽകുന്നതിൽ കുടിശ്ശികയുണ്ടോ എന്ന് അറിയിക്കാമോ; എങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മണലൂർ മണ്ഡലത്തിലെ താണവീഥി പാലുൽപ്പാദക സഹകരണ സംഘം വഴി സംഭരിച്ച പാൽ വില ക്ഷീര കർഷകർക്ക് നൽകുന്നതിൽ കുടിശ്ശികയായിട്ടുണ്ടോ എന്നും എത്ര രൂപ കുടിശ്ശികയുണ്ടെന്നും അറിയിക്കാമോ;

(ഡി) കുടിശ്ശികയുണ്ടെങ്കിൽ അത് എത്രയുംവേഗം കൊടുത്ത് തീർക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

## <u>സസ്പെൻഷനിലായിരുന്ന ഡീനിനെയും അസിസ്റ്റന്റ് വാർഡനെയും തിരികെ പ്രവേശിപ്പിച്ചത് സംബന്ധിച്ച്</u>

1960 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂക്കോട് വെറ്ററിനറി സർവകലാശാലയിൽ ആൾക്കൂട്ട മർദ്ദനത്തെ തുടർന്ന് മരണപ്പെട്ട സിദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായിരുന്ന ഡീനിനെയും അസിസ്റ്റന്റ് വാർഡനെയും സർവീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് സർവകലാശാല തീരുമാനമെടുക്കുകയുണ്ടായോ;

(ബി) ഇവരെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നത് തടഞ്ഞുകൊണ്ട് ചാൻസിലർ വൈസ്-ചാൻസിലർക്ക് കത്ത് നൽകിയിട്ടുണ്ടോ;

(സി) സിദ്ധാർത്ഥന്റെ മരണം സംബന്ധിച്ച് അന്വേഷണത്തിൽ ഇവരെ കുറ്റവിമുക്തരാക്കിയിട്ടുണ്ടോ; ഏതു സാഹചര്യത്തിലാണ് ഡീനിനെയും അസിസ്റ്റന്റ് വാർഡനെയും തിരിച്ചെടുക്കുന്നതിന് അധികൃതർ തീരുമാനമെടുത്തത്; വിശദമാക്കാമോ?

## <u>മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ</u>

1961 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; അത് എവിടെയെല്ലാം; വ്യക്തമാക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ കൂടുതൽ ബ്ലോക്ക് പഞ്ചായത്തുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
03-10-2024

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

**പ്രത്യേക ശ്രദ്ധയ്ക്ക്:**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].